بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

വാല്യം 8

ലക്കം 36

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadr.in

2023 സെപ്റ്റംബർ 7/ ഹി.ശം 1402 തബൂക്ക് 7/ ഹി:ഖ 1445 സഫർ 20

## അല്ലാഹുവിന്റെ വചനം

وَمَنۡ کَانَ
فِیۡ ہٰذِہٖۤ اَعۡمٰی
فَہُوَ فِی الۡاٰخِرَۃِ اَعۡمٰی
وَاَضَلُّ سَبِیۡلًا

വല്ലവനും ഈ ലോകത്ത് അന്ധനായിരുന്നാൽ അവൻ പരലോകത്തും അന്ധനായിരിക്കും. മാത്രമല്ല കൂടുതൽ വഴിപിഴച്ചവനുമായിരിക്കും.

(വിശുദ്ധ ഖുർആൻ 17:73)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്വ്റിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽ മുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലുമുണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ.

## തിരുനബിയുടെ തിരുമൊഴികൾ

**പണം കളഞ്ഞുകിട്ടിയാൽ**

(2426)ഉബയ്യ് ബിൻ കഅ്ബ്(റ)നിവേദനം. അദ്ദേഹം പറയുന്നു: നൂറു സ്വർണനാണയമുള്ള ഒരു സഞ്ചി എനിക്കു വീണുകിട്ടി. ഞാൻ അതുമായി നബി(സ)തിരുമേനിയെ സമീപിച്ചു. അവിടന്ന് പറഞ്ഞു:നീ അത് ഒരു കൊല്ലംവരെ പരസ്യം ചെയ്യുക. ഞാനങ്ങനെ ഒരു വർഷം പരസ്യം ചെയ്തുവെങ്കിലും അതിനെക്കുറിച്ചറിയുന്ന ഒരാളേയും കിട്ടിയില്ല. വീണ്ടും ഞാൻ നബി(സ)തിരുമേനിയുടെ അടുത്തുവന്നു.ഒരു കൊല്ലം കൂടി പരസ്യപ്പെടുത്താൻ അവിടന്ന് പറഞ്ഞു. ഞാനങ്ങനെ ചെയ്തു. ആരേയും കണ്ടുകിട്ടിയില്ല. മൂന്നാം പ്രാവശ്യവും ഞാൻ നബിയെ സമീപിച്ചു. അവിടന്ന് പറഞ്ഞു:നിങ്ങൾ അതിന്റെ പാത്രവും അതിലുള്ള സംഖ്യയുടെ എണ്ണവും അതു കെട്ടിയിരുന്ന കയറും സൂക്ഷിച്ചുവെക്കുക. ഉടമസ്ഥൻ വന്നെങ്കിൽ അവന് കൊടുത്തേക്കുക. വന്നില്ലെങ്കിൽ നിങ്ങൾത്തന്നെ എടുത്തു ഉപയോഗിച്ചുകൊള്ളുക. അങ്ങനെ ഞാനത് ഉപയോഗിച്ചു. പിന്നീട് മക്കയിൽ അതിന്റെ ഉമസ്ഥനെ എനിക്കുകിട്ടി.

ഹദ്റത്ത് സയ്യിദ് സയ്നുൽആബ്ദീൻ വലിയ്യുല്ലാഹ് ശാഹ് സാഹിബ്(റ)ഈ ഹദീഥിന്റെ വ്യാഖ്യാനത്തിൽ പറയുന്നു:പണമാണ് വീണുകിട്ടുന്നതെങ്കിൽ അതു സൂക്ഷിച്ചുവെക്കാൻ കഴിയുന്നതുകൊണ്ട് അതെടുക്കുന്ന ആളുടെ പക്കൽ ഉടമസ്ഥനെ കിട്ടുന്നതുവരെ അമാനത്ത് എന്ന നിലയിൽ വെക്കേണ്ടതാണ്. രണ്ടുവർഷത്തിനുശേഷം അദ്ദേഹത്തോടു നബി(സ)തിരുമേനി പറഞ്ഞു:അശ്റഫികളുടെ സഞ്ചിയും അതിന്റെ കയറും സൂക്ഷിച്ചുവെക്കുക. അതെണ്ണിത്തിട്ടപ്പെടുത്തുക. ഉടമസ്ഥൻ വരുന്ന കാലത്ത് സഞ്ചിയും കയറും തെളിഞ്ഞാൽ അത്രയും അശ്റഫി അയാൾക്ക് കൊടുക്കുക. ഈ കാലയളവിൽ ആ അശ്റഫി താങ്കൾക്ക് പ്രയോജനപ്പെടുത്താവുന്നതാണ്. അതുപയോഗിക്കാനുള്ള താൽക്കാലിക അനുവാദവും നബി(സ)തിരുമേനി അദ്ദേഹത്തിന് നല്കി. (സ്വഹീഹ് ബുഖാരി, വാള്യം 4, പ്രസാധനം 2008 ഖാദിയാൻ)

**എനിക്ക് വലിയ മനോവിഷമമുണ്ട്, അതായത് ജമാഅത്തിൽ ഒരു പരിശുദ്ധമാറ്റമുണ്ടാകേണ്ടതാണ്.**

നിങ്ങൾ നിങ്ങളുടെയുള്ളിൽ ഒരു മാറ്റമുണ്ടാക്കുകയും തികച്ചും പുതിയൊരു മനുഷ്യനായിത്തീരുകയും ചെയ്യുക. അതുകൊണ്ട് നിങ്ങളിൽ ഓരോരുത്തരുടേയും നിർബന്ധമായ കാര്യം ഈ രഹസ്യം മനസ്സിലാക്കുകയും താൻ വേറെയാളാണെന്ന് തനിക്ക് പറയാൻ കഴിയുമാറ് ആയിത്തീരുകയും ചെയ്യുക എന്നതാണ്.

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

എനിക്ക് വലിയ മനോവിഷമമുണ്ട്. അതായത് ജമാഅത്തിൽ ഒരു പരിശുദ്ധമാറ്റമുണ്ടാകേണ്ടതാണ്. എന്റെ മനസ്സിലുള്ള എന്റെ ജമാഅത്തിന്റെ പരിവർത്തനത്തിന്റെ ചിത്രം ഇപ്പോൾ ഉണ്ടായിട്ടില്ല. ഈ അവസ്ഥ കണ്ട്, ലഅല്ലക്ക ബാഖിഉൻനഫ്സക്ക അല്ലാ യക്കൂനൂ മുഅ്മിനീൻ(അവർ വിശ്വാസികളാകാത്ത കാരണത്താൽ (ദുഃഖം നിമിത്തം)നീ നിന്റെ ജീവനെ നശിപ്പിച്ചേക്കാം)എന്ന അവസ്ഥതന്നെയാണ് എന്റേതും(26:4). ബയ്അത്തിന്റെ നേരത്ത് കുറച്ചു വാക്കുകൾ തത്തയെപ്പോലെ ഉരുവിടുന്നത് ഞാനാഗ്രഹിക്കുന്നില്ല. ഇതുകൊണ്ടൊരു ഫലവുമില്ല. ആത്മസംസ്കരണത്തിന്റെ പാഠം കരസ്ഥമാക്കുക. അതിന്റെ ആവശ്യമാണുള്ളത്. മസീഹിന്റെ വഫാത്തിലും ഹയാത്തിലും തർക്കിച്ച് വാദപ്രതിവാദം നടത്തി ചുറ്റിക്കറങ്ങി നടക്കുക എന്നത് ഒരിക്കലും നമ്മുടെ ഉദ്ദേശ്യമല്ല. ഇതൊരു നിസ്സാര കാര്യമാണ്. കാര്യം അവിടെ നിറുത്തുകയല്ല. ഇതൊരു തെറ്റായിരുന്നു. അതിനെ നാം ശരിയാക്കി. പക്ഷേ, നമ്മുടെ ജോലിയും നമ്മുടെ നിർബന്ധ കടമയും ഇതിൽനിന്ന് വളരെ അകലത്താണ്. നിങ്ങൾ നിങ്ങളുടെയുള്ളിൽ ഒരു മാറ്റമുണ്ടാക്കുകയും തികച്ചും പുതിയൊരു മനുഷ്യനായിത്തീരുകയും ചെയ്യുക എന്നതാണത്. അതുകൊണ്ട് നിങ്ങളിൽ ഓരോരുത്തരുടേയും നിർബന്ധമായ കാര്യം ഈ രഹസ്യം മനസ്സിലാക്കുകയും താൻ വേറെയാളാണെന്ന് തനിക്ക് പറയാൻ കഴിയുമാറ് ആയിത്തീരുകയും ചെയ്യുക എന്നതാണ്. ഞാൻ വീണ്ടും പറയുന്നു:തീർച്ചയായും തീർച്ചയായും ഒരു കാലയളവുവരെ നമ്മുടെ സഹവാസത്തിൽ ഇരുന്ന് താൻ വേറെയാളായിട്ടുണ്ടെന്ന് മനസ്സിലാകാത്തിടത്തോളം അവന് ഒരു ഫലവുമുണ്ടാകുകയില്ല.

പ്രകൃതിയിലും ബുദ്ധിപരമായ അവസ്ഥയിലും വികാരങ്ങളുടെ അവസ്ഥയിലും ഉന്നതനിലയിലുള്ള ശുദ്ധീകരണം കരസ്ഥമാകുക. അപ്പോൾ കുറച്ചുകാര്യമുണ്ട്. ഇല്ലെങ്കിൽ ഒന്നുതന്നെയില്ല. ഭൗതിക ലോകത്തെ ജോലികളുപേക്ഷിക്കുക എന്നതല്ല എന്റെ ഉദ്ദേശ്യം. അല്ലാഹു ഭൗതികലോകത്തെ ജോലികൾ അനുവദനീയമാക്കി വച്ചിരിക്കുന്നു. കാരണം ഈ വഴിയിലൂടേയും പരീക്ഷണങ്ങൾ വരാറുണ്ട്. ഈ പരീക്ഷണങ്ങൾ കാരണത്താൽ മനുഷ്യൻ കള്ളനും ചൂതാട്ടക്കാരനും ചതിയനും കൊള്ളക്കാരനുമായിത്തീരുന്നു. എന്തെന്തെല്ലാം ചീത്തശീലങ്ങളായിരിക്കും സ്വീകരിച്ചെടുക്കുന്നത്. എന്നാൽ, എല്ലാ ഓരോ കാര്യത്തിനും ഒരു പരിധിയുണ്ട്. ഭൗതിക ജോലികൾ ഏതുപരിധിവരെ സ്വീകരിക്കണമെന്നാൽ അത് ദീനിന്റെ വഴിയിൽ നിങ്ങൾക്ക് സഹായമാകുന്ന ദ്രവ്യങ്ങളാകുകയും അതിലെ യഥാർഥലക്ഷ്യം ദീൻമാത്രമായിരിക്കുകയും വേണം. അതിനാൽ നാം ഭൗതികജോലികളേയും വിരോധിക്കുന്നില്ല. രാവുംപകലും ഭൗതികമായ തൊഴിലിൽ വ്യാപൃതനായിരിക്കാനും കേസ്സിലും വഴക്കിലും മുഴുകി നടക്കാനും അല്ലാഹുവിന്റെ കോളവും ദുൻയാവുകൊണ്ടു നിറയ്ക്കാനും പറയുന്നില്ല. അങ്ങനെയാരെങ്കിലും ചെയ്താൽ നിഷേധത്തിന്റെ കാരണങ്ങളെത്തിക്കുകയാണ് ചെയ്യുന്നത്. അവന്റെ നാവിൽ വാദം മാത്രമെ ഉണ്ടാകുകയുള്ളൂ. അതുകൊണ്ട് ജീവനുള്ള ദൈവത്തിന്റെ ദിവ്യജ്യോതിസ്സ് കാണാൻ ജീവിച്ചിരിക്കുന്നവരുടെ സഹവാസത്തിലിരിക്കുക.(മൽഫൂദാത്ത് വാള്യം 1, പേജ് 478, പ്രസാധനം 2018 ഖാദിയാൻ)

جَآءَ الۡحَقُّ وَزَہَقَ الۡبَاطِلُ ؕ اِنَّ الۡبَاطِلَ کَانَ زَہُوۡقًا

സത്യം വന്നു;അസത്യം അപ്രത്യക്ഷമായി. അസത്യം അപ്രത്യക്ഷമാകുന്നതുതന്നെയാണ്.
മക്കവിജയമുണ്ടാകുകയും കഅ്ബദേവലയത്തിൽവെച്ചിരുന്ന ബിംബങ്ങളെ തകർത്തെറിയുകയും ചെയ്ത നേരത്ത് നബി(സ)തിരുമേനി ഈ ആയത്താണ് ഓതിക്കൊണ്ട് മുന്നോട്ടു പോയത്. നബി(സ)തിരുമേനി ഈ ആയത്ത് ഓതുന്നതുകണ്ട് സ്വഹാബത്ത് എത്രമാത്രം ഒരേ ഈണത്തിലായിരിക്കും ഈ ആയത്ത് ഓതിയിട്ടുണ്ടാകുക, എങ്ങനെ അവരുടെ ഈമാൻ ഓരോ നമിഷത്തിലും ഓരോ മിനുറ്റിലും വർധിച്ചിട്ടുണ്ടാകുക എന്നത് സ്വഹാബത്തിന്റെ സന്തോഷത്തിനുമാത്രമെ കണക്കാക്കാൻ സാധിക്കുകയുള്ളു.

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)സൂറ ബനീ ഇസ്റാഈലിലെ 82-ാമത്തെ വചനമായ വ ഖുൽ ജാഅൽഹഖു വ സഹഖൽ ബാത്വിലു ഇന്നൽബാത്വില കാന സഹൂഖൻ (പറയുക, സത്യം വന്നു;അസത്യം അപ്രത്യക്ഷമായി. അസത്യം അപ്രത്യക്ഷമാകുന്നതുതന്നെയാണ്.)എന്നതിനെഴുതിയ തഫ്സീറിൽ പറയുന്നു:

മദീനജീവിതം ആരംഭിക്കുതിനോടൊപ്പംതന്നെ നബി(സ)തിരുമേനിയുടെ ശക്തി ദൃഢതരമാകുകയും വർധിച്ചുകൊണ്ടുപോകുകയും ശത്രുവിന്റെ ദുർബലതയുടേയും ബലക്ഷയത്തിന്റേയും കഴിവില്ലായ്മയുടേയും സാഹചര്യമുണ്ടായിക്കൊണ്ടിരിക്കുകയും ചെയ്യുമെന്നാണ് ഇതിൽ സൂചിപ്പിക്കപ്പെട്ടിരിക്കുന്നത്. എത്രത്തോളമെന്നാൽ അസത്യം ദുർബലമായി, ദുർബലമായി നശിച്ചുപോകുകയും മക്ക വിജയത്തിന്റെ നേരത്ത് അറേബ്യയിൽനിന്ന് ബിംബാരാധന എന്നെന്നേക്കുമായി അവസാനിക്കുന്നതുമായിരിക്കും. എല്ലാ

(ശേഷം പേജ് 12ൽ)

**ഈ ലക്കത്തിൽ**

ജുമുഅ ഖുത്വ്ബ 2023 ആഗസ്റ്റ് 4 (സമ്പൂർണ തർജമ)

ഓൺലൈൻ കൂടിക്കാഴ്ച ഹുദൂർ അയ്യദഹുല്ലാഹ്

ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

**അഹ്മദികളുടെ ജീവിതങ്ങളെപ്പോഴും അല്ലാഹുവുമായി ബന്ധിപ്പിക്കാൻ ജൽസയുടെ ഫലങ്ങളെ അവൻ നിമിത്തമാക്കുമാറാകട്ടെ. വിശ്വാസത്തിലും ദൃഢജ്ഞാനത്തിലും വർധന ഉണ്ടാക്കുമാറാകട്ടെ. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആഗമനോദ്ദേശ്യത്തെ പൂർത്തീകരിക്കുന്നവരായിത്തീരുമാറാകട്ടെ.**

**അല്ലാഹു നമ്മുടെ ബലഹീനതകൾ അവഗണിച്ചുകൊണ്ട് നമ്മളൊരിക്കലും അവനോടു നന്ദികാണിക്കാത്തവരാകാതിരിക്കത്തക്കവണ്ണം ഒരുപാടൊരുപാട് പ്രവർത്തന പരിപാടികളും വഴികളും നല്കി അനുഗ്രഹിക്കുമാറാകട്ടെ.**

**നന്ദി കാണിക്കേണ്ടത് നമ്മുടെ കടമയാണ്. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് അവന്റെ മുന്നിൽ കുനിഞ്ഞുകൊണ്ടിരിക്കേണ്ടതും നമ്മുടെ കർത്തവ്യമാകുന്നു. നമ്മൾ നമ്മുടെ ഈ കടമ നിറവേറ്റിക്കൊണ്ടിരിക്കുകയാണെങ്കിൽ എല്ലാ വിജയങ്ങളും അല്ലാഹുവിന്റെ കാരുണ്യവും അനുഗ്രഹവുമാണെന്നു മനസ്സിലാക്കിക്കൊണ്ട് പ്രവർത്തിക്കുകയാണെങ്കിൽ, നമ്മുടെ ചുവടുകൾ ഇൻശാഅല്ലാഹ് മുന്നോട്ടു ഗമിക്കുന്നതാണ്.**

**ഇനി ഞാൻ ജൽസയിൽ ജോലി ചെയ്തവർക്കും നന്ദി പ്രകടിപ്പിക്കാൻ ആഗ്രഹിക്കുന്നു.......അല്ലാഹു അവർക്കെല്ലാം പ്രതിഫലം നല്കുമാറാകട്ടെ.....എം.ടി.എ. ഇപ്രാശ്യം പുതിയ രീതിയിലാണ് ജൽസയുമായി ലോകത്തെ ബന്ധിപ്പിച്ചിട്ടുണ്ടായിരുന്നത്.**

**എന്നെ ഒത്തിരി സ്വാധീനിച്ച കാര്യമിതാണ്, ആയിരക്കണക്കിനാളുകൾ ഒരു പൊതുലക്ഷ്യത്തിനുവേണ്ടി ഒരുസ്ഥലത്ത് ഒരുമിച്ചു കൂടിയിരിക്കുന്നു. ഒരു മതനേതാവിന്റെ ചുറ്റും സമ്മേളിച്ചിരിക്കുന്നു. എല്ലാവരും ഐക്യത്തിലാണ്. എല്ലാവരുടെയും ലക്ഷ്യം ഒന്നുമാത്രമാണ്........അഹ്മദിയ്യ ജമാഅത്തിലുള്ള ഖിലാഫത്ത് വ്യവസ്ഥിതിയിൽ നിന്ന് ലോകത്തിന് പാഠം കരസ്ഥമാക്കാൻ സാധിക്കുന്നതാണ്. (പ്രൊഫസർ ഡോക്ടർ ജിയാലു ജീൻ(ഉഷശമഹീ ഖലമി) ബുർക്കിനാഫാസോ)**

**തീർച്ചയായും ഈ ലോകത്തിന്റെ ഭാവി അഹ്മദിയ്യത്താണ്. ബെലീസ്(Belize)ലെ ഒരു നഗരത്തിന്റെ മേയർ)**

**ഇവിടുത്തെ സകല സന്നദ്ധസേവകരുടേയും commitment എന്നെ വല്ലാതെ അത്ഭുതപ്പെടുത്തി വെച്ചിരിക്കുന്നു. യഥാർഥത്തിൽ ഇത് ദൈവികജമാഅത്താണ്. അല്ലാഹുവിന്റെ ഫള്‌ലില്ലാതെ ഈ എല്ലാ ജോലിയും അസംഭവ്യമാണ്(മൈക്കിൾ വിൽസൻ, ഘാന)**

**ഇപ്രകാരം നിശബ്ദ പ്രബോധനം ചെയ്തുകൊണ്ടിരിക്കുന്ന സകല പ്രവർത്തകരും സൗഭാഗ്യവാന്മാരാണ്.**

**വ്യത്യസ്ത സംസ്കാരത്തിലും വർണത്തിലും വംശത്തിലുമുള്ള ആളുകൾ ഒരേ കുടുംബത്തിലെ അംഗങ്ങളെപോലെ പരസ്പരം കണ്ടുമുട്ടുന്നുണ്ടായിരുന്നു........ഖലീഫത്തുൽ മസീഹ് അല്ലാഹുവിന്റേയും നബി(സ)തിരുമേനിയുടേയും വാഗ്ദത്ത മസീഹ്(അ)ന്റേയും കാര്യങ്ങൾകേൾപ്പിച്ചുകൊണ്ട് പറയുന്നു, നിങ്ങൾ ഇത് കേൾക്കുകയും ഇതിനെ പിന്തുടരുകയും ചെയ്യുക. (ഹെയ്റ്റി മതകാര്യമന്ത്രാലയത്തിന്റെ പ്രതിനിധി മിസ്റ്റർ ജോൾ ടോറിന്നെ(Joel Turenne)**

**ഇന്ന് ഭൂമുഖത്ത് യഥാർഥ സാഹോദര്യത്തിന്റെ ജീവൽപ്രതീകം അഹ്മദിയ്യ ജമാഅത്തിലാണ് കാണാൻ കഴിയുന്നതെന്ന് അംഗീകരിക്കാതിരിക്കാൻ എനിക്ക് സാധ്യമല്ല. എല്ലാവരും പുഞ്ചിരിച്ചു കൊണ്ട് വർണ വർഗ വ്യത്യാസമില്ലാതെ കൂടിക്കാഴ്ച നടത്തുന്നത് നൂറ്റാണ്ടുകളായി പരസ്പരം പരിചയമുള്ളവരെപ്പോലെയാണ്. (ലാമീൻ എസ്സാ യി ജാമേ സാഹിബ് മിനിസ്റ്റർ ഓഫ് ഇൻഫർമേഷൻ ഗാംബിയ)**

**മറ്റൊരു സംഗതി ജൽസയിൽ വളരെ പ്രധാനപ്പെട്ടതായി ഞാൻ കണ്ടത് നമസ്കാരമായിരുന്നു. (ഇറ്റലിയിൽനിന്ന് വന്ന പത്രപ്രവർത്തകൻ മാർകോ റസ്പിന്റി(Marco Respinti)**

**ഞാൻ ആത്മാർഥമായി ഒരു കാര്യം പറയട്ടെ, ഞാൻ ജൽസയിൽ കണ്ട അച്ചടക്കം ഇതിനു മുമ്പേ എവിടെയും കണ്ടിട്ടില്ല. അഹ്മദികൾക്ക് ഖലീഫയോടുള്ള സ്നേഹം വാക്കുകൾകൊണ്ട് വിവരിക്കാൻ സാധ്യമല്ല........ ജൽസയിൽ ഞാൻ കണ്ട മറ്റൊരു പ്രത്യേകത ത്യാഗമനോഭാവമാണ്.(കോൾഡ്ഡാ റീജിയണിലെ ഗവർണർ സെനിഗൾ)**

**എന്നെ ഏറ്റവും കൂടുതൽ ആകർഷിച്ചത് ജമാഅത്തിന്റെ ഐക്യവും പരസ്പരമുള്ള സ്നേഹവുമാണ്...........അദ്ദേഹത്തിന്റെ വീക്ഷണത്തിൽ നമ്മുടെ ജമാഅത്തിന്റെ ജൽസയുടെ വിജയരഹസ്യം കാലത്തിന്റെ ഖലീഫ മുഖേന സ്ഥാപിതമായ നമ്മുടെ ഐക്യമാണ്. (ഡോക്ടർ നേസ്റ്റർ സോത്തോ(D-r.Nestor Soto Nnen)**

**ആഗോള ബയ്അത്തിന്റെ രീതി ഞങ്ങളുടെ ആരാധനയുമായി സാമ്യമുള്ളതാണ്. പക്ഷേ, ഞങ്ങളുടെ ആരാധനയുമായി സാമ്യമുണ്ടെ ങ്കിൽപോലും ഞാൻ എന്റെ ആരാധനയിലൊരിക്കലും ആഗോള ബയ്അത്തിന്നിടയിൽ കണ്ടതുപോലുള്ള ആത്മീയത അനുഭവിച്ചിട്ടില്ല. (കാനഡ ആന്റിജൻസ് സമൂഹത്തിന്റെ ഉപമേധാവി അലെ ബിയർ(Aly Bear)**

**ലോകം മുഴുവനുമുള്ള അഹ്മദി അനഹ്മദി ജമാഅത്തുകളിൽനിന്ന് 2023 ലെ ജൽസസാലാനയിൽ പങ്കെടുത്ത അതിഥികളുടെ പ്രതികരണങ്ങളും മാധ്യമങ്ങളിൽ വിപുലമായ രീതിയിൽ നടന്ന കവറേജും.**

**ഖുത്ബ ജുമുഅ 2023 ആഗസ്റ്റ് 4/1402 വഫാ 4**
**മസ്ജിദ് ബയ്ത്തുൽ ഫുത്തൂഹ് മോർഡൻ,ലണ്ടൻ, യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ○ الرَّحْمٰنِ الرَّحِيْمِ○ مٰلِكِ يَوْمِ الدِّيْنِ○ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ○

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ○ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ○

അൽഹംദുലില്ലാഹ്! അല്ലാഹുവിന്റെ അനുഗ്രഹത്താൽ കഴിഞ്ഞ വെള്ളിയാഴ്ചമുതൽ ഞായാറാഴ്ചവരെ അഹ്മദിയ്യ ജമാഅത്ത് യു.കെ.യുടെ ജൽസസാലാന വിജയകരമായി നടക്കുകയും സമാപിക്കുകയും ചെയ്തു. കാലാവസ്ഥ ഇടക്കിടെ മോശമായിക്കൊണ്ടിരുന്നിട്ടും അല്ലാഹുവിന്റെ കൃപയാൽ പൊതുവിൽ എല്ലാ സംവിധാനങ്ങളും വലിയ പ്രയാസങ്ങളൊന്നും കൂടാതെ നടന്നുകൊണ്ടിരുന്നു. ഈ വർഷമാണെങ്കിൽ കഴിഞ്ഞ വർഷത്തെക്കാൾ വളരെ കൂടുതലാളുകളും പങ്കെടുത്തിരുന്നു. എത്രതന്നെ നമ്മൾ അല്ലാഹുവിനോടു നന്ദി പ്രകടിപ്പിക്കുകയാണെങ്കിലും അത് മതിയാവുന്നതല്ല. അവൻ നമ്മുടെ ജൽസയെ അനന്തമായ അനുഗ്രഹങ്ങൾകൊണ്ട് നിറച്ചു. ഈ അനുഗ്രഹങ്ങൾ എല്ലാവർക്കും, വ്യത്യസ്ത രാജ്യങ്ങളിൽ നിന്ന് വന്നിരുന്ന അഹ്മദികൾക്കും അനഹ്മദികൾക്കും, ബോധ്യപ്പെടുകയുമുണ്ടായി. നമ്മൾ ബലഹീനരാണ്. നമ്മുടെ പണികളെല്ലാംതന്നെ അല്ലാഹുവിന്റെ അനുഗ്രഹത്താലാണ് നടക്കുന്നത്. ജമാഅത്തിനുമേൽ പെയ്തിറങ്ങുന്ന അല്ലാഹുവിന്റെ അനുഗ്രഹവർഷം എണ്ണിത്തിട്ടപ്പെടുത്തുക അസാധ്യമാണ്. വ ഇൻ തഅദ്ദൂ നിഅമത്തല്ലാഹി ലാ തുഹ്സൂഹാ. ഇന്നല്ലാഹ ല ഗഫൂറുർറഹീം.

അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ നിങ്ങൾ എണ്ണിനോക്കുന്ന പക്ഷം അതെണ്ണി തിട്ടപ്പെടുത്താൻ നിങ്ങൾക്ക് സാധ്യമല്ല. തീർച്ചയായും അല്ലാഹു സർവഥാ പൊറുത്തുകൊടുക്കുന്നവനും കരുണാമയനുമത്രെ(16:19) എന്ന അല്ലാഹുവിന്റെ വചനത്തെ എപ്പോഴും അനുഭവിച്ചറിയുന്നവരാണ് നമ്മൾ. ചുരുക്കത്തിൽ അല്ലാഹു ദൗർബല്യങ്ങൾ അവഗണിച്ചുകൊണ്ട് നിരവധി മാർഗങ്ങളിലൂടെ നമ്മെ ഒരുപാട് അനുഗ്രഹിക്കുന്നു. നമുക്കൊരിക്കലുംതന്നെ കൃതജ്ഞത യഥാവിധം ചെയ്യാൻപോലും സാധ്യമല്ല. പക്ഷേ, അല്ലാഹുവിന്റെ ഇങ്ങനെയൊരു കല്പനയുമുണ്ട്. അതായത് നിങ്ങൾ അവനോടു നന്ദി കാണിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ, നിങ്ങൾ അല്ലാഹുവിനോടു കൃതജ്ഞത പ്രകടിപ്പിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ അല്ലാഹു നിങ്ങൾക്ക് കൂടുതൽ അനുഗ്രഹങ്ങൾ തന്നുകൊണ്ടിരിക്കുന്നതാണ്. ചുരുക്കത്തിൽ നന്ദി കാണിക്കേണ്ടത് നമ്മുടെ കടമയാണ്. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് അവന്റെ മുന്നിൽ കുനിഞ്ഞുകൊണ്ടിരിക്കേണ്ടതും നമ്മുടെ കർത്തവ്യമാകുന്നു. നമ്മൾ നമ്മുടെ ഈ കടമ നിറവേറ്റിക്കൊണ്ടിരിക്കുകയാണെങ്കിൽ എല്ലാ വിജയങ്ങളും അല്ലാഹുവിന്റെ കാരുണ്യവും അനുഗ്രഹവുമാണെന്നു മനസ്സിലാക്കിക്കൊണ്ട് പ്രവർത്തിക്കുകയാണെങ്കിൽ, നമ്മുടെ ചുവടുകൾ ഇൻശാഅല്ലാഹ് മുന്നോട്ടുഗമിക്കുന്നതാണ്.

അതുകൊണ്ട് ഈ ജൽസയുടെ വിജയത്തിൽ ഏറ്റവുമാദ്യം നന്ദി പ്രകടപ്പിക്കേണ്ടത് നമ്മൾ അല്ലാഹുവിനോടുതന്നെയാണ്. ജൽസയുടെ ഒരുക്കങ്ങളിൽ ദൗർബല്യങ്ങൾ വന്നിട്ടുണ്ടെങ്കിൽ അക്കാര്യത്തിൽ അവനോടു പൊറുക്കലിനെ തേടുകയും വേണം. അതേപോലെ ജൽസയിൽ പങ്കെടുത്തവരും അല്ലാഹുവിനോട് നന്ദിയുള്ളവരായിരിക്കേണ്ടതാണ്. അതായത് അവൻ നമുക്ക് അവസരം നൽകുകയും നമ്മൾ ജൽസയിൽ പങ്കെടുത്തുകൊണ്ട് നമ്മുടെ ആത്മീയവും വൈജ്ഞാനികവുമായ ദാഹം ശമിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്തു. പൊതുവിൽ എല്ലാ കാര്യങ്ങളും സുഗമമായി നടന്നു. കോവിഡ് ബാധ പൂർണമായും അവസാനിച്ചിട്ടില്ലെങ്കിൽപോലും പൊതുവിൽ വലിയ സമ്മേളനത്തെ അല്ലാഹു അതിൽനിന്നു സംരക്ഷിച്ചു. അല്ലാഹു തുടർന്നും എല്ലാവരെയും അവന്റെ സംരക്ഷണത്തിൽ വെക്കുമാറാകട്ടെ. ചിലയാളുകൾക്ക് ജൽസക്കുശേഷം അതായത് ജൽസയുടെ രണ്ടുമൂന്നു ദിവസങ്ങൾക്കു ശേഷം ഈ രോഗം ബാധിക്കുകയുണ്ടായി. ഉടൻതന്നെയല്ല അതുണ്ടായത്. അല്ലാഹു അവർക്ക് ആയുരാരോഗ്യം നൽകുമാറാകട്ടെ. ഇത്തരം വളരെ കുറഞ്ഞ ആളുകളെ സംബന്ധിച്ചാണ് എനിക്ക് അറിവ് ലഭിച്ചിട്ടുള്ളത്. ഇപ്പോൾ ഈ രോഗം കാരണം രോഗികളാകുന്നവർ എന്റെ അഭിപ്രായത്തിൽ ജൽസയുടെ പരിണിതിയല്ല. പ്രത്യുത പൊതുവിൽ സർക്കാരിന്റെ ഭാഗത്തുനിന്ന് ചില സ്ഥലങ്ങളിൽ കേസുകൾ വർധിക്കുന്നതായി വിളംബരമുണ്ട്. എന്നാൽ, മറ്റു രോഗങ്ങൾപോലെതന്നെ അത് വർധിക്കുകയും കുറയുകയും ചെയ്യുന്നു. ഏതായിരുന്നാലും അല്ലാഹു എല്ലാ രോഗികൾക്കും ശിഫാ നൽകുമാറാകട്ടെ.

ഇനി ഞാൻ ജൽസയിൽ ജോലി ചെയ്തവർക്കും നന്ദി പ്രകടിപ്പിക്കാൻ ആഗ്രഹിക്കുന്നു. ഇപ്രാവശ്യം പൊതുവിൽ എല്ലാവരും വളരെ നല്ല നിലയിൽ തങ്ങളുടെ ഉത്തരവാദിത്വങ്ങൾ നിറവേറ്റി യിട്ടുണ്ട്. പുഞ്ചിരിച്ചുകൊണ്ട് അസാധാരണമാംവിധം ഞാൻ തുടക്കത്തിൽ ഉപദേശിച്ചതുപോലെത്തന്നെ തങ്ങളുടെ ഡ്യൂട്ടികൾ ഭംഗിയായി നിർവഹിക്കുകയുണ്ടായി. അല്ലാഹു അവർക്കെല്ലാം പ്രതിഫലം നൽകുമാറാകട്ടെ.

ഇത്തവണ എല്ലാ വിഭാഗത്തിൽപ്പെട്ട ജോലിക്കാരും തങ്ങളുടെ ഉത്തരവാദിത്വം നിർവഹിക്കുന്നതിൽ ലജ്നയുടെ ഭാഗത്തുനിന്നും പുരുഷന്മാരുടെ ഭാഗത്തുനിന്നും പ്രത്യേകം പ്രാവീണ്യമുള്ളവരായി കാണപ്പെട്ടിരുന്നു. എല്ലാ വർഷവും ഭക്ഷണം കൊടുക്കുന്നതും ഭക്ഷണം ലഭിക്കുന്നതും സംബന്ധിച്ച് ലജ്നയുടെ ഭാഗത്തുനിന്ന് പരാതികളുണ്ടാകുമായിരുന്നു. എന്നാൽ, ഈ പ്രാവശ്യം ഈ പരാതി ഇല്ലെന്നുതന്നെ പറയാം. ഭക്ഷണത്തിന്റെ ടെന്റും അതുപോലെ മറ്റു അത്യാവശ്യ സംവിധാനങ്ങൾക്കും വേണ്ടി ഇത്തവണ സ്ഥലം മാറ്റി ഒരു ഭാഗത്ത് ലജ്നകൾക്ക് എല്ലാ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ടായിരുന്നു. അതും പൊതുവിൽ സ്ത്രീകൾക്ക് ഇഷ്ടപ്പെടുകയുണ്ടായി. എന്തെങ്കിലും കുറവുകൾ വന്നിട്ടുണ്ടെങ്കിൽ അത് ഇൻശാഅല്ലാഹ് മേലിൽ ദൂരീകരിക്കൻ ശ്രമിക്കുന്നതാണ്.

അതുപോലെ ട്രാഫിക് വിഭാഗം, ഭക്ഷണം തയാറാക്കുന്ന വിഭാഗം, റൊട്ടിപ്ലാന്റ്, സെക്യൂരിറ്റി, ക്ലീനിങ് ഇതിനുമപ്പുറം എം.ടി.എ. ഇപ്രാശ്യം പുതിയ രീതിയിലാണ് ജൽസയുമായി ലോകത്തെ ബന്ധിപ്പിച്ചിട്ടുണ്ടായിരുന്നത്.

ചുരുക്കത്തിൽ എല്ലാ വിഭാഗങ്ങളും ഞാൻ പേര് പറഞ്ഞതും പറഞ്ഞിട്ടില്ലാത്തതും എല്ലാത്തിലും പുരുഷന്മാരും സ്ത്രീകളും വളരെ ബദ്ധശ്രദ്ധരായി തങ്ങളുടെ ഉത്തരവാദിത്വങ്ങൾ നിറവേറ്റി. എല്ലാവർക്കും ഞാൻ നന്ദി പ്രകാശിപ്പിച്ചുകൊള്ളുന്നു.

ഇവിടെ വന്ന അന്യരായ അതിഥികളും എല്ലാ പ്രവർത്തകരുടെയും അധ്വാനവും സൽസ്വഭാവവും കണ്ടുകൊണ്ട് അനിതരസാധാരണമായ രീതിയിൽ അത്ഭുതം പ്രകടിപ്പിക്കുകയുണ്ടായി. നമ്മുടെ പ്രവർത്തകരുടെ ഈ ഒരു നിശബ്ദവും കർമപരവുമായ മാതൃക തബ്‌ലീഗിനുള്ള നിമിത്തവുമായി ത്തീരുന്നുണ്ട്. അല്ലാഹു ഇവർക്കെല്ലാം നല്ല പ്രതിഫലം നൽകുമാറാകട്ടെ.

ജൽസ സാലാനയുടെ സംവിധായകരോട് ഒരു കാര്യത്തിലേക്കുമാത്രം ഞാൻ ശ്രദ്ധ ക്ഷണിക്കാൻ ആഗ്രഹിക്കുന്നു. അതായത് ജൽസ കഴിഞ്ഞയുടൻതന്നെ വെള്ളം സപ്ലൈ നിറുത്തുന്നു. കുളിമുറികളിൽ വെള്ളം ഉണ്ടാകുന്നില്ല. അതുകൊണ്ട് ചുരുങ്ങിയത് പന്ത്രണ്ടു മണിക്കൂർവരെ വെള്ളം ലഭിക്കേണ്ടതാണ്. ഇതിനുപുറമെ പൊതുവിൽ സംവിധാനമെല്ലാം വളരെ നല്ലനിലയിലായിരുന്നു.പുറത്തുനിന്ന് വ്യത്യസ്ത രാജ്യങ്ങളിൽനിന്നുവന്ന അന്യരായ ആളുകൾ അതിൽ അമുസ്‌ലിമീങ്ങളും ഉൾപ്പെടുന്നുണ്ട്. അവരുടെ അനുഭവങ്ങളെന്തെല്ലാം ആയിരുന്നുവെന്നതിനേയും ജൽസയുടെ സംവിധാനവും ജൽസയും കണ്ടുകൊണ്ട് അവർ എത്രത്തോളം പ്രഭാവിതരായിരുന്നുവെന്നതിനേയും സംബന്ധിച്ചുള്ള ഏതാനും അഭിപ്രായങ്ങൾ ഞാൻ സമർപ്പിക്കുന്നതാണ്. എല്ലാം പറയുക എന്നത് നടക്കുന്ന കാര്യമല്ല.

പ്രൊഫസർ ഡോക്ടർ ജിയാലു ജീൻ ബുർക്കിനാഫാസോയിലെ വളരെ പ്രസിദ്ധനായൊരു നേത്രരോഗവിദഗ്ധനും മെഡിക്കൽ യൂണിവേഴ്സിറ്റിയിൽ പ്രൊഫസറും നിലവിൽ ആർമിയിൽ കേണലുമാണ്. നമ്മുടെ ഐ ഇൻസ്റ്റിട്യൂട്ടിലും വരാറുണ്ട്. ജൽസയിൽ ആദ്യമായാണ് പങ്കെടുക്കാൻ അവസരം ലഭിക്കുന്നത്. അദ്ദേഹം പറയുന്നു: “ഞാൻ ജൽസയിൽ ആദ്യമായാണ് പങ്കെടുക്കുന്നത്. എന്നെ ഒത്തിരി സ്വാധീനിച്ച കാര്യമിതാണ്, ആയിരക്കണക്കിനാളുകൾ ഒരു പൊതുലക്ഷ്യത്തിനുവേണ്ടി ഒരുസ്ഥലത്ത് ഒരുമിച്ചു കൂടിയിരിക്കുന്നു. ഒരു മതനേതാവിന്റെ ചുറ്റും സമ്മേളിച്ചിരിക്കുന്നു. എല്ലാവരും ഐക്യത്തിലാണ്. എല്ലാവരുടെയും ലക്ഷ്യം ഒന്നുമാത്രമാണ്........ അതോടൊപ്പം അസാധാരണമാംവിധം സംവിധാനങ്ങൾ ചെയ്യുന്നതും വ്യത്യസ്ത വിഭാഗങ്ങളിൽപ്പെട്ട ജനങ്ങൾ ഒരു സ്ഥലത്ത് ഒരുമിച്ചുകൂടുന്നതും ആശ്ചര്യാവഹംതന്നെയാണ്. ഞാൻ ജനങ്ങൾക്കിടയിൽ ഇഴുകിച്ചേർന്ന് ഇതെല്ലാം യാഥാർഥ്യമാണോ അതല്ല കേവലം പ്രദർശനപരതയാണോ എന്ന് നോക്കുകയുണ്ടായി. പക്ഷേ, എനിക്ക് ഒരാളുടെ മുഖത്തുപോലും നിരാശ കാണാൻ കഴിഞ്ഞില്ല.

വ്യത്യസ്ത തലങ്ങളിൽനിന്നും സമൂഹങ്ങളിൽനിന്നും രാജ്യങ്ങളിൽനിന്നും വൈവിധ്യമാർന്ന വിഭാഗങ്ങളിൽനിന്നും വ്യത്യസ്ത സാമൂഹിക വിഭാഗങ്ങളിൽനിന്നും ബന്ധപ്പെട്ടയാളുകൾ ഒരേയൊരു ലക്ഷ്യത്തിനുവേണ്ടി ഒരു സ്ഥലത്ത് ഒരു കൈയിൽ ഒരുമിച്ചുകൂടുന്നത് അനിതരസാധാരണമായ സംഭവംതന്നെയാണ്. ചുരുക്കത്തിൽ ജൽസയിൽ പങ്കെടുക്കുന്ന അഹ്മദികൾ ഈ വിധത്തിൽ അന്യർക്കിടയിൽ കർമപരമായ നിലയിൽ തബ്‌ലീഗ് ചെയ്തുകൊണ്ടിരിക്കുന്നു. അദ്ദേഹം പറയുന്നു: പ്രഭാഷണങ്ങളുടെ നിലവാരം വളരെ ഉന്നതമായിരുന്നു. ഈ പ്രഭാഷണങ്ങൾ നമുക്ക് അധ്യാപനം പ്രദാനം ചെയ്യുന്നതിനും ഒരു ലക്ഷ്യവും ദിശയും നൽകുന്നതിനും വളരെ സഹായകരമാണ്. കാലത്തിന്റെ ഖലീഫയുടെ പ്രഭാഷണങ്ങളും ഞാൻ കേട്ടിരുന്നു. വിശുദ്ധ ഖുർആനിന്റെ ആയത്തുകളുടെ വെളിച്ചത്തിലാണ് അധ്യാപനങ്ങൾ വിവരിച്ചത്. അദ്ദേഹം പറയുന്നു: ദൈവികമായ സന്ദേശം മനസ്സിലാക്കുന്നതിന് ഈ ലോകത്തിനു എത്രമാത്രം ആവശ്യകതയുണ്ടെന്ന് ഇപ്പോഴാണ് മനസ്സിലാകുന്നത്. ഈ സന്ദേശം മനസ്സിലാക്കുന്നതിന് സഹായിക്കാൻ തയ്യാറായ വ്യക്തിയും അനിവാര്യമാണ്. അതുകൊണ്ട് അഹ്മദിയ്യാ ജമാഅത്തിൽ നിലനില്ക്കുന്ന ഖിലാഫത്ത് സംവിധാനത്തിൽനിന്ന് ലോകത്തിന് പാഠമുൾക്കൊള്ളാൻ കഴിയും.

അദ്ദേഹം പറയുന്നു: മറ്റൊരു കാര്യം ഞാൻ കണ്ടതെന്തെന്നാൽ അഹ്മദികൾക്ക് അല്ലാഹുവിനോടും തങ്ങളുടെ ഇമാമിനോടുമുള്ള അനിതരസാധാരണമായ ആത്മാർഥ ബന്ധമാണ്.

എല്ലാവരും ഒരുമിച്ചുകൂടി പരസ്പരം ഒരു അസ്തിത്വം പോലെയാണുള്ളത്. തങ്ങളുടെ ഇമാമിൽ, അദ്ദേഹം തങ്ങളെ നേർമാർഗത്തിൽ നയിക്കുമെന്ന കാര്യത്തിൽ വളരെയധികം വിശ്വാസമുള്ളവരാണ്. പറയുന്നു, ഈ ജൽസ കാണുമ്പോൾ അല്ലാഹു തൗഫീഖ് നൽകുകയാണെങ്കിൽ എല്ലാവർഷവും ജൽസയിൽ പങ്കെടുക്കണമെന്നാണെന്റെ ആഗ്രഹം. കാരണം ഇവിടെ മൂന്നു ദിവസങ്ങളിൽ ദൈവത്തോടുള്ള ബന്ധത്തെയും മനുഷ്യത്വത്തെയും കുറിച്ചാണ് സംസാരിക്കുന്നത്. അതുകൊണ്ട് ഈ കാര്യങ്ങൾ ഞങ്ങളും പഠിക്കേണ്ടതാണ്.”

അമേരിക്കയിലുള്ള വളരെ പ്രസിദ്ധനായ ഒരു സീനിയർ ലോ പ്രൊഫസർ ഡോക്ടർ ബ്രഡ്ഷഫ്സ് ജൽസയിൽ പങ്കെടുത്തിരുന്നു. അദ്ദേഹം പറയുന്നു: ഇവിടെവന്ന് ഇത്രയും വലിയ സമ്മേളനം കണ്ടതിലെനിക്ക് വലിയ സന്തോഷമുണ്ട്. ജനങ്ങൾക്കിടയിലുള്ള സഹകരണത്തെ പ്രത്യേകം പരാമർശിച്ചുകൊണ്ട് പറയുന്നു: ഞാൻ ലോകത്ത് ഇത്തരത്തിലുള്ള നിരവധി പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. രജിസ്ട്രേഷന്റെ സംവിധാനവുമുണ്ടാകാറുണ്ട്. പക്ഷേ, ജൽസ സാലാനയിൽ വളരെ കാര്യക്ഷമമായ രീതിയിൽ രജിസ്ട്രേഷന്റെ കാര്യങ്ങളേതാനും നിമിഷങ്ങൾക്കകംതന്നെ ചെയ്യുന്നത് വളരെ ആശ്ചര്യകരമായ ദൃശ്യമായിരുന്നു. ഞാൻ ഇവിടെ ഈ ഓഫിസിൽ വന്നു ഇരുന്നതേ ഉണ്ടായിരുന്നുള്ളു. ഏതാനും നിമിഷങ്ങൾക്കകംതന്നെ എല്ലാ കാര്യങ്ങളും തയ്യാറാക്കി എനിക്ക് നൽകുകയുണ്ടായി. പിന്നെ എന്നോടു പറഞ്ഞത് ഇവിടെ വരുന്ന അതിഥികളുടെ രജിസ്ട്രേഷനും മറ്റു അനിവാര്യമായ കാര്യങ്ങളും നേരത്തെതന്നെ ചെയ്യുന്നുവെന്നാണ്. അതുകൊണ്ട് അതിഥികൾക്ക് വളരെ കുറഞ്ഞരീതിയിൽ മാത്രമേ കാത്തിരിക്കേണ്ടി വരാറുള്ളൂ. രജിസ്ട്രേഷന്റെ പ്രവർത്തകരും

മാശാ അല്ലാഹ് യഥാവിധി നല്ലപോലെ പ്രവർത്തിച്ചിട്ടുണ്ട്. അദ്ദേഹം പറയുന്നു: ആതിഥ്യവും വളരെ നല്ല നിലയിലായിരുന്നു. ഇത്രയധികം ട്രാഫിക്കുണ്ടായിരുന്നിട്ടും വളണ്ടിയേഴ്സ് ഒരുപോലെ സഹകരിച്ച് പ്രവർത്തിക്കുന്നത് ഒരിക്കലും വിസ്മരിക്കാവുന്ന അനുഭവമല്ല. അങ്ങനെ അദ്ദേഹം ബന്ധപ്പെട്ട എല്ലാ പ്രവർത്തകരെ സംബന്ധിച്ചും വളരെയധികം സ്തുതിച്ചു പറയുകയുണ്ടായി.

ബെലീസ്(ആലഹശ്വല)എന്ന രാജ്യത്ത് നിന്നുള്ള ഒരു നഗത്തിന്റെ മേയർ വന്നിരുന്നു. അദ്ദേഹം പറയുന്നു: ഞാനെന്റെ ജീവിതത്തിൽ ഒരിക്കലും ഇത്രയും സമാധാന കാംക്ഷികളായ ആളുകളെ കണ്ടിട്ടില്ല. ഇവർ സ്നേഹമുള്ളവരും സമാധാനപ്രിയരുമാണ്. എനിക്കൊരിക്കലുംതന്നെ ഇസ്‌ലാമിനെ ചിലയാളുകൾ ഭീകരവാദവുമായി ഉപമിക്കുന്നത് അംഗീകരിക്കാൻ കഴിയുന്നില്ല. ഞാൻ ഇവിടെ കണ്ട ആത്മീയാ ന്തരീക്ഷവും ജനങ്ങളുടെ പരസ്പരമുള്ള നിലവാരവും സ്നേഹവും സൽപെരുമാറ്റവും തീർച്ചയായും ശ്ലാഘനീയമാണ്. അദ്ദേഹം പറയുന്നു: ഞാൻ അടുത്ത വർഷം വീണ്ടും ജൽസയിൽ വരാനാഗ്രഹി ക്കുന്നു. മാത്രമല്ല ഒരു മേയർ എന്ന നിലക്കല്ല മറിച്ച് വളണ്ടിയർ എന്ന നിലക്ക് വരാനാണ് ആഗ്രഹിക്കുന്നത്. ഇവിടെയുള്ള വളണ്ടിയർമാരും പ്രവർത്തകരും എന്നെ എത്രമാത്രം സ്വാധീനിച്ചുവെന്നാൽ ഞാനും ഇത്രയും നല്ല ഒരു സമ്മേളനത്തിൽ സംവിധാനത്തിന്റെ ഭാഗമാകാനാഗ്രഹിക്കുന്നു. ഇത്രയും വലിയൊരു സമ്മേളനം ഞാനൊരിക്കലും കണ്ടിട്ടില്ല. തുടർന്ന് പറയുന്നു: ഈ ലോകത്തിന്റെ ഭാവി അഹ്മദിയ്യത്താ കുന്നു.

ചുരുക്കത്തിൽ ഈ യഥാർഥ ഇസ്‌ലാമിനെയാണ് ജമാഅത്ത് സമർപ്പിക്കുന്നത്. അതിൽ അന്യരായ ആളുകളും ആകൃഷ്ടരാകുന്നു.

ഘാനയിലുള്ള ഒരു സുഹൃത്ത് മൈക്കിൾ വിൽസൺ പരിസ്ഥിതി മന്ത്രാലയത്തിനു കീഴിലുള്ള ശാസ്ത്ര സാങ്കേതിക ഗവേഷണ കൗൺസിലിൽ ചീഫ് ടെക്നോളജിസ്റ്റായി പ്രവർത്തിച്ചു വരുന്നു. അദ്ദേഹത്തിന് വിവിധ രാജ്യങ്ങളിൽ കോൺഫ്രൻസുകളിൽ പങ്കെടുക്കാൻ അവസരം ലഭിച്ചുകൊണ്ടിരിക്കുന്നു. ജൽസയിൽ പങ്കെടുത്തത് സംബന്ധിച്ച് പറയുന്നു, ജൽസക്കു മുമ്പേ നടത്തിയ സംഭാഷണത്തിൽ പറയുന്നു: സംവിധാനങ്ങൾ കണ്ടപ്പോൾ ഇതുവരെ ഞാൻ കണ്ടതനുസരിച്ച് ഇതെല്ലാം അല്ലാഹുവിന്റെ അനുഗ്രഹം കൂടാതെ ഒരിക്കലും സംഭവ്യമല്ലെന്ന് കാണുന്നു. ജുമുഅ ദിവസം ജൽസ ഗാഹിലെത്തിയപ്പോൾ അദ്ദേഹം കൂടെക്കൂടെ പറഞ്ഞുകൊണ്ടിരുന്നു; ഇവിടെയുള്ള പ്രവർത്തകരുടെ രീാാശഋലിഠ എന്നെ അത്ഭുതപ്പെടുത്തിവെച്ചിരിക്കുകയാണ്. തീർച്ചയായും ഇത് ദൈവിക ജമാഅത്താകുന്നു. ഈ പ്രവർത്തനങ്ങൾ അല്ലാഹുവിന്റെ അനുഗ്രഹം കൂടാതെ സംഭാവ്യമല്ല.

ഇവിടെ വളരെയേറെ അച്ചടക്കവും സ്നേഹവുമുള്ള അന്തരീക്ഷവുമാണ്. എല്ലാ പ്രവർത്തക രും വിദ്യാസമ്പന്നരുമാണ്. അവരിൽ ചിലർ കോൺസൽട്ടന്റുമാണ്. പക്ഷേ, ജൽസയിൽ ആശാരിപ്പണിയും ശുചീകരണ പ്രവർത്തനങ്ങളും അവർ ചെയ്യുന്നു. ഈ പ്രവർത്തകരുടെ ഹൃദയത്തിൽ ദൈവഭയം ഇല്ലായിരുന്നുവെങ്കിൽ ഒരിക്കലും ഇത്തരം നിലവാരമുള്ള പ്രവർത്തനങ്ങൾ സംഭാവ്യമാകുമായിരുന്നില്ല. ചുരുക്കത്തിൽ ഇങ്ങനെ നിശബ്ദമായി തബ്‌ലീഗ് ചെയ്യുന്ന എല്ലാ പ്രവർത്തകരും സൗഭാഗ്യവാന്മാരാകുന്നു.

പിന്നെ അദ്ദേഹം ആഗോള ബയ്അത്ത് കണ്ടപ്പോൾ വളരെയേറെ പ്രഭാവിതനായി. പറയുന്നു: എനിക്ക് ഈ ജൽസക്കുമുമ്പേ അഹ്മദിയ്യത്തെന്താണെന്ന് അറിയില്ലായിരുന്നു. ഇപ്പോൾ ഞാൻ മനസ്സിലാക്കി കഴിഞ്ഞിരിക്കുന്നു. ഇനി എല്ലാ വർഷവും വരണമെന്നാണ് ആഗ്രഹിക്കുന്നത്. തുടർന്ന് അദ്ദേഹം പറയുന്നു: ഘാനയിലുള്ള ജമാഅത്തിനോടു പറഞ്ഞു:ഘാനയിൽ ജമാഅത്തിനെ കൂടുതൽ പരിചയപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്. ഇപ്പോഴും അവിടെ ഒരുപാട് സാധ്യതകളുണ്ട്.

ഹെയ്റ്റി യിൽനിന്നുള്ള മിസ്റ്റർ ജോൽ ടോറിന്നെ അദ്ദേഹം ഹെയ്റ്റിയിലെ മതകാര്യമന്ത്രാലയത്തിന്റെ പ്രതിനിധിയായാണ് യു.കെ ജൽസയിൽ പങ്കെടുത്തത്. പറയുന്നു: "ഞാൻ ആദ്യമായാണ് ജൽസയിൽ പങ്കെടുക്കുന്നത്. എന്നെ സംബന്ധിച്ചിടത്തോളം ഈ അനുഭവം വളരെയേറെ സ്വാധീനിക്കുന്നതും സന്തോഷദായകവുമാണ്. സംവിധാനങ്ങളെല്ലാം വളരെയേറെ നന്നായിരുന്നു. നാൽപതിനായിരത്തിലധികം ആളുകളുടെ സമ്മേളനത്തിൽ ഒരു തരത്തിലുള്ള അസ്വസ്ഥതയും അനുഭവപ്പെട്ടില്ല. എല്ലാവരും പരസ്പരം സുസ്മേരവദരരായിക്കൊണ്ട് കൂടിക്കാഴ്ച നടത്തുന്നുണ്ടായിരുന്നു. ഓരോരുത്തരും തന്നെക്കൊണ്ട് മറ്റൊരാൾക്ക് പ്രയാസമുണ്ടാകരുതെന്ന നിലയിലാണ് കാണപ്പെട്ടത്. മാത്രമല്ല ഓരോരുത്തരും മറ്റുള്ളവരുടെ സൗഖ്യത്തെയാണ് പരിഗണിച്ചിരുന്നത്. ഈ കാര്യങ്ങളൊന്നുംതന്നെ മറ്റൊരു മതപരമോ ഭൗതികമോ ആയ സമ്മേളന ങ്ങളിലൊന്നും ഞാൻ കണ്ടിട്ടില്ല." ഹദ്റത്ത് മസീഹ് മൗഊദ്(അ)വിവരിച്ച ജൽസയുടെ ലക്ഷ്യവും ഇതു തന്നെയാണ്. (ശഹാദത്തുൽ ഖുർആൻ, റൂഹാനീ ഖസാഇൻ വാല്യം 6, പേജ് 395) പറയുന്നു: വ്യത്യസ്ത സംസ്കാരത്തിലും വർണത്തിലും വംശത്തിലുമുള്ള ആളുകൾ ഒരേ കുടുംബത്തിലെ അംഗങ്ങളെപ്പോലെ പരസ്പരം കണ്ടുമുട്ടുന്നുണ്ടായിരുന്നു. ഒരേ തരത്തിലുള്ള ഭക്ഷണം എല്ലാ ദിവസവും വ്യത്യസ്ത സമൂഹങ്ങളിലുള്ള ആളുകൾക്ക് വളരെ താൽപര്യമുള്ള ഭക്ഷണംമെന്ന നിലയ്ക്ക് കഴിക്കുന്നുണ്ടായിരുന്നു. എനിക്ക് അന്വേഷിക്കുന്നതിന് താൽപര്യമുണ്ടായിരുന്നതുകൊണ്ട് ഞാൻ ആഫ്രിക്കയിൽനിന്നുവന്ന ഒരു അതിഥിയോട് ചോദിച്ചു: എന്തുകൊണ്ടാണ് ഒരു കാര്യത്തിലും ഒരു ആക്ഷേപവും മറ്റാർക്കും ഇല്ലാത്തത്? ആ ആഫ്രിക്കക്കാരൻ പറഞ്ഞു: ഇവിടെ ജൽസയിൽ ഞങ്ങൾ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാനും കാലത്തിന്റെ ഖലീഫയെ കാണാനും അദ്ദേഹവുമായുള്ള കൂടിക്കാഴ്ചക്കുംവേണ്ടിയാണു വരുന്നത്. അതുകൊണ്ട് മറ്റു ഭൗതിക കാര്യങ്ങൾക്കൊന്നും ഞങ്ങൾ ഒരു പ്രസക്തിയും കൊടുക്കുന്നില്ല. അദ്ദേഹം പറയുന്നു: ഈ കാര്യം എന്നെ വളരെയേറെ സ്വാധീനിച്ചു. തുടർന്ന് ജമാഅത്തിനെ ശ്ലാഘിച്ചുകൊണ്ട് പറയുന്നു: ജമാഅത്ത് എതിർപ്പുകളുണ്ടായിട്ടുകൂടി ലോകത്ത് സമാധാനം പരത്താൻ ശ്രമച്ചുകൊണ്ടിരിക്കുന്നു. അഹ്മദികൾക്കിടയിൽ പരസ്പരം ഒരു വിധത്തിലുള്ള പ്രത്യേക പരിഗണനയും നല്കപ്പെടുന്നില്ല. എല്ലാവരും തുല്യരാണ്. ഞാൻ ആദ്യമായാണ് ഇങ്ങനെ ഒരു കാഴ്ച കാണുന്നത്. വിവിധ പ്രായത്തിലുള്ള ആളുകൾ വളണ്ടിയറായി വിവിധ സേവനങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു. ട്രാഫിക് കൺട്രോൾ, പാർക്കിംഗ്, കാറ്ററിംഗ്, വാട്ടർ സപ്ലൈ എല്ലാ ഭാഗത്തും അച്ചടക്കമുണ്ട്. എല്ലാവരും സേവനം എന്ന വികാരത്തിലാണുള്ളത്. പറയുന്നു: ഞാൻ അഹ്മദികളിൽ നിരവധി പ്രത്യേകതകൾ കാണുകയുണ്ടായി. അതൊന്നുംതന്നെ ഇന്നേവരെ എനിക്ക് മറ്റൊരു സ്ഥലത്തും കാണാൻ കഴിഞ്ഞിട്ടില്ല.

ഞാൻ നിരവധി മത പണ്ഡിതന്മാരുടെ പ്രഭാഷണങ്ങൾ കാണുകയും കേൾക്കുകയും ചെയ്തിട്ടുണ്ട്. എല്ലാവരും തങ്ങൾ പറയുന്നത് കേൾക്കുക എന്നാണ് പറയുന്നത്. പക്ഷേ, ഖലീഫത്തുൽ മസീഹ് അല്ലാഹുവിന്റേയും നബി(സ)തിരുമേനിയുടേയും വാഗ്ദത്ത മസീഹ്(അ)ന്റേയും കാര്യങ്ങൾ കേൾപ്പിച്ചുകൊണ്ട് പറയുന്നു, നിങ്ങൾ ഇത് കേൾക്കുകയും ഇതിനെ പിന്തുടരുകയും ചെയ്യുക.

അദ്ദേഹം പറയുന്നു:ഈ കാര്യം എന്നെ സംബന്ധിച്ചിടത്തോളം ഏറെ ആശ്ചര്യവഹമായിരുന്നു. മൂന്നു ദിവസവും ജൽസാഗാഹിൽ ഇരുന്നു പ്രസംഗങ്ങൾ കേൾക്കുകയും അഹ്മദികളേക്കാളുമധികം ശ്രദ്ധയോടെ ശ്രവിക്കുകയും വിവിധ പ്രസംഗങ്ങളുടെ നോട്ട്സുകൾ തയ്യാറാക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ കൈയിൽ ഒരു ഡയറി ഉണ്ടായിരുന്നു. അതിൽ നോട്ട്സുകൾ കുറിക്കുന്നുമുണ്ടായിരുന്നു. ഏതെങ്കിലും കാര്യം മനസ്സിലായില്ലെങ്കിൽ അടുത്തിരിക്കുന്ന ആളോട് അതിന്റെ അർഥം ചോദിക്കുമായിരുന്നു. അദ്ദേഹം പറയുന്നു: 'ഞാൻ അഹ്മദി അല്ലെങ്കിൽപോലും ഈ ജൽസയിൽ പങ്കടുത്തതിനുശേഷം ഞാൻ അഹ്മദിയ്യാ ജമാഅത്തിന്റെ വക്താവായിത്തീർന്നിരിക്കുന്നു. എനിക്ക് എവിടെ മുസ്‌ലിമീങ്ങളെ കുറിച്ച് പരാമർശിക്കേണ്ടി വന്നാലും ശരിയായ കർമങ്ങൾ ചെയ്യുന്ന മുസ്‌ലിമീങ്ങൾ അഹ്മദികളാണെന്ന് ഞാൻ പറയുന്നതാണ്. ഞാൻ നിങ്ങളെ പ്രതിരോധിക്കുന്നതാണ്.'

ഇതേപോലെ ഇന്തൊനേഷ്യയിലെ മതകാര്യ വിഭാഗം മുൻമന്ത്രി ലുഖ്മാൻ ഹക്കീം സയ്ഫുദ്ദീൻ സാഹിബ് പറയുന്നു: ജൽസയിൽ പങ്കെടുത്തതുകൊണ്ട് ഞാൻ വളരെയധികം അഭിമാനിക്കുന്നു. എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ് എന്ന നിങ്ങളുടെ മുദ്രാവാക്യം ഞാൻ ലണ്ടൻ എയർപോർട്ട് മുതൽ ജൽസാഗാഹുവരെയും കാണാൻ തുടങ്ങിയതാണ്. ജൽസയുടെ ദിവസങ്ങളിൽ അതു തന്നെയാണ് അനുഭവപ്പെട്ടത്. എല്ലായിടത്തും ഉന്നതമായ അതിഥി സൽക്കാരത്തിന്റെ ദൃശ്യമാണ് കണ്ടത്. വളരെ ഉറച്ചസഹോദര്യബന്ധം കാണാനിടയായി. പരസ്പരം കാണുമ്പോൾ പുഞ്ചിരി തൂകിക്കൊണ്ട് ആശംസകൾ നേരുകയും പ്രാർഥനകൾ നൽകുകയും ചെയ്യുന്ന ദൃശ്യം ഞാൻ കണ്ടുകൊണ്ടിരുന്നു.

ഗാംബിയയിൽനിന്ന് ജൽസയിൽ പങ്കെടുത്ത വാർത്താ വിതരണ വകുപ്പ് മന്ത്രി ലാമീൻ എസ്സായി ജാമേ സാഹിബ് പറയുന്നു: ഞാൻ 2023-ലെ ജൽസയുടെ സംവിധാനങ്ങളിൽ വളരെയേറെ പ്രഭാവിതനാണ്. അതിലേറ്റവും ആശ്ചര്യവഹമായ കാര്യം നിസ്വാർഥമായി തങ്ങളുടെ ഡ്യൂട്ടികൾ

## • അമീറുൽ മുഅ്മിനീന്റെ ഉപദേശം •

**ഏതുകാര്യങ്ങൾക്കാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽനിന്ന് പ്രതിജ്ഞ വാങ്ങിയത് അതനുസരിച്ച് ജീവിക്കാൻ ശ്രമിക്കുക (സന്ദേശം ജൽസാസാലാന ഡന്മാർക്ക് 2019)**

ത്വാലിബെ ദുആ:
C.K.MANSOOR & FAMILY
JAMA-ATH AHMADIYYA, PATHAPIRIYAM

## • കലാമുൽ ഇമാം •

**"ഏറ്റവും പ്രിയങ്കരവും ഏറ്റവും സ്നേഹമുള്ളതുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം പ്രിയപ്പെട്ടതും മാന്യമായിട്ടുള്ളതുമായ പദവി ലഭിക്കുകയില്ല."(മൽഫൂദാത്ത് വാല്യം 1, പേജ് 64)**

ത്വാലിബെ ദുആ:
P.Abdul Ameer
Ahmadiyya Jama-ath Pathapiriyam, Kerala

നിർവഹിക്കുന്ന പ്രവർത്തകരുടേതാണ്. അച്ചടക്കം പൂർണമായും പാലിക്കപ്പെടുന്നുണ്ടായിരുന്നു. ഇത്രയും വലിയ ഒരു സമ്മേളനത്തിൽ എവിടെയും ഉന്തും തള്ളും അതല്ലെങ്കിൽ വഴക്കും വക്കാണവും കാണാൻ കഴിഞ്ഞില്ല. എല്ലാ സംവിധാനവും വളരെ നല്ല രീതിയിലാണ് ചെയ്യപ്പെട്ടിരുന്നത്. ഒരു ന്യൂനതയും കാണപ്പെട്ടില്ല. മറ്റൊരു കാര്യം എനിക്ക് കാണാൻ കഴിഞ്ഞത് അഹ്മദികൾക്ക് തങ്ങളുടെ ഇമാമിനോടുള്ള അകൈതവമായ സ്നേഹമാണ്. അതിനു തത്തുല്യമായത് മറ്റെവിടെയും കാണാൻ കഴിയില്ല. ഇന്ന് ഭൂമുഖത്ത് യഥാർഥ സാഹോദര്യത്തിന്റെ ജീവൽപ്രതീകം അഹ്മദിയ്യ ജമാഅത്തിലാണ് കാണാൻ കഴിയുന്നതെന്ന് അംഗീകരിക്കാതിരിക്കാൻ എനിക്ക് സാധ്യമല്ല. എല്ലാവരും പുഞ്ചിരിച്ചുകൊണ്ട് വർണ വർഗ വ്യത്യാസമില്ലാതെ കൂടിക്കാഴ്ച നടത്തുന്നത് നൂറ്റാണ്ടുകളായി പരസ്പരം പരിചയമുള്ളവരെ പോലെയാണ്. തുടർന്ന് ഗാംബിയയിലുള്ള അഹ്മദിയ്യാ ജമാഅത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് അദ്ദേഹം എഴുതുന്നു: 'ഞങ്ങൾ ജമാഅത്തിന്റെ ഈ സേവനങ്ങളെ വളരെയേറെ വിലമതിക്കുന്നു.'

ഗാംബിയയിൽ നിന്നുള്ള സർക്കാർ വക്താവ് എബറിമ ജി സൻകരേഹ്, ഇദ്ദേഹം രാഷ്ട്രപതിയുടെ ഡയാസ്പോറയാണ്, പറയുന്നു: ജൽസയുടെ വിജയം ജൽസയുടെ സംവിധാനങ്ങളുടെ വിജയത്തിന്റെ പ്രകടമായ ചിത്രമാകുന്നു. അച്ചടക്കം, പ്രതിനിധികളുടെ പരസ്പരസാഹോദര്യം, സ്നേഹവായ്പ് തുടങ്ങിയവയെല്ലാം കാണേണ്ടതുതന്നെയാണ്. പ്രഭാഷണങ്ങളെല്ലാം വിജ്ഞാനഭരിതങ്ങളായിരുന്നു. പ്രഭാഷകർ പരസ്പരം സ്നേഹത്തിന്റേയും സമാധാനത്തിന്റേയും അന്തരീക്ഷം സ്ഥാപിക്കുന്നതിനാണു ഉപദേശിച്ചത്. കാലത്തിന്റെ ഖലീഫയുടെ ഉൽഘാടന-സമാപന പ്രഭാഷണങ്ങളിൽ സമൂഹത്തിലെ അവശരും ദരിദ്രരുമായ ആളുകളോടു നല്ല രീതിയിൽ പെരുമാറുന്നതിനുവേണ്ടിയുള്ള ഉപദേശങ്ങൾ എന്നിൽ വലിയ സ്വാധീനമാണ് ചെലുത്തിയത്. വ്യക്തിപരമായി സമൂഹത്തിലെ വിവിധ നിലയിലുള്ള വൃദ്ധരോടും യുവാക്കളോടുമുള്ള കൂടിക്കാഴ്ചയിൽ എനിക്കുണ്ടായ പ്രത്യാശയെന്തെന്നാൽ, ഇന്ന് പ്രയാസങ്ങളുണ്ടെങ്കിലും ഭാവി ഭാസുരമാണ് എന്നതാണ്. അദ്ദേഹം സ്വന്തം നിലയ്ക്കും ആളുകളെ കാണുന്നുണ്ടായിരുന്നു. ഇവിടെ കണ്ടുമുട്ടിയ ആളുകൾ മനുഷ്യ കുലത്തിനു മുഴുവനും സമാധാന സങ്കേതം ഒരുക്കാൻ പരിശ്രമിക്കുന്നവരാണ്. അദ്ദേഹം പറയുന്നു: ഈ ജമാഅത്ത് എങ്ങനെയാണ് വ്യത്യസ്ത രാജ്യങ്ങളിൽനിന്ന് വന്നിട്ടുള്ള നാല്പതിനായിരത്തിലധികം മുസ്‌ലിം അതിഥികൾക്ക് ആതിഥ്യം അരുളുന്നതെന്ന കാര്യം എന്നെ അത്ഭുതപ്പെടുത്തുകയുണ്ടായി. അവസാനമായി പറയട്ടെ. യുവസമൂഹം ആവേശഭരിതരായി സേവന തൽപരതയോടെ ജോലികൾ ചെയ്യുന്നത് വളരെയേറെ സ്വാധീനം ചെലുത്തുന്ന സംഗതിയാണ്.

അവരുടെ അച്ചടക്കവും സംവിധാനത്തിനോടുള്ള ബഹുമാനവും നിസ്വാർഥ സേവനങ്ങളും എന്റെ മനോമുകുരത്തിൽ മായാത്ത മുദ്രകൾ അവശേഷിപ്പിക്കുന്നു. ലോകത്തിന്റെ ഭാവിഭാസുരമാണ്. കാരണം ഇത്തരം യുവാക്കൾ ലോകത്തിലെ ഏറ്റവും നല്ല ഇടമൊരുക്കാൻ സന്നദ്ധരാണ്. ചുരുക്കത്തിൽ നമ്മുടെ യുവാക്കളുടെ അന്യർക്കുമേലുള്ള ഈ സ്വാധീനം ഒരു നിശബ്ദ തബ്‌ലീഗുതന്നെയാണ്.

ലൂയിസ് കാർലോസ് ഡാ സിൽവാ പത്ര പ്രതിനിധിയാണ്. മെട്രോ പോലീസ് ബ്രസീലിൽ നിന്നാണ് വന്നത്. അദ്ദേഹം പറയുന്നു: 'ഇവിടെയുള്ള എല്ലാ കാര്യങ്ങളും ഇഷ്ടപ്പെട്ടു. നൂറ്റി പതിനെട്ട് രാഷ്ട്രങ്ങളിൽ നിന്നുള്ള ആളുകൾ ഒരു സ്ഥലത്ത് സാഹോദര്യത്തിന്റെ അന്തരീക്ഷത്തിൽ ഒരുമിച്ചു കൂടുക എന്നത് മറ്റാർക്കുംതന്നെ നടത്താൻ സാധ്യമല്ല. ജനങ്ങളുടെ പരസ്പരമുള്ള ആദരവും സൽസ്വഭാവവും സന്മനസ്സും സഹാനുഭൂതിയോടെ കണ്ടുമുട്ടുന്നതും എനിക്ക് വളരെയേറെ ഇഷ്ടമായി. തുടർന്ന് അദ്ദേഹം ജൽസയുടെ പ്രോഗ്രാമുകളെയും ട്രാൻസ്പോർട്ട് സംവിധാനത്തെയും പ്രശംസിക്കുകയുണ്ടായി. അതിഥികൾക്ക് വളരെ നല്ല സംവിധാനമായിരുന്നു. ഇതെല്ലം അനിതര സാധാരണമാണ്. മറ്റൊരുകാര്യം ഞാൻ പറയാനാഗ്രഹിക്കുന്നു. ഇത്രയും വലിയ ഒരു സമ്മേളനത്തിൽ ആയിരക്കണക്കിനാളുകൾ ജോലി ചെയ്യുന്നതു കണ്ടു. അവരിലാരിലുംതന്നെ ഒരു തരത്തിലുള്ള പ്രദർശനപരതയും ഉണ്ടായിരുന്നില്ല. സന്നദ്ധസേവകർ എത്രമാത്രം നിസ്വാർഥമായിട്ടാണ് സേവനം ചെയ്തിരുന്നത്. എന്നല്ല ഒരു ആവേശത്തോടും വികാരത്തോടുംകൂടി പ്രവർത്തിക്കുന്നതാണ് കണ്ടത്.

സ്പെയിനിൽ നിന്നുവന്ന സംഘത്തിലുണ്ടായിരുന്ന ഒരാൾ തൊഴിൽപരമായി ചരിത്രകാരനും ആർക്കിവിസ്റ്റും ആയിരുന്നു. ഇദ്ദേഹം ഖുർത്വബായിലെ അൽഉൻദലസ് ലൈബ്രറിയിൽ സേവനം ചെയ്യുന്നു. ഇദ്ദേഹം പറയുന്നു: 'ജൽസ സാലാനയുടെ ക്ഷണമനുസരിച്ചാണ് ഞാൻ വന്നത്. ഞാൻ വളരെയേറെ നന്ദിയുള്ളവനാണ്. ഞാൻ നിങ്ങളിൽനിന്ന് ഇസ്‌ലാമിനെയും ഇസ്‌ലാമിക സംസ്കരത്തെയും കുറിച്ച് ഒരുപാട് കാര്യങ്ങൾ പഠിച്ചു. നിങ്ങൾ വലിയ ആദിത്യവും ആദരവുമാണ് നൽകിയത്. അതെനിക്ക് ഒരിക്കലും വിസ്മരിക്കാൻ സാധ്യമല്ല. വിവിധ മതങ്ങളും സംസ്കാരവുമായി ബന്ധമുള്ള ഇത്രയധികമാളുകൾ ഒരുമിച്ചു കൂടുന്നത് ഞാൻ ആദ്യമായാണ് കാണുന്നത്. തീർച്ചയായും ഇവരെല്ലാവരും അല്ലാഹുവിനോടുള്ള സ്നേഹം മുൻനിറുത്തിയാണ് ഒരുമിച്ചുകൂടിയിട്ടുള്ളത്. അഹ്മദിയ്യ ജമാഅത്ത് ഈ കാലഘട്ടത്തിൽ ഉറച്ച തീരുമാനങ്ങളുടെയും കഠിനാധ്വാനത്തിന്റേയും ഉന്നതമാതൃകയാണ് സ്ഥാപിച്ചിട്ടുള്ളത്. ഈ മാതൃക ഞാൻ ദിവസവും എന്റെ ജീവിതത്തിൽ അവലംബിക്കുന്നതാണ്. എനിക്കും ഇതൊരു പാഠമാണ്.' ഇറ്റലിയിൽനിന്ന് പത്രപ്രവർത്തകനായ മാർകോ റസ്പിന്റി വന്നിരുന്നു. ഇദ്ദേഹം ഒരു പത്രത്തിന്റെ ചീഫ് എഡിറ്ററാണ്. പറയുന്നു: 'ഞാൻ ജൽസയെ സംബന്ധിച്ച് നേരത്തെയും കേൾക്കുക യും വായിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ, അതിൽ പങ്കെടുക്കുന്നത് തികച്ചും ഒരു വേറിട്ട അനുഭവമാണ്. ഞാൻ പ്രവർത്തകരുടെ ജോലികൾ കണ്ടപ്പോൾ ഏറെ പ്രഭാവിതനായി. അതോടൊപ്പം മറ്റൊരു സംഗതി ഞാൻ കണ്ടത് വളരെ നല്ലനിലവാരത്തിലുള്ള അച്ചടക്കമാണ്. അതിത്രയും വലിയ ഒരു പരിപാടിയെ സംബന്ധിച്ചിടത്തോളം വളരെ പ്രയാസകരമായൊരു കാര്യമാണ്. ഇത്രയും വലിയ ഒരു പരിപാടിയിൽ അച്ചടക്കവും ശുചിത്വവും ഒരു നിസ്സാര കാര്യമല്ല. മറ്റൊരു സംഗതി ജൽസയിൽ വളരെ പ്രധാനപ്പെട്ടതായി ഞാൻ കണ്ടത് നമസ്കാരമായിരുന്നു. ഓരോരുത്തർക്കും നമസ്കാരം വളരെ പ്രധാനപ്പെട്ട കാര്യമായിരുന്നു. വാസ്തവത്തിൽ ഞാൻ മുസ്‌ലിമല്ല, എന്നാൽ, അഹ്മദികൾ നമസ്കരിക്കുന്നത് കണ്ടപ്പോൾ ഇത് ഓരോ മനുഷ്യന്റേയും പ്രഥമ കടമയാണെന്ന് എനിക്ക് തോന്നി. അതിൽ ആയിരക്കണക്കിനാളുകളെ വളരെ താൽപര്യത്തോടെയും ശ്രദ്ധയോടെയും കണ്ടപ്പോൾ എനിക്ക് വളരെ സന്തോഷമുണ്ടായി. ഒരു പത്രപ്രവർത്തകൻ എന്ന നിലക്ക് ഞാൻ ഒരുപാടാളുകളെ കണ്ടു. പഴയ ആളുകളെയും പുതിയ ആളുകളെയും കണ്ടു. പരിചയമുള്ളവരെയും എനിക്ക് കാണാൻ കഴിഞ്ഞു. അഹ്മദിയ്യ ജമാഅത്തിന്റെ ചരിത്രത്തെ കുറിച്ചും എനിക്ക് ഒരുപാടു കാര്യങ്ങൾ മനസ്സിലായി.'

സെനഗളിലെ കോൾഡാ റീജിയണിലെ ഗവർണർ സേറനദാവു സാഹിബും ജൽസയിൽ പങ്കെടുത്തിരുന്നു. അദ്ദേഹം പറയുന്നു: 'ഞാൻ ജൽസയിൽ ആദ്യമായിട്ടാണ് പങ്കെടുക്കുന്നത്. പക്ഷേ, ഞാൻ ആത്മാർഥമായി ഒരു കാര്യം പറയട്ടെ, ഞാൻ ജൽസയിൽ കണ്ട അച്ചടക്കം ഇതിനു മുമ്പേ എവിടെയും കണ്ടിട്ടില്ല. അഹ്മദികൾക്ക് ഖലീഫയോടുള്ള സ്നേഹം വാക്കുകൾകൊണ്ട് വിവരിക്കാൻ സാധ്യമല്ല. ഞാൻ ഗവർണർ എന്ന നിലക്ക് ഒരുപാട് യാത്രകൾ ചെയ്തിട്ടുണ്ട്. പക്ഷേ, ഇത്തരം സ്നേഹത്തിന്റെ മാതൃക എവിടെയും കണ്ടിട്ടില്ല. ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ഇവിടെ വായിച്ച ഉദ്ധരണികൾ എന്റെ ഹൃദയത്തിൽ ഇടം പിടിച്ചിരിക്കുന്നു. എന്റെ മനസ്സിനെ അതു വല്ലാതെ സ്വാധീനിച്ചിട്ടുണ്ട്. ജൽസയിൽ ഞാൻ കണ്ട മറ്റൊരു പ്രത്യേകത ത്യാഗമനോഭാവമാണ്.' ഹദ്റത്ത് മസീഹ് മൗഊദ് (അ) ജൽസയുടെ ഉദ്ദേശ്യങ്ങൾ പറഞ്ഞ കാര്യം പരസ്പരം ത്യാഗത്തിനു തയ്യാറാകണമെന്നാണ്, അതാണ് അദ്ദേഹം ഇവിടെ കണ്ടത്. അദ്ദേഹം പറയുന്നു: 'ഓരോരുത്തരും അപരന് മുൻഗണന നൽകുകയായിരുന്നു. ഞാൻ വിദ്യാർഥിയായിരിക്കുമ്പോൾ ഖിലാഫത്തിനെ കുറിച്ച് കേട്ടിട്ടുണ്ടായിരുന്നു. എന്നാൽ, യഥാർഥവും സത്യസന്ധവുമായ ഖിലാഫത്ത് എനിക്ക് അഹ്മദിയ്യ ജമാഅത്തിൽ മാത്രമാണ് കാണാൻ കഴിഞ്ഞത്. മുഴുവൻ മുസ്‌ലിം ഉമ്മത്തും അഹ്മദിയ്യാ ജമാഅത്തിനെ പിന്തുടരുകയാണെങ്കിൽ തീർച്ചയായും മുസ്‌ലിമീങ്ങൾ വിജയിക്കുന്നതാണ്.'

കൊളമ്പിയായിലെ ഒരു അതിഥി ഉണ്ടായിരുന്നു. റോസോ വലൻഷ്യാ സാഹിബ് പറയുന്നു: ഞാൻ ഇവിടെയുള്ള സമാധാന അന്തരീക്ഷവും സാഹോദര്യവും സ്നേഹവും കാലത്തിന്റെ ഖലീഫയുടെ വിജ്ഞേയമായ പ്രഭാഷണങ്ങളും അഹ്മദികളെയുമെല്ലാം കണ്ടപ്പോൾ അതെല്ലാം എന്നെ വളരെയധികം സ്വാധീനിക്കുകയുണ്ടായി. ജൽസയിൽ ഞാൻ കണ്ട കാര്യങ്ങൾ എനിക്ക് പ്രതീക്ഷയും പ്രത്യാശയും നൽകുന്നു. പ്രയാസകരമായ ഘട്ടങ്ങളിലും അവസ്ഥകൾ നന്നാകുമെന്ന് ഉറപ്പിക്കാൻ കഴിയുന്നു. ദൈവം നമ്മോടൊപ്പമുണ്ട്. ഖലീഫയുടെ സന്ദേശങ്ങൾ എന്റെ ആത്മാവിനെ സ്പർശിക്കുന്നു. കാരണം സമാധാനം വളരെ അത്യാവശ്യവും സുഗമവുമായ ജീവിതത്തിനുള്ള ഉപാധിയാകുന്നു. മാത്രമല്ല അദ്ദേഹം പ്രവർത്തകരെയും വളരെയേറെ പ്രശംസിക്കുകയുണ്ടായി. അത്ഭുതാവഹമായ സംവിധാനമാണിത്. അതിഥി സൽക്കാരം അത്ഭുതപ്പെടുത്തുന്നതായിരുന്നു. എല്ലാ സ്ഥലത്തും പുഞ്ചിരിക്കുന്ന മുഖങ്ങളാണ് കാണപ്പെട്ടത്. ജൽസസാലാനയിലെ സൗജന്യസേവനങ്ങൾ ലോകത്തിനു ഒരു മാതൃകയും ദൈവാന്വേഷകർക്ക് സ്നേഹമയമായ പാഠവുമാകുന്നു.

യു.കെ.യിലെ അർജന്റീന അംബാസഡർ ജേവീർ ഫിഗേറോവ ജൽസയുടെ ഒന്നാം ദിവസം സന്നിഹിതനായിരുന്നു. ജൽസയുടെ സംവിധാനവും അന്തരീക്ഷവും അദ്ദേഹത്തെ എത്രമാത്രം സ്വാധീനിച്ചുവെന്നാൽ അദ്ദേഹം പിന്നീട് ഒരു പരിപാടി സംഘടിപ്പിച്ച് ജൽസയിൽ പങ്കെടുത്ത അർജന്റീനക്കാരേയും തൊട്ടടുത്തുള്ള ലാറ്റിൻ അമേരിക്കൻ രാഷ്ട്രങ്ങളുടെ സംഘങ്ങളെയും തന്റെ സ്ഥാനപതി കാര്യാലയത്തിൽ സൽക്കരിക്കുകയുണ്ടായി. അങ്ങനെ അദ്ദേഹം മറ്റു രാഷ്ട്രങ്ങളുടെ അംബാസഡർമാർക്കും അവിടെ നിയമിതരായിട്ടുള്ള ഡിപ്ലോമേറ്റ്സിനും ജൽസയുടെ സംഘാടനത്തെ കുറിച്ച് പരിചയപ്പെടുത്തുകയുണ്ടായി. അദ്ദേഹം പറയുന്നു: ജമാഅത്തിന്റെ അധ്യാപനങ്ങൾ പ്രത്യേകിച്ചും കർമപരമായ മാതൃകകൾ വളരെ സ്വാധീനിക്കുന്നവയാണ്. അദ്ദേഹം തന്റെ ആഗ്രഹം ഇങ്ങനെ വെളിപ്പെടുത്തുന്നു. എല്ലാ

തരത്തിലുള്ള സഹകരണത്തിനും ഞാൻ തയ്യാറാണ്. പ്രത്യേകിച്ചും രാഷ്ട്രീയ മേഖലയിലും ഡിപ്ലോമേട്സിനും ജമാഅത്തിനെ പരിചയപ്പെടുത്താൻ ശ്രമിക്കുന്നതുമാണ്.

ചിലിയിൽനിന്ന് മൂന്നുപേർ വന്നിരുന്നു. ഇവർ ഒരു ക്രിസ്തീയ സംഘടനയിൽ പെട്ടവരായിരുന്നു. അതിൽ ഡോക്ടർ നേസ്റ്റർ സോത്തോ ക്രിസ്ത്യൻ പ്രീസ്റ്റും തിയോളജിയനുമായിരുന്നു. ചിലിയിലെ ഒരു ക്രിസ്ത്യൻ വിഭാഗത്തിന്റെ സ്ഥാപകനുമാണ്. അദ്ദേഹം പറയുന്നു: എന്നെ ഏറ്റവും കൂടുതൽ ആകർഷിച്ചത് ജമാഅത്തിന്റെ ഐക്യവും പരസ്പരമുള്ള സ്നേഹവുമാണ്.

നാൽപ്പതു വർഷത്തിലധികമായി ലോകത്തിലെ വിവിധ ക്രിസ്ത്യൻ പരിപാടികളിൽ ഞാൻ പങ്കെടുത്ത വരുന്നു. പക്ഷേ, അഹ്മദിയ്യാ ജമാഅത്തിന്റെ ജൽസപോലെ ഇത്രമാത്രം വിശാലമായപരിപാടിയും, മാത്രമല്ല സൗജന്യ സേവനം ചെയ്യുന്ന ആളുകളെയും ഞാൻ മറ്റൊരിടത്തും കണ്ടിട്ടില്ല. ഇദ്ദേഹം വലിയ സ്വാധീനമുള്ള വ്യക്തിയാണ്. അമേരിക്കൻ പ്രസിഡന്റുമായും അമേരിക്കൻ ഭരണകൂടവുമായും ബന്ധമുള്ളയാളാണ്. അവിടെയും ഇദ്ദേഹം തന്റെ മതപരമായ മീറ്റിങ്ങുകൾ സംഘടിപ്പിക്കാറുണ്ട്. അതിൽ ലോകത്തിലെ മത വക്താക്കളെ ഒരുമിച്ചുകൂട്ടുന്നു. അദ്ദേഹത്തിന്റെ വീക്ഷണത്തിൽ നമ്മുടെ ജമാഅത്തിന്റെ ജൽസയുടെ വിജയരഹസ്യം കാലത്തിന്റെ ഖലീഫ മുഖേന സ്ഥാപിതമായ നമ്മുടെ ഐക്യമാണ്.

അദ്ദേഹം പറയുന്നു: ഖിലാഫത്തും ദൈവികാനുഗ്രഹംകൊണ്ട് തന്നെയാണ് സ്ഥാപിതമായിട്ടുള്ളത്. അദ്ദേഹത്തിന്റെ വീക്ഷണത്തിൽ ഇതൊരു അത്ഭുതദൃഷ്ടാന്തമാണ്. അഹ്മദിയ്യാ ജമാഅത്ത് സ്ഥാപിതമായി നൂറ്റിമുപ്പതിലേറെ വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു. ഇതുവരെയും നമുക്കിടയിൽ പരസ്പര ഭിന്നിപ്പോ കക്ഷി വഴക്കുകളോ ഉണ്ടായിട്ടില്ല. അദ്ദേഹം പറയുന്നു: ഞങ്ങളുടെ ഇവാഞ്ചലിക്കൽ സൊസൈറ്റിയുടെയും വിവിധ മുസ്‌ലിം സംഘടനകളുടെയും ഏറ്റവും വലിയ ദൗർബല്യം നേതൃത്വത്തിന് വേണ്ടിയുള്ള പരസ്പര വഴക്കും ഭിന്നിപ്പുമാണ്. എന്നാൽ, ഇതിനുനേരെ വിപരീതമായി നിങ്ങളുടെ ജൽസയുടെ സംവിധാനവും പരിപാടിയും കണ്ടപ്പോൾ നിങ്ങളുടെ ജമാഅത്ത് ഒരു ശരീരം പോലെയാണെന്ന് മനസ്സിലായി. കാലത്തിന്റെ ഖലീഫ ഈ ശരീരത്തിന്റെ ശിരസ്സും മസ്തിഷ്കവുമാകുന്നു. ബാക്കി ജമാഅത്ത് ഈ ശരീരത്തിലെ അവയവങ്ങൾ പോലെയാണ്. അത് മസ്തിഷ്കത്തിൽ നിന്നുള്ള സിഗ്നലും സൂചനകളുമനുസരിച്ച് പ്രവർത്തന നിരതമാണ്. ചുരുക്കത്തിൽ ഖിലാഫത്തിന്റെ പ്രാധാന്യം ഇങ്ങനെ അന്യരും പ്രകടമാക്കി കൊണ്ടിരിക്കുന്നു.

സ്പെയിനിൽ നിന്നുള്ള ഒരു അനുകൂലി സുഹൃത്ത് എലോയ് പേരേസ്‌സാഹിബ് പറയുന്നു:ഒരു രാജാവിന് കൊടുക്കുന്നതിനും അപ്പുറമുള്ള പരിഗണനയാണ് എനിക്ക് ഈ ജൽസയിൽ കിട്ടിയത്. വളരെ ഏറെ പരിഗണിക്കുകയും എല്ലാ സമയത്തും ഗൃഹാതുരത്വം അനുഭവപ്പെടുകയും ചെയ്തു. അഹ്മദിയ്യാ ജമാഅത്തിന്റെ നിസ്വാർഥ സേവകർ നാല്പതിനായിരത്തിലേറെ ജനങ്ങളെ സേവിക്കുന്നത് ഒരു അത്ഭുത ദൃഷ്ടാന്തമാണ്. ഫോട്ടോ പ്രദർശന പരിപാടിയിൽ പങ്കെടുത്തപ്പോൾ എനിക്ക് അഹ്മദിയ്യാ കമ്മ്യൂണിറ്റിയെ കുറിച്ച് ഒരുപാടു കാര്യങ്ങൾ പഠിക്കാൻ കഴിഞ്ഞു. ഇത് സക്രിയവും സജീവ വുമായ ചരിത്രത്തിന്റെ ഒരു ഭാഗമായിരുന്നു. ഈ പരിപാടിക്കിടയിൽ സാഹോദര്യത്തിന്റെ അന്തരീക്ഷമാണ് അനുഭവപ്പെട്ടത്. അദ്ദേഹം പറയുന്നു: ഞാൻ എന്നെ അല്ലാഹുവുമായി ബന്ധിപ്പിച്ചിരിക്കുന്നുവെന്ന് നിങ്ങൾക്ക് ഉറപ്പു നൽകുകയാണ്. ഞാൻ വാസ്തവത്തിൽ മുസ്‌ലിമല്ല. പക്ഷേ, അല്ലാഹു വിവിധ മതങ്ങളിൽ പൊതുവായിട്ടുള്ളതാണ്. തീർച്ചയായും അല്ലാഹു നിങ്ങളോടൊപ്പവും എല്ലാ അഹ്മദികളുടെ കൂടേയുമാണെന്നും ജൽസക്കിടയിൽ കാണാൻ കഴിഞ്ഞു. ഞാൻ ഞായറാഴ്ച ദിവസം അഹ്മദി സഹോദരങ്ങൾ തങ്ങളുടെ വിശ്വാസം പുതുക്കുന്ന കാഴ്ച കണ്ടപ്പോൾ അതെന്നെ ഹഠാതാകർഷിച്ചു. അതിൽ ഭൂരിപക്ഷമാളുകളും വികാരംകൊണ്ടും സന്തോഷംകൊണ്ടും കരയുന്നുണ്ടായിരുന്നു. അവിടെ നടന്ന പ്രസംഗങ്ങളെല്ലാം എനിക്കിഷ്ടപ്പെട്ടു. സഹാനുഭൂതിയില്ലാതെ മതമില്ലെന്നും മനുഷ്യ സമൂഹത്തോടു കരുണ കാണിക്കാത്തവൻ മുസ്‌ലിമോ അല്ലാഹുവിനെ പിൻപറ്റുന്നവനോ അല്ലെന്നുമുള്ള സന്ദേശമാണ് പ്രത്യേകമായും എനിക്ക് കിട്ടിയത്. മസ്ജിദിൽ ദരിദ്രനും ധനാഢ്യനും തമ്മിൽ ഒരുവിധ വ്യത്യാസവുമില്ലാ യിരുന്നു. എനിക്കേറ്റവും ഇഷ്ടപ്പെട്ട സംഗതിയും ഇതുതന്നെയാണെന്ന് ഞാൻ പറയട്ടെ. പിന്നെ അദ്ദേഹം എനിക്കിങ്ങനെ എഴുതി, അങ്ങയെ എനിക്ക് വ്യക്തിപരമായി കാണണം. അദ്ദേഹത്തിന്റെ ടീഷർട്ടിൽ എന്നോടു ഒപ്പിടാൻ ആവശ്യപ്പെടുകയും അങ്ങനെ ആ ഒപ്പുമായി പോവുകയും ചെയ്തു.

കാനഡയിൽ നിന്നുള്ള പാർലമെന്റ് മെമ്പർ കെലെസീബാക് പറയുന്നു; ജൽസയിൽ പങ്കെടുത്തത് എന്നെ സംബന്ധിച്ചിടത്തോളം വളരെ വലിയ കാര്യമാണ്. ഇവിടെ തങ്ങളുടെമതത്തോട് കൂറിന്റെയും നിസ്വാർഥ സേവനത്തിന്റെയും പാഠങ്ങളാണ് കിട്ടുന്നത്. ജമാഅത്തിനുമേലുള്ള ദ്രോഹങ്ങളെ പരാമർശിച്ചുകൊണ്ട് പറയുന്നു: ലോകം മുഴുവൻ ഇതിന്നെതിരിൽ നിൽക്കേണ്ടതാണ്. അഹ്മദി സഹോദരങ്ങളെയും വക്കീൽമാരെയും സഹായിക്കേണ്ടതാണ്. അഹ്മദിയ്യാ മസ്ജിദുകൾ തകർക്കപ്പെടുന്നു. ഇതിന്നെതിരിൽ നമ്മൾ ശബ്ദമുയർത്തണം. അദ്ദേഹം ഒരു ഡയറി കൊണ്ടുവന്നിരുന്നു. ഇവിടെയുള്ള കാര്യങ്ങളുടെയെല്ലാം നോട്സെടുക്കുമെന്ന് അദ്ദേഹം പറയുകയുണ്ടായി. പക്ഷേ, പറയുന്നു, ഞാൻ ഇവിടെയുള്ള കാര്യങ്ങളിൽ എത്രമാത്രം മുഴുകിയെന്നാൽ അത് കേട്ടുകൊണ്ടിരിക്കുകയല്ലാതെ നോട്സുണ്ടാക്കാൻ മറന്നുപോയി.

കാനഡയിൽ നിന്നുള്ള ആന്റിജൻസ് സമൂഹത്തിന്റെ ഉപമേധാവി അലെ ബിയർ പറയുന്നു, ഇവർ സ്ത്രീയാണ്, എന്നെ സംബന്ധിച്ചിടത്തോളം ഈ വർഷം ഞാനെന്റെ നിരവധി ആന്റിജൻസ് നേതാക്കളോടൊപ്പം ജൽസയിൽ പങ്കെടുക്കുന്നു എന്നത് സന്തോഷദായകമാണ്. ആഗോള ബയ്അത്തിന്റെ പ്രോഗ്രാം വളരെയേറെ വികാരഭരിതമായ സ്ഥിതിയാണ് എന്നിലുണ്ടാക്കിയത്. ഞാൻ എന്റെ ജീവിതത്തിൽ ഇത്തരം പരിപാടികൾ കണ്ടിട്ടില്ല. ഇത് ഓരോ വ്യക്തിയെയും മറ്റൊരാളുടെ സമീപത്തേക്കെത്തിക്കുന്നു. എല്ലാവരും വികാരഭരിതരായിരുന്നു. വികാരത്തള്ളിച്ചയാൽ കരയുന്നുമുണ്ടായിരുന്നു.

ആഗോള ബയ്അത്തിന്റെ രീതി ഞങ്ങളുടെ ആരാധനയുമായി സാമ്യമുള്ളതാണ്. പക്ഷേ, ഞങ്ങളുടെ ആരാധനയുമായി സാമ്യമുണ്ടെങ്കിൽ പോലും ഞാൻ എന്റെ ആരാധനയിലൊരിക്കലും ആഗോള ബയ്അത്തിന്നിടയിൽ കണ്ടതുപോലുള്ള ആത്മീയത അനുഭവിച്ചിട്ടില്ല.

ഞാൻ സ്നേഹത്തിൻേറയും സമാധാനത്തിന്റേയും സന്ദേശവുമായാണ് ഇവിടെനിന്ന് പോകുന്നത്. 'എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്' എന്ന നിങ്ങളുടെ സന്ദേശം ഞാൻ എന്റെ സമുദായ ത്തിലും എത്തിക്കുന്നതാണ്. ഇവിടെ വന്നത് എന്നെ സംബന്ധിച്ചിടത്തോളം വളരെ അഭിമാനാർഹമായ കാര്യമാകുന്നു.

ഹോൻഡുറാസിൽനിന്നുള്ള ഒരു ടി.വി.ആങ്കർ പറയുന്നു: ഞാൻ ഖലീഫത്തുൽമസീഹിന്റെ പ്രഭാഷണങ്ങൾ ശ്രദ്ധാപൂർവം കേട്ടു. ജൽസയിൽ പങ്കെടുക്കുകയും പ്രഭാഷകരുടെ പ്രഭാഷണങ്ങൾ ശ്രവിക്കുകയും ചെയ്തു. ഇവർ ഒരു സ്ത്രീയാണ്. അവർ പറയുന്നു: ഇത്രയും വലിയ ഒരു അവസരത്തിലെത്തിപ്പെടാൻ കഴിഞ്ഞത് ഞാനെന്റെ സൗഭാഗ്യമായി കണക്കാക്കുന്നു. നിരവധിയാളുകളെ കാണാൻ എനിക്ക് അവസരം കിട്ടി. അവരിൽ നിസ്വാർഥ സേവനത്തിന്റെ വികാരവും വിനയവുമാണ് ഞാൻ കണ്ടത്. ഇത്രയും സുസജ്ജമായ സംവിധാനം ഞാൻ ഇന്നുവരെയും എവിടെയും കണ്ടിട്ടില്ല. എന്റെ ലജ്ന പ്രഭാഷണത്തിനുശേഷം അവർ പറഞ്ഞു: ഹോൻഡുറാസിൽ ഞങ്ങൾക്ക് എല്ലാവർക്കും സ്ത്രീകളുടെ അവകാശത്തെ കുറിച്ച് അറിയേണ്ടത് അനിവാര്യമാണ്. ഞാൻ സ്വന്തം നിലയ്ക്കും ജനങ്ങൾക്ക് വളരെ പെട്ടെന്ന് മനസ്സിലാകുന്ന രീതിയിൽ ഒരു വിഡിയോയും ഉണ്ടാക്കുന്നതാണ്.

തുർക്കിയിലെ പ്രിന്റിങ് പ്രസ്സിലുള്ള ചില ഉടമസ്ഥരും വന്നിരുന്നു. ഇവർ നമ്മുടെ പല പുസ്തകങ്ങളും സാഹിത്യങ്ങളും അച്ചടിച്ചിട്ടുണ്ട്. വളരെ ഭംഗിയിൽ വിശുദ്ധ ഖുർആനും അവിടെനിന്ന് പ്രസിദ്ധീകരിച്ചിരുന്നു. ബുക്ക് സ്റ്റാളുകളിൽ നിങ്ങൾ അത് കണ്ടിരിക്കും. ഈ പ്രസ്സിന്റെ ഉടമയും വന്നിരുന്നു. അതിന്റെ ഡയറക്ടർ പറയുന്നു: ഇത്രയും വലിയൊരു സമ്മേളനം വളരെ സന്തോഷപ്രദമായ അവസ്ഥയിൽ മോശമായ കാലാവസ്ഥയായിരുന്നിട്ടുകൂടി ഒരുവിധ പ്രയാസവും കൂടാതെ നിങ്ങൾ സംഘടിപ്പിച്ചത് എന്നെ സംബന്ധിച്ചിടത്തോളം വളരെയേറെ അത്ഭുതപ്പെടുത്തുന്ന കാര്യമാണ്. തുടർന്ന് പറയുന്നു: 'ഞാൻ ഇവിടെ കണ്ട ആശ്ചര്യഭരിതമായ ഒരു സംഗതി ഇത്രയും വലിയ സമ്മേളനത്തിൽ ആരുംതന്നെ സിഗരറ്റ് വലിക്കുന്നത് കണ്ടിട്ടില്ല.' ഇതും അന്യർക്കുമേൽ വളരെ സ്വാധീനമുണ്ടാക്കുന്നു. തബ്‌ലീഗിന്റെ പ്രഭാവവുമാണ്. ഡ്യൂട്ടിയിൽ നിയമിക്കപ്പെട്ട പ്രവർത്തകർ അനുസരണയോടെ നല്ല രീതിയിൽ കൽപനകൾ അംഗീകരിക്കുന്നത് ഏറെ കൗതുകകരമായ കാഴ്ചയായിരുന്നു. ചെറിയ ചെറിയ കുട്ടികളായ പ്രവർത്തകരുടെയും യുവാക്കളുടെയും കല്പനകൾ ജനങ്ങൾ അംഗീകരിക്കുന്നു.

മറ്റൊരു കമ്പനിയുടെ ഡയറക്റ്റർ പറയു

(ശേഷം പേജ് 11 ൽ)

## • കലാമുൽ ഇമാം •

'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സ്ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!'(മൽഫൂദാത്ത് വാള്യം 3, പേജ് 38)



SABIR BURQA HOUSE
ALL TYPES OF READYMADE BURQA
ഓർഡർ അനുസരിച്ച് ബുർഖകൾ കൊരിയർ മുഖേന അയച്ചുകൊടുക്കുന്നതാണ്.
CIVIL LINES ROAD, OPP.FOUR STORY QADIAN
CONTACT NO: 98884 45694 (SABIR AHMAD)


## • കലാമുൽ ഇമാം •

"ഏറ്റവും പ്രിയങ്കരവും ഏറ്റവും സ്നേഹമുള്ളതുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം പ്രിയപ്പെട്ടതും മാന്യമായിട്ടുള്ളതുമായ പദവി ലഭിക്കുകയില്ല."(മൽഫൂദാത്ത് വാള്യം 1, പേജ് 64)


ത്വാലിബെ ദുആ: ANWAR SADAT & FAMILY
JAMA-ATH AHMADIYYA,PATHAPIRIYAM

**ജനങ്ങളുമായുള്ള വ്യക്തിപരമായ ബന്ധങ്ങൾ നിങ്ങൾ വർധിപ്പിക്കുക. പ്രബോധനത്തിന് ഓരോരുത്തരുമായും വ്യക്തിപരമായ കൂടിക്കാഴ്ചയും ബന്ധവും വെക്കേണ്ട ആവശ്യമുണ്ട്.**

**നിങ്ങൾ സമ്പൂർണനിലയിൽ തബ്‌ലീഗ് ചെയ്യുക എന്നത് ജനങ്ങളുമായി വ്യക്തിപരമായ ബന്ധമുണ്ടാക്കുന്നതുമായി ബന്ധപ്പെട്ടിരിക്കുന്നു.**

**നിങ്ങളുടെ അവസ്ഥകളനുസരിച്ച് നിങ്ങൾക്കെങ്ങനെ ഉന്നതമായ നിലയിൽ തബ്‌ലീഗ് ചെയ്യാൻ സാധിക്കുമെന്നറിയാൻ എല്ലാ വഴിയിലും നിങ്ങൾക്ക് ചുവടുകൾ വെക്കേണ്ടതായിവരും.**

**സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്രിഹിൽ അസീസുമായി ഐർലാൻഡ് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ നാഷണൽ മജ്‌ലിസ് ആമിലയുടെ ഓൺലൈൻ കൂടിക്കാഴ്ചയും ഉപദേശങ്ങളും നിർദേശങ്ങളും**

സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്രിഹിൽ അസീസ് 2021 ഒക്ടോബർ 24ന് ഐർലാൻഡ് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ നാഷണൽ മജ്‌ലിസ് ആമിലയുമായി ഓൺലൈൻ കൂടിക്കാഴ്ച നടത്തി. ഹുദൂർ ഈ കൂടിക്കാഴ്ചയ്ക്കുവേണ്ടി ഇസ്‌ലാമാബാദിലെ(ടിൽഫോർഡ്) എം.ടി.എ സ്റ്റുഡിയോവിൽ വന്നു. മജ്‌ലിസെ ആമില അംഗങ്ങൾ ഐർലാൻഡിലെ ഏമഹംമ്യ അഹ്മദിയ്യ മസ്ജിദിൽനിന്ന് പങ്കെടുത്തു. വിശുദ്ധഖുർആൻ പാരായണത്തോടെയാണ് പരിപാടിക്ക് തുടക്കം കുറിച്ചത്. ഇതിനുശേഷം സഭാവാസികൾക്ക് ഹുദൂർ അൻവറുമായി സംസാരിക്കാനും പലവിഷയങ്ങളിലും മാർഗദർശനം കരസ്ഥമാക്കാനും സൗഭാഗ്യം ലഭിച്ചു.മജ്‌ലിസെ ആമിലായിലെ ഒരംഗം ചോദിച്ചു:അങ്ങയുടെ അഭിപ്രായത്തിൽ ഇപ്പോഴുണ്ടായിട്ടുള്ള ദുരിലാശരൽ നിന്ന് ലോകമെന്തെങ്കിലും പാഠം പഠിച്ചിട്ടുണ്ടോ?

ഹുദൂർ അൻവർ പറഞ്ഞു:ഐർലാൻഡിൽ ആരെങ്കിലും പാഠം പഠിച്ചതായി താങ്കൾ കാണുന്നുണ്ടോ? എപ്രകാരമാണോ ഹാ ഹൊ, അതുപോലെയാണ് ഭൗതികത. അവരുടെ വ്യവസ്ഥിതി എപ്രകാരമാണോ നടക്കുന്നത് അതേ പ്രകാരമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അപ്പോൾ അല്ലാഹുവിലേക്ക് തിരിഞ്ഞില്ല, തിരിയാനൊട്ട് ആഗ്രഹിക്കുന്നുമില്ല. വെറും സംസാരമാണ്. ഇപ്പോൾ ജർമനിയിൽ എത്രവലിയപ്രളയമാണ് വന്നത്, അവർ പാഠം പഠിച്ചുവോ? ഭക്ഷണത്തിന് ലൈനുകളിൽ നിൽക്കുകയും കരച്ചിൽ വരുകയും ചെയ്തപ്പോൾ അല്പനേരം അവർക്ക് ദൈവത്തെ ഓർമവന്നു! വീണ്ടും അവസ്ഥകൾ ശരിയായപ്പോൾ അതിനുശേഷം എല്ലാം മറന്നു. അല്ലാഹു വിശുദ്ധ ഖുർആനിൽ പറഞ്ഞിട്ടുണ്ട് ഏതെങ്കിലും വിപത്തു വന്ന് പതിക്കുമ്പോൾ, വെള്ളം വലയം ചെയ്യപ്പെടുമ്പോൾ അവർ എന്റെ മുമ്പിൽ കുനിയുന്നു. എന്റെ സഹായം തേടുന്നു. എന്നാൽ, കരയിലെത്തുമ്പോൾ അതേ തിന്മകൾ ചെയ്യാൻ തുടങ്ങുന്നു. അപ്പോൾപ്പിന്നെ അല്ലാഹു ആരാണ്?ഞാനാരാണ്? നിങ്ങളാരാണ് എന്നത് മറന്നു പോകുന്നു!

മറ്റൊരു ആമില അംഗം ചോദിച്ചു:ഇസ്‌ലാം സ്വീകരിക്കുകയെന്നും പിന്നീട് അനുവദനീയമല്ലാത്ത കാര്യങ്ങൾ ഉപേക്ഷിക്കുകയെന്നും പറയാൻ ആർക്കെങ്കിലും അവകാശമുണ്ടോ? അല്ലെങ്കിൽ നിങ്ങൾക്ക് ഇസ്‌ലാം സ്വീകരിക്കണമെങ്കിൽ അനുവദനീയമല്ലാത്ത കാര്യങ്ങൾ ഉപേക്ഷിക്കേണ്ടിവരുമെന്ന് തുടക്കംമുതൽത്തന്നെ നമ്മൾ പറയേണ്ടതല്ലേ?

ഹുദൂർ അൻവർ:നമ്മൾ തബ്‌ലീഗ് അഥവാ പ്രബോധനം നടത്തുന്നത് അംഗസംഖ്യ വർധിപ്പിക്കാൻവേണ്ടി മാത്രമല്ല. തന്റെ ഇസ്‌ലാഹ് അഥവാ സംസ്കരണത്തിനുള്ള ശക്തിയും ഉദ്ദേശ്യവുംതന്നെയില്ലാതെ ആരെയെങ്കിലും ഇസ്‌ലാം-അഹ്മദിയ്യത്ത് സ്വീകരിക്കാൻ ക്ഷണിക്കുന്നതുകൊണ്ട് എന്തു ഫലമാണുള്ളത്? മതം താങ്കളിൽ നിന്നാഗ്രഹിക്കുന്നത് താങ്കൾ താങ്കളുടെ സംസ്കരണം നടത്തുകയും അല്ലാഹുവിന്റെ മുമ്പിൽ കുനിയുകയും അവനോടുള്ള കടമകൾ നിറവേറ്റുകയും ചെയ്യുക എന്നതാണ്. അതിനുപുറമെ താങ്കളുടെ ചില ധാർമികപരമായ നിർബന്ധ കടമകളുമുണ്ട്. അത് അല്ലാഹുവിന്റെ സൃഷ്ടികളുമായി ബന്ധപ്പെട്ടതാണ്. അതുകൊണ്ട് ഇതു ഇസ്‌ലാമിന്റെ അധ്യാപനങ്ങളാണെന്ന് താങ്കൾ അവരോടു പറയുക. അല്ലാഹു പറയുന്നു:താങ്കൾക്ക് താങ്കളുടെ ജീവിതം കാത്തുസൂക്ഷിക്കണമെങ്കിൽ ഈ ഭൗതികമായ ജീവിതം മാത്രമാണുള്ളതെന്ന് കരുതി ബയ്അത്ത് ചെയ്യരുത്. താങ്കൾക്ക് മറ്റൊരു ലോകത്തെ അഭിമുഖീകരിക്കേണ്ടതായിവരും. അത് അനശ്വരമാണ്. അവിടെ താങ്കൾ താങ്കളുടെ സകല കർമങ്ങൾക്കും അല്ലാഹുവിന്റെ മുമ്പിൽ മറുപടി പറയേണ്ടിവരും. താങ്കൾ നന്മകൾ ചെയ്തിട്ടുണ്ടെങ്കിൽ പ്രതിഫലം കിട്ടുന്നതാണ്. തിന്മകൾ ചെയ്തിട്ടുണ്ടെങ്കിൽ ശിക്ഷ ലഭിക്കുന്നതാണ്. ഇങ്ങനെ താങ്കൾ അക്കാര്യം മനസ്സിലാക്കേണ്ടിവരും. ഈ ജീവിതം അനശ്വരമായ ജീവിതമല്ല. താങ്കൾക്ക് വരാൻ പോകുന്ന ലോകത്തെ താങ്കളുടെ മുന്നിൽ വെക്കേണ്ടതായിവരും. അത് മരണത്തിനുശേഷം വരുന്ന ജീവിതമാണ്. അവിടെ താങ്കൾക്ക് താങ്കളുടെ കർമങ്ങളെ സംബന്ധിച്ച് മറുപടി പറയേണ്ടതായി വരും. ഇക്കാര്യങ്ങൾ മനസ്സിലാക്കുകയാണെങ്കിൽ അവർ ഇസ്‌ലാം-അഹ്മദിയ്യത്ത് തീർച്ചയായും സ്വീകരിക്കേണ്ടതാണ്. തങ്ങളുടെ സംസ്കരണത്തിന് ശ്രമിക്കുകയും വേണം. ഇതുകൂടാതെ മറ്റുവല്ലതുമാണെങ്കിൽ ഇസ്‌ലാം-അഹ്മദിയ്യത്തിൽ വെറും ആളുകളെ കൂട്ടിയിട്ട് എന്തു ഫലമുണ്ടാകാനാണ്. അവർ ഒന്നിനും കൊള്ളാത്തവരാണ്. എന്നല്ല അവർ നിങ്ങളുടെ സംവിധാനത്തെതന്നെ മോശമാക്കുന്നതായിരിക്കും. അവർ ആഗ്രഹിക്കുന്നതുതന്നെ അവർ ചെയ്തിരിക്കും. അവർ ക്ലബ്സിലുംകാസിനോസിലും പോകുന്നതായിരിക്കും. മദ്യപിക്കുന്നതായിരിക്കും. വ്യഭിചരിക്കുന്നതായിരിക്കും. അതിനു പുറമെയും ധാരാളം പാപങ്ങളുണ്ട്. അത് അവരുടെ പക്കൽ ദുഃസ്വഭാവങ്ങളല്ല. അവരുടെ ജീവിതത്തിന്റെ ഭാഗമാണ്. പക്ഷേ, ശരീഅത്തിലും ഇസ്‌ലാമിലും അല്ലാഹു പറയുന്നു:ആ എല്ലാ തിന്മകളും ഉപേക്ഷിക്കേണ്ടിവരും. അല്ലാഹു ഉണ്ടാക്കിയിട്ടുള്ള സൽകർമങ്ങൾ മനുഷ്യനുണ്ടാക്കിയിട്ടുള്ള സൽകർമങ്ങളിൽനിന്ന് വേറിട്ടതാണ്. മറ്റൊരു ജീവിതമുണ്ട്, അതു മരണത്തിനുശേഷം ലഭിക്കുന്നതാണെന്ന് നിങ്ങൾ മനസ്സിലാക്കണമെന്ന് അവരോടു പറയുക. അത് അനശ്വരമായ ജീവിതമാണ്. അവർ ഇക്കാര്യം മനസ്സിലാക്കുകയാണെങ്കിൽ ശരി. ഇല്ലെങ്കിൽ അംഗസംഖ്യവർധിപ്പിക്കേണ്ട ഒരു ആവശ്യവുമില്ല. ശരിയല്ലേ?

രാജ്യത്തുമുഴുവൻ തബ്‌ലീഗ് പ്രവർത്തനം നടത്തേണ്ടതിനെ സംബന്ധിച്ച് ഹുദൂർ പറഞ്ഞു:നിങ്ങൾ ജനങ്ങളുമായുള്ള വ്യക്തിപരമായ ബന്ധങ്ങൾ വർധിപ്പിക്കുക. പ്രബോധനത്തിന് എല്ലാ ഓരോരുത്തരുമായും വ്യക്തിപരമായ കൂടിക്കാഴ്ചയും ബന്ധവും വെക്കേണ്ട ആവശ്യമുണ്ട്. ജനങ്ങളെ സൽക്കാരത്തിനു ക്ഷണിക്കുക. വ്യക്തിപരമായ ബന്ധങ്ങളുണ്ടാക്കുക. ഇത് ജനങ്ങളുമായി വ്യക്തിപരമായ ബന്ധങ്ങളുണ്ടാക്കുന്നതിൽമാത്രം ക്ലിപ്തമാക്കപ്പെട്ടതല്ല. വെറും നോട്ടീസുകൾ മാത്രം വിതരണം ചെയ്താൽ പോരാ. ആരൊക്കെയാണ് അത് വായിച്ചതെന്ന് അറിയാത്തിടത്തോളം നിങ്ങളുടെ അവസ്ഥകളനുസരിച്ച് നിങ്ങൾക്കെങ്ങനെ മെച്ചപ്പെട്ട നിലയിൽ തബ്‌ലീഗ് ചെയ്യാൻ കഴിയും.

ഒരു മുബല്ലിഗ് ഹുദൂറിനോടു ചോദിച്ചു:തദ്ദേശീയരായ അഹ്മദികളുമായി ബന്ധം കൂട്ടുന്നതിനും ചുറ്റുവട്ടത്തുള്ള സഹോദരങ്ങൾക്ക് തബ്‌ലീഗിനുള്ള കൂടുതൽ വഴി തുറക്കുന്നതിനും ഈയടുത്ത് ഒരു സൈക്ലിംഗ് ക്ലബ്ബിൽ പോകാൻ തുടങ്ങി.

ഹുദൂർ: മറ്റു യുവാക്കളേയും അത്തരം ക്ലബ്ബുകളിൽകൊണ്ടുപോകാൻ ഉത്സാഹിപ്പിക്കേണ്ടതാണ്. അവിടെ അവർക്ക് തദ്ദേശിയരുമായി കൂടാൻ കഴിയും. തങ്ങളുടെ ഈമാനിൽ ഉറച്ചു നില്ക്കുക. അങ്ങനെ തങ്ങളുടെ ബന്ധങ്ങൾ വർധിപ്പിച്ച് ജനങ്ങൾക്ക് ഇസ്‌ലാമിന്റെ സമാധാന സന്ദേശങ്ങൾ മനസ്സിലാക്കിക്കൊടുക്കാൻ കഴിയണം.

•••

**• അമീറുൽ മുഅ്മിനീന്റെ ഉപദേശം: •**

**അല്ലാഹുവിനുവേണ്ടി പരസ്പരമുള്ള ബന്ധങ്ങളിൽ സ്നേഹത്തോടും മൃദുലതയോടും പെരുമാറുന്നവർ ആണ് യഥാർഥ തഖ്‌വയിൽ നിലകൊള്ളുന്നവർ.**
**(ജുമുഅ ഖുത്ബ 4-10-2019)**

**• അമീറുൽ മുഅ്മിനീന്റെ ഉപദേശം: •**

**ദൈവം വൻനിധിയാകുന്നു. അവനെ പ്രാപിക്കാൻ, നിർഭാഗ്യങ്ങളെ നേരിടാൻ നിങ്ങൾ തയ്യാറാകണം.(ഇസാലെ ഔഹാം പേ.445)**



ത്വാലിബെ ദുആ:
NEWTECH. INTERNATIONAL(P)LTD, SRINGILS & GLASS WORK ,ERNAKULAM. CONT: 79025 95215


ത്വാലിബെ ദുആ: BYZANTINE BUILDERS
CONSTRUCT ANY WHERE IN KERALA
CONT: 80752 22792

# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം

## (2015 മെയ്, ജൂൺ)

വിവർത്തനം: മൗലവി അമീൻ മുഹമ്മദ് മാത്ര

**2015 ജൂൺ 08 തിങ്കളാഴ്ച**
**വാള്യം 8 ലക്കം 35 പേജ് 11 കോളം 3-ൽനിന്ന് തുടർച്ച.....**

അദ്ദേഹം കുറച്ചുവർഷം മുമ്പേ ജൽസ സാലാനയു.കെ.യുടെ അവസരത്തിൽ ഹുദൂർ അൻവറുമായുള്ള കൂടിക്കാഴ്ചയ്ക്കുശേഷം ബയ്അത്തു ചെയ്തു. എന്നാൽ, അദ്ദേഹത്തിന്റെ ഭാര്യ ബയ്അത്ത് ചെയ്തിരുന്നില്ല.

അദ്ദേഹത്തിന്റെ ഭാര്യ ഇങ്ങനെ പറഞ്ഞു: 'എനിക്ക് മൂന്നു പെൺമക്കളുണ്ട്. എനിക്കു ആൺകുട്ടി ലഭിക്കുകയാണെങ്കിൽ ഞാനും അഹ്മദിയാകുന്നതാണ്.' അവർ ഹുദൂറിന് ദുആയ്ക്കുവേണ്ടി കത്തെഴുതി. അടുത്ത വർഷം അവർ വീണ്ടും ജൽസയിൽ വന്നപ്പോൾ 7 മാസം ഗർഭിണിയായിരുന്നു. കൂടിക്കാഴ്ചയ്ക്കിടയിൽ അവർ കുട്ടിയ്ക്ക് പേരിടാൻ ഹുദൂറിനോടു അപേക്ഷിച്ചു. ഹുദൂർ ആൺകുട്ടിയുടെ പേരുമാത്രം പറഞ്ഞു: 'ജാഹിദ്.'

ജൽസയിൽനിന്ന് മടങ്ങിപ്പോയി അവർ മുബല്ലിഗിനോടു പറഞ്ഞു:'ഡോക്ടർമാർ പറയുന്നത് പെൺകുട്ടിയാണെന്നാണ്. അതുകൊണ്ട് പെൺകുട്ടിയുടെ പേരിനുവേണ്ടി ഹുദൂറിനോടു അപേക്ഷിച്ച് ഒരു കത്തയക്കുക.' മുബല്ലിഗ് പറഞ്ഞു: 'ആൺകുട്ടി ഉണ്ടാകുകയാണെങ്കിൽ അഹ്മദിയാകുമെന്ന് നിങ്ങൾ ഹുദൂറിനോടു പറഞ്ഞതല്ലേ? ഹുദൂർ അതുകൊണ്ട് ആൺകുട്ടിയുടെ പേരുമാത്രം ഇട്ടു. അതിനാൽ ഇൻശാ അല്ലാഹ്! ആൺകുട്ടിതന്നെ ഉണ്ടാകും. ഡോക്ടർമാർക്ക് തെറ്റു സംഭവിക്കാറുണ്ട്.' അപ്പോൾ അവർ പറഞ്ഞു, 'ഞാൻ ആദ്യമെതന്നെ അഹ്മദിയായിക്കഴിഞ്ഞിരിക്കുന്നു. എനിക്കിനി ഒരു നിബന്ധനയുമില്ല.'

അങ്ങനെ ആ കുട്ടി ജനിച്ചു. അല്ലാഹു അവർക്ക് ആൺകുട്ടിയെ നല്കി അനുഗ്രഹിച്ചു. അവർ ജൽസയുടെ അവസരത്തിൽ ആ കുട്ടിയേയും കൊണ്ടാണ് വന്നത്. അവർ ആളുകളോടു പറയുന്നുണ്ടായിരുന്നു: 'ഇത് ഖലീഫത്തുൽമസീഹിന്റെ ദുആ സ്വീകാര്യതയുടെ അടയാളമാണ്.'

*ഒരു വക്കീൽ ജാമൃശീ ആശസീ സാഹിബ് കഴിഞ്ഞ ഏഴു വർഷമായി ജൽസയിൽ പങ്കെടുക്കുന്നു. അദ്ദേഹം പറയുന്നു:

'ഇന്ന് ഇസ്‌ലാമിന്റെ യഥാർഥ മുഖം ഖലീഫമാത്രമാണ് വിവരിക്കുന്നത്. മറ്റു മുസ്‌ലിമീങ്ങൾ ഇസ്‌ലാമിന് ദുഷ്പേരുണ്ടാക്കുന്നവരാണ്. ഏതൊരു ഇസ്‌ലാമിന്റെ ചിത്രമാണോ ഹുദൂർ വിവരിക്കുന്നത് വാസ്തവത്തിൽ അതുതന്നെയാണ് യഥാർഥ ഇസ്‌ലാം. ലോകം ഈ ഭാഗത്ത് ശ്രദ്ധിക്കേണ്ടതാണ്.'

*സംഘത്തിലുണ്ടായിരുന്ന ഒരു സ്ത്രീ പറഞ്ഞു:'ഖലീഫത്തുൽ മസീഹ് പറയുന്ന കാര്യങ്ങൾ വ്യക്തിപരമായ ജീവിതവും കുടുംബപരമായ ജീവിതവും നന്നാക്കുന്നതിനുവേണ്ടി മാത്രമല്ല ഗ്യാരന്റി നല്കുന്നത് പ്രത്യുത ഇക്കാര്യങ്ങൾ മൊത്തമായ നിലയിൽ സമൂഹത്തെ നന്നാക്കുന്നതിനും ഗ്യാരന്റി നല്കുന്നുണ്ട്.'

നവഅഹ്മദിയായ സ്വാഹത്ത് ആരിഫോഫ് സാഹിബ് തന്റെ വികാരങ്ങൾ പ്രകടിപ്പിച്ചത് ബൽഗേറിയൻ ഭാഷയിലെഴുതിയ ഒരു പദ്യത്തിലൂടെയാണ്. അതിന്റെ ചുരുക്കമിതാണ്:

അങ്ങയെ എന്റെ പ്രിയപ്പെട്ട അല്ലാഹു തിരഞ്ഞെടുത്തു. അല്ലയോ മുഹമ്മദു(സ)യുടെ ദാസാ! ഇക്കാലഘട്ടത്തിൽ നബി(സ)തിരുമേനിയുടെ സൽസ്വഭാവം കാണാനാഗ്രഹിക്കുന്നവർ അങ്ങയുടെ മുഖകമലം നോക്കിക്കൊള്ളട്ടെ. എന്റെ ഏറ്റവും പ്രിയപ്പെട്ട ഹുദൂർ!ഞാൻ അങ്ങയുടെ കണ്ണിൽ കണ്ണീരിന്റെ ഒരു കണിക കണ്ടു. അത് എന്റെ മനസ്സിന്റെ വരണ്ടുപോയ മണ്ണിനെ പച്ചപിടിച്ചതും സസ്യശ്യാമളവുമാക്കി. അങ്ങയുടെ കണ്ണീരുകൾ മുഖേന ഞാൻ ജർമനിയിൽ സ്വർഗം കണ്ടു. എന്റെ പ്രിയപ്പെട്ട ഹുദൂർഎങ്ങനെയുള്ള മുഅ്ജിസത്താണ് കാണിച്ചതെന്നാൽ എന്നെപ്പോലുള്ള ദരിദ്രവാസിയെ ബൽഗേറിയായിൽ അന്വേഷിച്ചു കണ്ടെത്തി. അല്ലയോ എന്റെ പ്രിയപ്പെട്ട ഹുദൂർ!അങ്ങയുടെ കാരുണ്യത്തിന് ഞാൻ ഹൃദയംഗമമായി നന്ദി പറയുന്നു.

* ബൽഗേറിയൻ സംഘവുമായുള്ള ഹുദൂറിന്റെ ഈ കൂടിക്കാഴ്ച 7 മണിവരെ നീണ്ടുനിന്നു. അവസാനം എല്ലാവരും ഹുദൂറുമൊത്ത് ഫോട്ടോയുമെടുത്തു. ഹുദൂർ എല്ലാവർക്കും പേനകൾ നല്കി. കുഞ്ഞുങ്ങൾക്ക് ചോക്ലേറ്റും നല്കി അനുഗ്രഹിച്ചു. (ബദ്ർ ഉർദു 2015 ഓഗസ്റ്റ് 20-27)

2015 ജൂൺ 9 ചൊവ്വാഴ്ച:

4.30ന് മസ്ജിദിലെത്തിയ ഹുദൂർ സ്വുബ്ഹി നമസ്കാരത്തിന് നേതൃത്വം നല്കി. പിന്നീട് താമസസ്ഥലത്തേക്ക് മടങ്ങി. രാവിലെ ഹുദൂർ ഓഫീസ് സംബന്ധമായ കത്തുകളും റിപ്പോർട്ടുകളും കത്തുകളും പരിശോധിക്കുകയും മാർഗദർശനങ്ങൾ നല്കുകയും ചെയ്തു.

**മസ്ജിദ് ബയ്ത്തുസ്സലാം:**
***ശിലാസ്ഥാപനം***

ഇസെർ ലോൺ പട്ടണത്തിൽ 'ബയ്ത്തുസ്സലാം' മസ്ജിദിന്റെ ശിലാസ്ഥാപന ദിനമായിരുന്നു ഇന്ന്. വെച്ച്ട്ട പട്ടണത്തിൽ 'ബയ്ത്തുൽ ഖാദിർ' മസ്ജിദിന്റെ ഉൽഘാടന പരിപാടിയും ഇന്നായിരുന്നു. ഈ രണ്ടുപരിപാടിക്കുംശേഷം ഒസ്നാബ്രൂക്ക് ജമാഅത്തിൽ ഹുദൂർ രാത്രി തങ്ങുന്നതിനും അവിടെനിന്ന് അടുത്ത ദിവസം ലണ്ടനിലേക്കുള്ള മടക്കവുമായിരുന്നു പരിപാടി.

ഹുദൂർ അൻവർ രാവിലെ 10.45ന് താമസസ്ഥലത്തുനിന്ന് പറത്തുവന്നു. ബയ്ത്തുസ്സുബൂഹ് മസ്ജിദിന്റെ പുറത്തുള്ള വളപ്പിൽ ജമാഅത്തിലെ സഹോദരി സഹോദരന്മാർ കുട്ടികളേയുംകൊണ്ട് നിറഞ്ഞിരുന്നു. സംഘഗാനത്തിന്റെ രൂപത്തിൽ പെൺകുട്ടികൾ യാത്രയയപ്പ് ഗാനങ്ങളാലപിക്കുകയാണ്. പുരുഷന്മാർ ഇരു വരികളിലായി നിലനിന്നിരുന്നു. ഹുദൂർ അൻവർ തന്റെ കൈകൾ വീശിക്കൊണ്ട് അവരുടെയടുക്കലോടെ കടന്നു പോവുകയും തുടർന്ന് സ്ത്രീകൾ നില്ക്കുന്ന ഭാഗത്തേക്ക് നീങ്ങുകയും ചെയ്തു. എല്ലാവരോടുമായി അസ്സലാമുഅലയ്ക്കും പറഞ്ഞതിനുശേഷം ദുആ ചെയ്യിച്ചു.

തുടർന്ന് ഹുദൂറിന്റെ യാത്രാസംഘം പുറപ്പെട്ടു. ഫ്രാങ്ക്ഫർട്ടിൽനിന്ന് ഇസേർ ലോണിലേക്ക് 203 കിലോമീറ്റർ ദൂരമുണ്ട്. ഒരു മണിക്കൂർ 55 മിനുട്ട് യാത്രയ്ക്കുശേഷം 12.40ന് വീർജഹർയെ സീട്ടൻ ഹോട്ടലിലെത്തി. തറക്കല്ലിടൽ പരിപാടിയുമായി ബന്ധപ്പെട്ട് കുറച്ച് സമയം ഹുദൂറിന് ഇവിടെ തങ്ങാനുള്ള ഒരുക്കം നടത്തിയിരുന്നു.

1.05ന് ഇവിടെനിന്ന് ഹുദൂർ മസ്ജിദ് ബയ്ത്തുസ്സലാമിന്റെ ശിലാസ്ഥാപനം നടക്കുന്ന സ്ഥലത്തേക്ക് നീങ്ങി. ഇസേർലോൺപട്ടണത്തിന്റെ പ്രസിദ്ധമായ സ്ഥലമാണിത്.

ഹുദൂറും സംഘവും ഹോട്ടലിൽ നിന്ന് പുറപ്പെട്ടപ്പോൾ പോലീസിന്റെ രണ്ട് മോട്ടോർ സംഘം എസ്കോർട്ട് നല്കി. 5 മിനുറ്റ് യാത്രക്കുശേഷം തറക്കല്ലിടൽ സൈറ്റിലെത്തിയതും ആബാലവൃന്ദം പ്രാദേശിക ജമാഅത്തിലെ സ്ത്രീ പുരുഷന്മാരും ചേർന്നു തങ്ങളുടെ പ്രിയപ്പെട്ട ഹുദൂറിന് ഊഷ്മളമായ വരവേൽപ്പു നല്കി. രാവിലെ മുതൽതന്നെ ഇവർ പ്രിയപ്പെട്ട ഇമാമിനെ പ്രതീക്ഷിച്ച് ഇവിടെ നിലയുറപ്പിച്ചിരുന്നു. ഇന്നവർക്ക് സന്തോഷത്തിന്റേയും ആനന്ദത്തിന്റേയും ദിനമായിരുന്നു. ഈ ഗ്രാമത്തിൽ പ്രിയപ്പെട്ട ഹുദൂറിന്റെ അനുഗൃഹീത പാദങ്ങൾ ആദ്യമായാണ് പതിയുന്നത്. സന്തോഷാതിരേകത്താൽ അവർ ആകാശംമുട്ടെ മുദ്രാവാക്യങ്ങൾ മുഴക്കിക്കൊണ്ടിരുന്നു. ആൺകുട്ടികളും പെൺകുട്ടികളും ഗ്രൂപ്പുകളായി സ്വാഗത ഗീതങ്ങൾ ആലപിച്ചുകൊണ്ടിരുന്നു.

തദ്ദേശ സ്വദ്ർ ആദരണീയരായ റഊഫ് അഹ്മദ് സാഹിബും മിഷണറി സഫീറുർറഹ്മാൻ സാഹിബും ചേർന്ന് ഹുദൂറിൽനിന്ന് ഹസ്തദാനം സ്വീകരിച്ചു. ശേഷം ഹുദൂർ പന്തലിലെത്തുകയും ഔദ്യോഗികമായി ശിലാസ്ഥാപനത്തിന് ആരംഭം കുറിക്കുകയും ചെയ്തു. ആദരണീയനായ സഫീറുർറഹ്മാൻ സാഹിബിന്റെ തിലാവത്തിനുശേഷം അസീസം സആദത്ത് അഹ്മദ് സാഹിബ് തർജമ കേൾപ്പിച്ചു.

**അമീർ സാഹിബിന്റെ ഹ്രസ്വ ഭാഷണം**

ആദരണീയനായ ജർമൻ അമീർ സാഹിബ് പരിപാടിയെ പരിചയപ്പെടുത്തുന്നതിന്റെ ഭാഗമായി സദസ്സിനെ അഭിസംബോധനചെയ്തു.

ഇസേർലോൺ പട്ടണം ജർമനിയിലെ പ്രത്യേക പ്രദേശമായ റൂഹ്ർ ഗെബീറ്റിന്റെ തീരത്ത് സ്ഥിതി ചെയ്യുന്നു. പ്രൊട്ടസ്റ്റന്റ് ചർച്ചിന്റെ പശ്ചിമപ്രദേശ കേന്ദ്രമാണ് ഈ പട്ടണം. മുമ്പേതന്നെ ഈ പട്ടണത്തിൽ മുസ്‌ലിമീങ്ങളുടെ 3 മസ്ജിദുകളുണ്ട്. ഇപ്പോൾ നമ്മൾ നാലാമത്തെ മസ്ജിദിന്റെ ശിലാസ്ഥാപന കർമമാണ്

**• അല്ലാഹുവിന്റെ കലാം: •**

നീ ആദ്യമായി നിന്റെ അടുത്ത ബന്ധുക്കൾക്ക് മുന്നറിയിപ്പു നല്കുക. നിന്നെ പിന്തുടർന്ന സത്യവിശ്വാസികൾക്ക് നിന്റെ സ്നേഹത്തിന്റെ ചിറകു താഴ്ത്തിക്കൊടുക്കുക. (വിശുദ്ധ ഖുർആൻ 26:215 – 216)



tectona
feels more confidence
All Types Of Quality Furniture
ത്വാലിബെ ദുആ: Prop.M. SHAFIQ(8075212141),M.MUSTAFA (9188768150),M.MUNEER(9946871947) KARULAI, MALAPPURAM

THE WEEKLY
AL HAKAM
www.alhakam.org

നിർവഹിക്കുന്നത്.

ജമാഅത്തിന്റെ സ്ഥാപനം ഈ പട്ടണത്തിൽ 1992-ലാണ് നടന്നത്. വാടകക്കെടുത്ത ഒരു ഹാളിൽ ജമാഅത്തിന്റെ പരിപാടികൾ നടന്നു വന്നിരുന്നു. ജമാഅത്തംഗങ്ങളുടെ എണ്ണം വർധിച്ചതിനാൽ ഇപ്പോൾ ഈ ഹാൾ ചെറുതായി.

ഇപ്പോഴുള്ള ഈ സ്ഥലം 2009-ലാണ് കണ്ടെത്തിയത്. 2010 നവംബറിൽ കരാറായി. 1615 ചതുരശ്ര മീറ്ററാണ് ഈ സ്ഥലത്തിന്റെ വിസ്തൃതി. 96715 യൂറോ നല്കിയാണ് വാങ്ങിയത്. പുരുഷന്മാർക്കും സ്ത്രീകൾക്കും ഓരോ നമസ്കാര ഹാളും 12 മീറ്റർ ഉയരമുള്ള ഒരു മിനാരവുമാണ് നിർമിക്കുക. ഗുംബദിന്റെ വിസ്താരം 6 മീറ്ററുണ്ടാകും. 13 വാഹനങ്ങൾക്ക് പാർക്കുചെയ്യാനുള്ള സംവിധാനവുമുണ്ടാകും.

പ്രമുഖരായ ജർമൻ അമുസ്ലിം വ്യക്തിത്വങ്ങൾ സദസ്സിനെ സംബോധന ചെയ്യുന്നു:

ജർമനി അമീർ സാഹിബിന്റെ പ്രഭാഷണത്തിനുശേഷം കൗണ്ടി കമ്മീഷണർ മിസ്റ്റർ തോമസ് ജെംകെ സദസ്സിനെ സംബോധന ചെയ്തു:

അഭിവന്ദ്യരായ ഖലീഫത്തുൽ മസീഹ്! അങ്ങയോടൊപ്പം സംസാരിക്കാൻ അവസരം ലഭിച്ചത് എനിക്കു കൈവന്ന സൗഭാഗ്യമാണ്. ഞാൻ ഇവിടുത്തെ ജില്ലാ ഭരണകൂടത്തിനുവേണ്ടി ഖലീഫത്തുൽ മസീഹിനെ സ്വാഗതം ചെയ്യുന്നു.

ഇസെർ ലോൺ പട്ടണം സ്ഥിതി ചെയ്യുന്ന ഈ പ്രദേശം വളരെ മനോഹരമാണ്. ഈ പട്ടണത്തിൽ വിവിധ വ്യവസായ സ്ഥാപനങ്ങളുണ്ട്. പൂർണമായും പുതുതായി നിർമിതമാകുന്ന ഈ പ്രദേശത്തെ ആദ്യത്തെ മസ്ജിദാണ് ഇതെന്നതിൽ എനിക്കു വളരെ സന്തോഷമുണ്ട്. വിവിധ സംസ്കാരങ്ങളുള്ള ആളുകളും ജനവിഭാഗങ്ങളും ഒരു സ്ഥലത്ത് ഒന്നു ചേർന്ന് താമസിക്കുമ്പോൾ പരസ്പരം സ്നേഹാദരവോടെ പെരുമാറേണ്ടത് അനിവാര്യമാണ്. എല്ലാവരും സമന്മാരാണ്. സ്വന്തം അഭിപ്രായങ്ങൾ പ്രകടിപ്പിക്കാൻ എല്ലാവർക്കും അവകാശമുണ്ട്. എല്ലാവർക്കും സ്വാതന്ത്ര്യവുമുണ്ട്. ഇവിടെ മസ്ജിദ് നിർമിക്കുമ്പോൾ നമുക്കെല്ലാം ഒരുമിച്ചുകൂടി അഭിപ്രായങ്ങൾ പങ്കിടാനുള്ള സ്ഥലം കൈവരുകയും പരസ്പരം മനസ്സിലാക്കാനും അറിയാനുമുള്ള അവസരം ലഭിക്കുകയും ചെയ്യും.

മുസ്ലിമീങ്ങൾ ഇവിടെ സമാധാനത്തോടെ താമസിക്കാനാഗ്രഹിക്കുന്നുവെന്നതിൽ നമുക്ക് അതിയായ സന്തോഷമുണ്ട്. 'എല്ലാവരോടും സ്നേഹം, ആരോടുമില്ല വെറുപ്പ്' എന്ന അഹ്മദിയ്യാ ജമാഅത്തിന്റെ ആപ്തവാക്യം അനുസരിച്ച് നാമെല്ലാവരും പ്രവർത്തിച്ചാൽ സർവ്വ ലോകത്തും സമാധാനം സ്ഥാപിക്കാൻ സാധിക്കുന്നതാണ്. ഒരിക്കൽക്കൂടി ഇന്നത്തെ ഈ പരിപാടിയിലേക്ക് ക്ഷണിച്ചതിൽ നന്ദി പറഞ്ഞുകൊള്ളുന്നു.

* സംസ്ഥാന അസംബ്ലി അംഗം മിസ്റ്റർ മൈക്കേൽ സ്കൈഫ്ലർ സാഹിബ് പറയുന്നു:

അഭിവന്ദ്യരായ ഖലീഫത്തുല് മസീഹ്! ഇവിടേക്ക് എന്നെ ക്ഷണിച്ചതിന് ആദ്യമായി നന്ദി പറയുന്നു. വളരെ സന്തോഷത്തോടെയാണ് ഞാനിവിടെ വന്നത്. നമ്മുടെ പട്ടണത്തിൽ സമാധാനം സ്ഥാപിക്കുന്നതിനും പുരോഗതിക്കും വേണ്ടി അഹ്മദിയ്യാ ജമാഅത്ത് ശ്രമിക്കുന്നുവെന്നതിനാലാണ് എനിക്ക് ഇത്രയധികം സന്തോഷം. ഏതാനും ദിവസങ്ങൾക്കു മുമ്പേ ജമാഅത്ത് ഇവിടെ വനവൽക്കരണ പരിപാടിയും സംഘടിപ്പിച്ചിരുന്നു.

നിങ്ങളുടെ സന്ദേശം സമാധാനത്തിന്റേതാണ്. സമാധാന സന്ദേശവുമായി ഈ പട്ടണത്തിൽ പ്രവർത്തിക്കുന്നവർ ഇവിടെ താസിക്കുന്നവരാണ്. നമ്മൾ അവരെ സ്വാഗതം ചെയ്യുന്നു.

സഹവർത്തിത്വം, ആദരവ്, ഉദ്ഗ്രഥനം തുടങ്ങിയവ കൂടിച്ചേർന്നുള്ള ജീവിതത്തിന് സുപ്രധാനമാണ്. അഹ്മദിയ്യാ ജമാഅത്തിൽ ദർശിക്കുന്ന കാര്യങ്ങളാണ് ഇവയെല്ലാം.

എല്ലാ പൊതുജനങ്ങളുടേയും ഭാഗത്തുനിന്ന് അഹ്മദിയ്യാ ജമാഅത്തിനെ സ്വാഗതം ചെയ്യുകയും നന്ദി പറയുകയും ചെയ്യുന്നു. മസ്ജിദിന്റെ ഉൽഘാടനം അവർ പ്രതീക്ഷിച്ചിരിക്കുകയാണ്. ഇവിടെ സമാധാനത്തോടെ ഒത്തൊരുമിച്ച് ജീവിതം നയിക്കാൻ നിങ്ങളാഗ്രഹിക്കുന്നു എന്നതിന്റെ അടയാളമാണ് മസ്ജിദ് നിർമാണം. ഇങ്ങനെ പരസ്പരം ഐക്യം സൃഷ്ടിക്കാൻ സാധിക്കുന്നതാണ്.

ഉദ്ഗ്രഥനത്തിന് വളരെ മുൻപന്തിയിലാണ് ഈ ജമാഅത്ത്. എല്ലാവരോടും സ്നേഹം, ആരോടുമില്ല വെറുപ്പ് എന്ന ഇവരുടെ മോട്ടോ അതിനുള്ള പ്രകടമായ സാക്ഷ്യമാണ്. വെള്ളിയാഴ്ച പ്രഭാഷണവും ജർമൻ ഭാഷയിലും ജമാഅത്ത് നിർബന്ധമായും കേൾപ്പിക്കാറുണ്ട്. ഇവിടെ ജർമനിയിൽ 4.1 മില്യൺ മുസ്ലിമീങ്ങളാണ് താമസിക്കുന്നത്. 210 മസ്ജിദുകൾ ഇവിടെയുണ്ട്. 153 വിവിധ ജനവിഭാഗങ്ങൾ ഇവിടെ താമസിക്കുന്നു. എല്ലാവരും ശാന്തി സമാധാനത്തോടെയാണ് കഴിയുന്നത്. തുറന്ന മനസ്സോടെ ജനങ്ങൾ പരസ്പരം പെരുമാറണമെന്നത് സുപ്രധാനമാണ്. ഇതിൽ മസ്ജിദുകൾക്കും ചർച്ചുകൾക്കും സവിശേഷ പങ്കുണ്ട്. യുവാക്കളെ മതവുമായി എങ്ങനെ ബന്ധിപ്പിക്കാമെന്നതിലും പരസ്പരം സമാധാനത്തോടും സാഹോദര്യത്തോടും പെരുമാറുന്നതിലും പങ്കുണ്ട്.

ഹെമർനഗരത്തിന്റെ മേയർ മിസ്റ്റർ മൈക്കേൽ എസ്കെൻ പറയുന്നു:

അഹ്മദിയ്യാ ജമാഅത്ത് എല്ലാകാര്യങ്ങളും പരസ്യമായി ചെയ്യുന്നു എന്നതിൽ സന്തോഷമുണ്ട്. ഈ പരിപാടിയും രഹസ്യമായി അവർ ചെയ്യുന്നില്ല. എന്നല്ല, എല്ലാവരേയും സഹകരിപ്പിച്ചുകൊണ്ട് ഈ പ്രാഗ്രാം സംഘടിപ്പിക്കുന്നു. ക്ഷണിച്ചതിന് ഞാൻ ജമാഅത്തിന് നന്ദി പറയുന്നു.

ഇവിടേയും അയൽവാസികളുടെ ഭാഗത്തുനിന്ന് ആശങ്കകൾ പ്രകടിപ്പിച്ചിരുന്നു. ഇവിടെ മസ്ജിദിന് വേണ്ടിയാണ് സ്ഥലം വാങ്ങിയതെന്നവർ അറിഞ്ഞിരുന്നു. എന്നാൽ, ഇതുമായി ബന്ധപ്പെട്ട് ജമാഅത്തിന്റെ ഭാഗത്തുനിന്ന് വളരെയധികം ബോധവൽക്കരണ സദസ്സുകൾ സംഘടിപ്പിച്ചുകൊണ്ട് ജനങ്ങളുടെ സംശയങ്ങൾ ദൂരീകരിച്ചു. അവരുടെ ഭീതി പമ്പകടന്നു. ഇസ്ലാമിനെ സംബന്ധിച്ചുള്ള മോശമായ ചിത്രം നല്ലതിലേക്ക് വഴിമാറി, വെറുപ്പുകൾ സ്നേഹങ്ങളായി പരിണമിച്ചു. ജമാഅത്ത് മസ്ജിദ് നിർമിച്ചുകൊണ്ട് ജനങ്ങളുടെ ഭയം അകറ്റുന്നു. അവസാനമായി ഒരിക്കൽക്കൂടി എല്ലാവർക്കും നന്ദി പറഞ്ഞുകൊള്ളുന്നു.

**മസ്ജിദിന്റെ ശിലാസ്ഥാപനവും ഹുദൂറിന്റെ പ്രഭാഷണവും**

01.45ന് ഹുദൂർ സദസ്സിനെ സംബോധനചെയ്ത് അനുഗ്രഹഭാഷണം നടത്തി. തശഹ്ഹുദും തഅവ്വുദും തസ്മിയക്കുംശേഷം ഹുദൂർ പറഞ്ഞു:

ആദരണീയരായ എല്ലാ അതിഥികൾക്കും അസ്സലാമുഅലയ്ക്കും വ റഹ്മത്തുല്ലാഹി വ ബർക്കാത്തുഹു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇന്നിവിടെ അഹ്മദിയ്യാ ജമാഅത്തിന് മസ്ജിദിന്റെ ശിലാകർമം നടത്താൻ അവസരം ലഭിക്കുകയാണ്. അമീർ സാഹിബിന്റെ സ്വാഗതഭാഷണത്തിൽ ഈ പ്രദേശം വളരെ സുന്ദരമാണെന്ന് സൂചിപ്പിച്ചിരുന്നു. അദ്ദേഹത്തിന്റെ ഈ വാക്ക് നിശ്ചയമായും ശരിയാണ്. കാരണം ഇങ്ങോട്ടു ഞാൻ വന്നുകൊണ്ടിരിക്കുമ്പോഴും ഇപ്പോൾ ഇവിടേയും ഞാൻ കണ്ട പ്രദേശമത്രയും അങ്ങനെത്തന്നെയാണ്. ഇടയ്ക്ക് ഒരു ഹോട്ടലിൽ തങ്ങിയിരുന്നു. അതിന്റെ അഞ്ചാം നിലയിൽനിന്നു ഞാൻ നോക്കിയപ്പോൾ വളരെ സുന്ദരമായ പ്രദേശമായിരുന്നു ഇത്. പ്രദേശത്തിന്റെ സൗന്ദര്യം ഒന്നുകൂടി വർധിക്കുന്നത് അവിടെ താമസിക്കുന്ന ജനങ്ങളും സുന്ദരരാകുമ്പോഴാണ്. മനുഷ്യരുടെ സൗന്ദര്യം കേവലം രൂപങ്ങളുടെ സൗന്ദര്യത്തിൽ മാത്രമല്ല സ്ഥിതിചെയ്യുന്നത്. പ്രത്യുത സ്വഭാവത്തിന്റെ സൗന്ദര്യവും ഉണ്ടാകുമ്പോഴാണ്. ഉന്നതമായ സ്വഭാവവൈശിഷ്ട്യമുള്ള ജനതയിലാണ് പൊതുവേ ഇത് കാണപ്പെടുന്നത്. പ്രകൃതി ഇവിടെ തീർച്ചയായും സൗന്ദര്യം നല്കി. ഇതോടൊപ്പം ഇവിടുത്തെ ജനങ്ങളുടെ സൽസ്വഭാവത്തിന്റെ സൗന്ദര്യം ഈ പ്രദേശത്തെ കൂടുതൽ സുന്ദരമാക്കുകയും നിങ്ങളേയും സുന്ദരമാക്കി ത്തീർക്കുകും ചെയ്തിരിക്കുന്നു.

സൗന്ദര്യത്തിലെ വർധന പലപ്പോഴും മനുഷ്യൻ സ്വന്തം ശ്രമത്തിലൂടെയും ചെയ്തു വരുന്നുണ്ട് . കെട്ടിടങ്ങളും സ്ഥലങ്ങളുടെ സൗന്ദര്യത്തിന്റെ മാറ്റ് വർധിപ്പിക്കുന്നു. ഇവിടെയൊരു സുന്ദരമായ മസ്ജിദ് നിർമിതമാകുമെന്ന പ്രതീക്ഷയും അമീർ സാഹിബ് പ്രടിപ്പിച്ചു. സുന്ദരമായ മസ്ജിദിന്റെ കാര്യം പറയുമ്പോൾ ഒരു കാര്യംകൂടി പറയട്ടെ. കെട്ടിടത്തിന്റെ സൗന്ദര്യം ബാഹ്യമാണ്. അതിനേക്കാൾ പല മടങ്ങ് വർധിക്കുന്നതാണ് അല്ലാഹു നമുക്ക് സ്വന്തം പ്രകൃതിയുടെ കാഴ്ചകളിലൂടെ നല്കുന്നത്. അതുകൊണ്ട് മാനുഷിക പ്രയത്നത്തിലൂടെ ഒരു സുന്ദരമായ കെട്ടിടം നിർമിക്കുക എന്നതല്ല. ഏതൊരു ആരാധനാലയത്തിന്റേയും യഥാർഥ സൌന്ദര്യം എന്നു പറയുന്നത് അതിനെ ആരാധനാലയമാക്കുന്ന വ്യക്തിയുമായി ബന്ധപ്പെ

**• ഹദീഥുന്നബ്‌വി(സ) •**

'അല്പമുളളതിന് നന്ദി കാണിക്കാത്തവൻ കൂടുതലുളളതിനും നന്ദി കാണിക്കുകയില്ല. മനുഷ്യരോടു നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദികാണിക്കുന്നില്ല.'(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ)

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala

**• കലാമുൽ ഇമാം: •**

"ഭൗതികമായ സമ്പത്തും ഭരണവും അസൂയാർഹമായ സ്ഥാനമല്ല. അസൂയാർഹമായ സ്ഥാനം ദുആ ആകുന്നു."(മൽഫൂദാത്ത് വാല്യം 1, പേജ് 220)

ത്വാലിബെ ദുആ:
C.K.Muhammad Shareef &Family
Ahmadiyya Jama-ath Vaniyambalam, Kerala

ട്ടാണ് നിലകൊള്ളുന്നത്. ഇൻശാഅല്ലാഹ് ഈ മസ്ജിദ് നിർമിക്കുന്ന അഹ്മദിയ്യാ ജമാഅത്തംഗങ്ങൾ ഈ കെട്ടിടത്തിന്റെ സൗന്ദര്യത്തെ സ്വന്തം സൽസ്വഭാവത്തിന്റെ സൗന്ദര്യത്തെ ക്കൊണ്ടും അഴകാർന്നതാക്കി മാറ്റുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. അതുമുഖേന ഇവിടുത്തെ ജനങ്ങളുടെ സൽസ്വഭാവത്തിന്റെ അഴകിൽ കൂടുതൽ വർധന വരുത്തുന്നവരാകും.

മസ്ജിദുകളുടെ സൗന്ദര്യം ആരാധനയോടുള്ള കടമകൾ പൂർത്തിയാക്കുന്നതിലൂടെയാണ് ഉണ്ടാകുന്നത്. ആരാധനയോടുള്ള കടമകൾ പൂർത്തിയാക്കപ്പെടുക എന്ന ലക്ഷ്യത്തോടെയാണ് അല്ലാഹുവിന്റെ ഭവനം എന്ന നിലയിൽ മസ്ജിദുകൾ നിർമിക്കപ്പെടുന്നത്. ആരാധനയോടുള്ള കടമകൾ നിർവഹിക്കുന്നവരുണ്ടാകുമ്പോഴും സൃഷ്ടിച്ച ദൈവത്തോട് നന്ദി കാണിക്കുന്നവരുണ്ടാകുമ്പോഴും ഇതോടൊപ്പംതന്നെ മനുഷ്യത്വവും അല്ലാഹുവിന്റെ സൃഷ്ടികളോടുള്ള കടമകൾ നിർവഹിക്കുന്നവരു മുണ്ടാകുമ്പോഴുമാണ് യഥാർഥ സൗന്ദര്യം വെളിപ്പെടുന്നത്.ആരാധനയോടുള്ള കടമകൾ പൂർത്തിയാക്കുന്നതു മുഖേന മാത്രം മസ്ജിദിന്റെ ലക്ഷ്യം പൂർത്തിയാകുകയില്ല. മാനുഷിക മൂല്യങ്ങൾ ഉന്നത നിലവാരത്തിൽ നിർവഹിക്കുന്നതുവരെ അത് പൂർത്തിയാകുകയില്ല. എന്റെ മതത്തിൽ മാനുഷിക മൂല്യങ്ങൾക്ക് വളരെ പ്രാധാന്യമുണ്ട്. അവയില്ലെങ്കിൽ മതം അപൂർണമാണ്.

ഇവിടെ വരുന്ന അഹ്മദികൾ സ്വന്തം സ്രഷ്ടാവിന്റെ ആരാധനയോടുള്ള കടമകൾ പൂർത്തിയാക്കുന്നതോടൊപ്പം അവന്റെ സൃഷ്ടിളോടുള്ള കടമകളും പൂർത്തിയാക്കിക്കൊണ്ട് മസ്ജിദിന്റെ സൗന്ദര്യം കൂട്ടുന്നതിൽ എനിക്ക് സന്തോഷമുണ്ട്. ഈ സൗന്ദര്യം ഉണ്ടാകുമ്പോൾ നമ്മുടെ നാഷണൽ അമീർ സൂചിപ്പിച്ച തെറ്റുധാരണകൾ കാരണത്താൽ ചില സ്ഥലങ്ങളിലുണ്ടായ എതിർപുകൾ മസ്ജിദ് നിർമാണം പൂർത്തിയാകുന്നതോടെ സ്വയംമേവ ഇല്ലാതാകുന്നതാണ്. ഇൻശാഅല്ലാഹ് അങ്ങനെതന്നെ സംഭവിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

എല്ലാ സഹായികൾക്കും മേയറിനും കൗൺസിലറിനും നന്ദി രേഖപ്പെടുത്തുന്നു. ഇവിടെ മസ്ജിദ് നിർമിക്കുന്നതിന് ആവശ്യമായ അനുവാദം വാങ്ങിത്തരുന്നതിൽ അവർ മുഖ്യ പങ്കുവഹിച്ചു. ഇവരുടെ ഭാഗത്തുനിന്നു പ്രകടിപ്പിക്കപ്പെട്ട ഉന്നതനിലയിലുള്ള വിശാലത എന്നും നിലനിൽക്കുമാറാകട്ടെ എന്നാണ് എന്റെ പ്രാർഥന. അഹ്മദിയ്യാ ജമാഅത്തംഗങ്ങൾക്കും പ്രാദേശിക സമൂഹത്തിനുമിടയിൽ നിലനില്ക്കുന്ന പരസ്പര ബന്ധങ്ങൾ ഉദാത്തമായനില പ്രാപിക്കുമാറാകട്ടെ. അഹ്മദിയ്യാ ജമാഅത്തംഗങ്ങളും ഈ പട്ടണത്തിലെ പൗരന്മാരാണ്. ഓരോ പട്ടണത്തിന്റേയും രാജ്യത്തിന്റേയും പൗരന്മാരുടെ കടമകൾ അവർക്കുമുണ്ട്. ഞാൻ മുമ്പേ പറഞ്ഞതുപോലെ സ്വന്തം പങ്ക് അഹ്മദിയ്യാ ജമാഅത്ത് ഇൻശാ അല്ലാഹ് വഹിക്കുമെന്നതിൽത്തന്നെയാണ് എനിക്ക് സന്തോഷമുള്ളത്. അവർ തങ്ങളുടെ പങ്കു വഹിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. പരസ്പര ബന്ധങ്ങളിൽ ആർക്കെങ്കിലും ആശങ്കകളുണ്ടെങ്കിൽ നീക്കുന്നതിനുള്ള പൂർണശ്രമം ഇൻശാഅല്ലാഹ് നടത്തുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. എതിരാളികളിലാരെങ്കിലും ശേഷിക്കുന്നുണ്ടെങ്കിൽ ഇൻശാഅല്ലാഹ് അതും ഇല്ലാതാകുന്നതാണ്.

കമ്മീഷണർ സാഹിബ് വളരെ നല്ലൊരു കാര്യം സൂചിപ്പിച്ചു. ഓരോരുത്തർക്കും ഇവിടെ സ്വാതന്ത്ര്യത്തോടെ സംസാരിക്കാനുള്ള അവകാശമുണ്ട്. സ്വാതന്ത്ര്യത്തോടെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കേണ്ടതാണ്. ഈ അനുവാദം ഓരോ പൗരനുമുണ്ട്. നിശ്ചയമായും ഉണ്ടാകേണ്ടതുമാണ്. എന്നാൽ, അതിനോടൊപ്പം നമ്മൾ പറയുന്നത് സ്വന്തം അഭിപ്രായം പ്രകടിപ്പിക്കുന്നതോടൊപ്പം പരസ്പരമുള്ള വികാരങ്ങൾ അനിവാര്യമായും മാനിക്കണമെന്നാണ്. മറ്റൊരാളുടെ വികാരത്തെ കുറിച്ച് വിചാരം പുലർത്താതെ ഞാൻ എന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി മാത്രം വാദിച്ചാൽ ചിലയവസരങ്ങളിൽ വെറുപ്പുകൾ ജന്മമെടുക്കും. സ്നേഹം സൃഷ്ടിക്കുന്നതിന് സ്വാതന്ത്ര്യത്തോടൊപ്പംതന്നെ പരസ്പര വികാരങ്ങളെ കുറിച്ചുള്ള വിചാരങ്ങൾ പുലർത്തേണ്ടത് അനിവാര്യമാണ്. അഹ്മദിയ്യാ ജമാഅത്തംഗങ്ങൾ ഇൻശാഅല്ലാഹ് ഇക്കാര്യത്തിലെന്നും നിഷ്കർഷത പുലർത്തുന്നതായിരിക്കും. മുമ്പേയും പുലർത്തിയിരുന്നു. ഭാവിയിലും പുലർത്തുന്നതാണ്. സ്വാതന്ത്ര്യത്തെ പരിധിവിട്ട് ഉപയോഗിക്കില്ലെന്ന് മറ്റുള്ളവരിൽനിന്നു നാം പ്രതീക്ഷിക്കുന്നു. സ്വാതന്ത്ര്യത്തിന് ചില പരിധികൾ നിശ്ചയിക്കേണ്ടതാണ്. പരസ്പരമുള്ള വികാരങ്ങളെ കുറിച്ചുള്ള വിചാരമുണ്ടാകണം. ഒരു സമൂഹത്തിൽ ശാന്തിയുടേയും സമാധാനത്തിന്റേയും അന്തരീക്ഷം നിലനില്ക്കേണ്ടതാണ്.

ഉന്നതനായ അല്ലാഹു ഇരുഭാഗത്തേയും തുണയ്ക്കുമാറാകട്ടെ. ഏതു മതവുമായി ബന്ധപ്പെട്ടവരായാലും മുസ്‌ലിമോ ക്രിസ്ത്യാനിയോ യഹൂദിയോ തുടങ്ങി മറ്റേതു മതവുമായി ബന്ധപ്പെട്ടവരായാലും മാനുഷിക മൂല്യങ്ങളെ മുമ്പിൽവച്ചുകൊണ്ട് പരസ്പരമുള്ള വികാരങ്ങളെ കുറിച്ചുള്ള വിചാരം നിലനിറുത്തേണ്ടതാണ്.

എം. പി. സാഹിബും ശാന്തിക്ക് വളരെ പ്രാധാന്യമുണ്ടെന്നും സമാധാനത്തിന്റെ ആളുകൾ ഇവിടെ വളരെയധികം സ്വാഗതം ചെയ്യപ്പെടുന്നതായും സൂചിപ്പിച്ചു. ഇത് കേവലം ഇവിടുത്തെ മാത്രം കാര്യമല്ല. ബുദ്ധിമാന്മാരായ മനുഷ്യർ താമസിക്കുന്ന ലോകത്തെ ഓരോ സ്ഥലങ്ങളിലുള്ളവരും ശാന്തി സന്ദേശത്തെ, സ്നേഹത്തിന്റെ സന്ദേശത്തെ സ്വാഗതം ചെയ്യുന്നു. അങ്ങനെ ചെയ്യുകയും വേണം. ഇതു വിഷയകമായി ഒരിക്കൽകൂടി പട്ടണത്തിലെ പൗരന്മാർക്ക് ഞാൻ നന്ദി രേഖപ്പെടുത്തുന്നു. ക്ഷമയുടേയും സമാധാനത്തിന്റേയും പ്രകടനത്തിലൂടെ സമാധാനം പ്രചരിപ്പിച്ചു കൊണ്ടിരിക്കുന്ന ഞങ്ങൾ അഹ്മദിയ്യാ ജമാഅത്തിലെ അംഗങ്ങൾക്ക് സ്വന്തം പട്ടണത്തിൽ ആരാധന നിർവഹിക്കുന്നതിന് സ്ഥലം നല്കാൻ നിങ്ങൾ അനുവാദം നല്കി.

അടുത്ത പട്ടണത്തിലെ മേയറും സ്വന്തം വികാരങ്ങൾ പ്രകടിപ്പിച്ചു. മറ്റൊരു കാര്യവും അദ്ദേഹം പറഞ്ഞു. അഥവാ ഭാഷാന്തരം ചെയ്യപ്പെട്ട് കേട്ടതനുസരിച്ച് മതത്തിന് അത്ര പ്രാധാന്യമില്ലെന്നും ശാന്തിയുടേയും സ്നേഹത്തിന്റേയും അന്തരീക്ഷത്തിനാണ് കൂടുതൽ പ്രാധാന്യമെന്നും സൂചിപ്പിച്ചു. പരസ്പര ബന്ധങ്ങൾക്കാണ് കൂടുതൽ പ്രാധാന്യം. നിശ്ചയമായും എന്റെ അഭിപ്രായത്തിൽ മതത്തിനാണ് പ്രാധാന്യം. എന്നാൽ, അതോടൊപ്പംതന്നെ മാനുഷിക മൂല്യങ്ങളും സർവോപരി പ്രധാനമാണ്. ഇതിൽത്തന്നെയാണ് ഞാൻ ഉറച്ചു വിശ്വസിക്കുന്നതും. ഇതുതന്നെയാണ് സദാ ജമാഅത്തിന്റെ മുന്നിൽ ഞാൻ ഊന്നിപ്പറയാറുള്ളതും ഇതു തന്നെയാണ് ഇസ്‌ലാമിക അധ്യാപനവും. ഏതെങ്കിലും മതത്തിന് മാനുഷിക മൂല്യങ്ങളെ കുറിച്ച് വിചാരമില്ലെങ്കിൽ മതം മതമാണെന്ന തന്റെ കടമ നിർവഹിക്കുന്നില്ലെന്നും മറ്റുള്ളവരോടുള്ള കടമകൾ നിർവഹിക്കാൻ പഠിപ്പിക്കാത്ത അത്തരം മതം നിഷ്പ്രയോജനമാണെന്നും ഞാൻ മുമ്പേയും സൂചിപ്പിച്ചിരുന്നു. ചിലയിടങ്ങളിൽ ചിലയവസരങ്ങളിൽ മനുഷ്യരോടുള്ള കടമകൾ നിർവഹിക്കുന്നത് ദൈവികാരാധനയായി മാറുന്നു. ഇതുതന്നെയാണ് മതത്തിന്റെ അധ്യാപനം. ഇതു തന്നെയാണ് എന്റെ മതത്തിന്റേയും അധ്യാപനം. കേവലം മസ്ജിദിൽ വന്ന് നമസ്കരിക്കുക മാത്രമല്ല ആരാധന. പ്രത്യുത, മനുഷ്യരെ സേവിക്കുകയും അവരോടുള്ള കടമകൾ നിർവഹിക്കുകയും ആരാധനയാണ്. കടമകൾ നിർവഹിക്കാത്തവർ കേവലം മസ്ജിദിൽ വന്ന് നമസ്കരിച്ചാലും വിശുദ്ധ ഖുർആൻ പറയുന്നത് അത്തരം വ്യക്തികളുടെ നമസ്കാരങ്ങൾ സ്വീകാര്യമാകുകയില്ലെന്നാണ്. ഇരു ഭാഗത്തുനിന്നുമുള്ള കടമകൾ സ്രഷ്ടാവിന്റേയും സൃഷ്ടികളുടേയും കടമകൾ നിർവഹിക്കാതിരുന്നാൽ നിങ്ങളുടെ ആരാധനകൾ പ്രയോജനരഹിതമാണെന്നാണ് അല്ലാഹു പഠിപ്പിച്ചിട്ടുള്ളത്. നിങ്ങളുടെ മതാധ്യാപനങ്ങൾ നിഷ്ഫലമാണ്. ഏതെങ്കിലും മതത്തോടു ഈ സാഹചര്യത്തിൽ ചേർന്നു നിൽക്കുന്നതും നിഷ്പ്രയോജനമാണ്.

ലോകത്താകമാനം അഹ്മദിയ്യാ ജമാഅത്ത് പ്രചരിപ്പിക്കുന്നത് ഈ അധ്യാപനമാണ്. 'എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്' എന്ന മുദ്രാവാക്യം ഇതേ കാരണത്താലാണ് ഞങ്ങൾ പ്രഘോഷിക്കുന്നത്. മസ്ജിദുകൾ നിർമിക്കുന്നതും ഇതേ കാര്യത്തിനു വേണ്ടിയാണ്. നിർമാണത്തിനു ശേഷം അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിനെ കുറിച്ച് കൂടുതൽപേർക്ക് പരിചിതമാകാൻ ഇത് സഹായിക്കും. ഈ മസ്ജിദ് നിർമാണത്തിനു ശേഷവും ഈ പ്രസിദ്ധി ഇൻശാഅല്ലാഹ് കൂടുതൽ വർധിക്കുമെന്നും അതോടെ ജനങ്ങളുടെ ഹൃദയങ്ങളിൽ നിലനിലക്കുന്ന സ്വാഭാവികമായ ആശങ്കകളും നീങ്ങിപ്പോകുമെന്നും ഞാൻ പ്രതീക്ഷിക്കുന്നു.

ഞങ്ങളെ സഹായിച്ച നിങ്ങൾക്കെല്ലാവർക്കും അല്ലാഹു പ്രതിഫലം നല്കുമാറാകട്ടെ. ഈ മസ്ജിദ് നിർമിക്കപ്പെട്ടതിനുശേഷം ഇതിനോടുള്ള കടമകൾ നിർവഹിക്കാനും ഇവിടുത്തെ ജനങ്ങളോടുള്ള കടമകൾ പൂർത്തിയാക്കാനും മാനുഷിക മൂല്യങ്ങൾ എന്നെന്നും ഉയർത്തിപ്പിടിക്കാനും അല്ലാഹു അഹ്മദികളേയും അനുഗ്രഹിക്കുമാറാകട്ടെ. അപ്പോൾ മാത്രമേ അവരുടെ ആരാധനകൾ സ്വീകാര്യയോഗ്യമാകുകയുള്ളൂ. എല്ലാവർക്കും അല്ലാഹു സൗഭാഗ്യം നല്കുമാറാകട്ടെ. ജസാക്കുമുല്ലാഹ്. (അല്ലാഹു പ്രതിഫലം തരുമാറാകട്ടെ.)

## ബദ്ർ വായനക്കാരുടെ ശ്രദ്ധക്ക്

നിങ്ങളുടെ സൃഷ്ടികൾ ഞങ്ങൾക്കു അയച്ചു തരിക. പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തനസൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും.

അയക്കേണ്ട വിലാസം:

**മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,**
**'ബയ്ത്തുൽ ഇസ്റ' വണ്ണാം തടം,**
**അടുത്തില, പഴയങ്ങാടി, കണ്ണൂർ 670 303.**
**ismayeel.ha@gmail.com**

**ദുആ ഔഷധമാണ്**

താൻ ഇത്രയധികം പാപം ചെയ്തല്ലോ എന്നു ചിന്തിച്ച് പാപിയായ മനുഷ്യൻ ദുആയിൽ നിന്ന് ഒരിക്കലും പിന്തിരിയരുത്. ദുആ ഔഷധമാണ്. പാപത്തോട് വിമുഖത തോന്നിത്തുടങ്ങിയത് എങ്ങനെയെന്ന് ഒടുവിൽ അയാൾ കാണുന്നതാണ്.
(ഹദ്റത്ത് മസീഹ് മൗഊദ്(അ))

(പേജ് 6 ൽനിന്ന്)

ന്നു: ജമാഅത്തിന്റെ ഇത്രയും വിശാലമായ കാര്യങ്ങളെ കുറിച്ച് എനിക്ക് ഗ്രാഹ്യമില്ലായിരുന്നു. പ്രദർശനങ്ങൾക്കിടയിൽ ശുഹാദാഇന്റെ ഗ്യാലറി കണ്ടപ്പോൾ അദ്ദേഹം സ്തംഭിച്ചുപോയി. ഈ കാലഘട്ടത്തിലും ഇസ്‌ലാമിന്റെ പേരിൽ അതും ഒരു മുസ്‌ലിം രാജ്യത്ത് ആക്രമണങ്ങൾ നടക്കുന്നു. ഉപ്പയും മോനുമാണ് വന്നിരുന്നത്. ഞങ്ങൾക്ക് ജൽസക്കിടയിൽ വളരെ അനിവാര്യമായൊരു ബിസിനസ് മീറ്റിംഗുണ്ടായിരുന്നു. ജൽസയിൽ പങ്കെടുക്കാനുള്ള പ്രോഗ്രാമി ല്ലായിരുന്നു. പക്ഷേ, എന്തോ കാരണവശാൽ മീറ്റിംഗ് ക്യാൻസലാകുകയും ഞങ്ങൾക്ക് ജൽസയിൽ പങ്കെടുക്കാൻ സാധിക്കുകയും ചെയ്തു. ഇത് ഞങ്ങൾക്ക് വളരെ നല്ല പരിപാടിയായി അനുഭവപ്പെട്ടു. കാരണം ഇതൊരിക്കലും വിസ്മരിക്കാൻ കഴിയാത്ത അനുഭവമാണ്.

ലാറ്റ്‌വിയയിൽനിന്ന് ജൽസയിൽ പങ്കെടുത്ത ഒരു പൊതു പ്രവർത്തക എഴുതുന്നു:എനിക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കൂടുതലൊന്നും അറിയില്ലായിരുന്നു. പക്ഷേ, ജൽസയിൽ ഇസ്‌ലാം -അഹ്മദിയ്യത്തിനെ കുറിച്ച് ഒരുപാട് കാര്യങ്ങൾ അറിയാൻ കഴിഞ്ഞു. ഞാൻ തിരിച്ചുപോയി വിശുദ്ധ ഖുർആൻ പാരായണം ചെയ്യുകയും ഇസ്‌ലാമിനെ കുറിച്ച് എന്റെ അറിവ് വിപുലമാക്കാൻ ശ്രമിക്കുകയും ചെയ്യുന്നതാണ്. ജൽസസാലാനയുടെ അന്തരീക്ഷം വളരെ സമാധാനപരവും പരിശുദ്ധവുമായിരുന്നു. എല്ലാ മുഖത്തും പുഞ്ചിരിയുണ്ടായിരുന്നു. ഓരോ പ്രവർത്തകനും ഞങ്ങളെ നല്ലപോലെ പരിഗണിച്ചു. ജൽസ സാലാനയുടെ ആതിഥ്യത്തിന്റേയും സൽപെരുമാറ്റത്തിന്റേയും പ്രഭാവങ്ങൾ എന്റെ മനസ്സ് നിറക്കുകയുണ്ടായി. അത് വാക്കുകളിൽ പ്രകടിപ്പിക്കാൻ എനിക്കു കഴിയില്ല.

ലോകത്തിന്റെ വിവിധ സ്ഥലങ്ങളിൽ ടി.വി.യുടെ മുമ്പിലിരുന്ന ജൽസ ശ്രവിച്ച ചിലയാളുകളുടെ പ്രതികരണങ്ങളുമുണ്ട്.

കോംഗോ ബ്രാസവീലിലെ നമ്മുടെ മുബല്ലിഗ് എഴുതുന്നു: ഒരു ക്രിസ്ത്യനായ മിസ്റ്റർ ക്രൈസ്റ്റിനെ ജൽസയ്ക്ക് ക്ഷണിച്ചിരിക്കുന്നു. സമാപന പ്രഭാഷണം കേട്ടശേഷം അദ്ദേഹം പറഞ്ഞു: ലോകത്തുള്ള എല്ലാ ഭരണകൂടങ്ങളും ഈ അധ്യാപനമനുസരിച്ച് പ്രവർത്തിക്കുകയാണെങ്കിൽ ലോകത്തുനിന്ന് ദാരിദ്ര്യം നിർമാർജനം ചെയ്യാൻ കഴിഞ്ഞില്ലെങ്കിൽകൂടിയും ചുരുങ്ങിയത് ആരുംതന്നെ രാത്രിയിൽ പട്ടിണി കിടക്കുന്നതല്ല. ഇസ്‌ലാമിന്റെ ഖലീഫമാർ തങ്ങളുടെ പ്രജകളെ ശ്രദ്ധിച്ചിരുന്നതുപോലെ നമ്മുടെ നേതാക്കൾ തങ്ങളുടെ പ്രജകളെ ശ്രദ്ധിക്കാൻ തുടങ്ങിയാൽ നമ്മുടെ ലോകം സ്വർഗമായിത്തീരുന്നതാണ്. ഈ പ്രഭാഷണം കേട്ടപ്പോൾ എന്റെ മനസ്സിന് വളരെയേറെ ശാന്തി ലഭിക്കുകയുണ്ടായി. അദ്ദേഹം പറയുന്നു: ഞാൻ നമ്മുടെ ഖലീഫ എന്നാണ് പറയുക. നമ്മുടെ ഖലീഫ ഇസ്‌ലാമികാധ്യാപനങ്ങൾ സമർപ്പിച്ചപ്പോൾ അത് മനസ്സിന് സമാധാനം നൽകുകയുണ്ടായി. നമ്മുടെ ഖലീഫ എന്ന വാക്ക് ഞാൻ പ്രയോഗിച്ചതിനു കാരണം ഇന്നു മുതൽ ഞാനും നിങ്ങളോടപ്പമാകുന്നു എന്നാകുന്നു. ഇദ്ദേഹം എന്റേയും ഖലീഫയാകുന്നു.

ലാറ്റ്‌വിയയിൽനിന്ന് ജൽസയിൽ പങ്കെടുത്ത സാമൂഹിക പ്രവർത്തക എജയ്ജ ഉസാനെ പറയുന്നു: ഞങ്ങൾ ഇവിടെ വന്നതുമുതൽ വളരെ മനോഹരവും സമാധാനപരവുമായ അന്തരീക്ഷത്തിലാണ് കഴിച്ചുകൂട്ടുന്നത്. മുഖങ്ങളെല്ലാം നിറഞ്ഞ മന്ദസ്മിതമായിട്ടാണ് കണ്ടത്. ആശ്ചര്യാവഹമായ സമാധാന അന്തരീക്ഷമാണ്. ഇവിടെനിന്ന് തിരിച്ചുപോകുമ്പോൾ വീണ്ടും ആ പഴയ അവസ്ഥയിലേക്ക് എത്തുമോ എന്ന ആശങ്കയാണ് എനിക്കുള്ളത്. അവിടെ ടെൻഷന്റെ അന്തരീക്ഷമാണുള്ളത്. ജനങ്ങളുടെ അങ്ങോട്ടുമിങ്ങോട്ടുമുള്ള തുറിച്ചു നോട്ടങ്ങളാണുള്ളത്.

ഐസ്‌ലാൻഡിൽനിന്ന് ഫാമിലി ഫെഡറേഷൻ ഫോർ വേൾഡ് പീസിന്റെ മിഷണറി പോൾ ഹെർമൻ പറയുന്നു: ജൽസയിൽ പങ്കെടുത്ത എന്റെ അനുഭവം ആദ്യാവസാനം വളരെ ശുഭകരമായിരുന്നു. ഞാൻ കണ്ടുമുട്ടിയ എല്ലാ ജമാഅത്തംഗങ്ങളും നിർമലമായി മറ്റുള്ളവരെ പരിഗണിച്ചു കൊണ്ട് സേവനത്തിനെപ്പോഴും തയ്യാറായിരിക്കുന്നത് കണ്ടു. താമസത്തിനു നല്ല സംവിധാനമായിരുന്നു. ഇതെല്ലാം മൂന്ന് ദിവസത്തെ ഓർമകളുടെ പ്രധാന ഭാഗമാകുന്നു. ഇത്രയുംവലിയ സമ്മേളനത്തെ പരിഗണിച്ചുകൊണ്ടുള്ള സംവിധാനവും വളരെ ഉന്നതമായിരുന്നു. എന്റെ വീക്ഷണത്തിൽ പ്രവർത്തകരുടെ പരിചയസമ്പത്ത് എത്ര ഉന്നതമാണെന്നാൽ എത്ര സമ്മർദ്ദമുണ്ടാകുകയാണെങ്കിലും അവർ പരിഭ്രമിക്കുന്നതല്ല. വീണ്ടും പറയുന്നു:

ജൽസയിൽ പങ്കെടുത്തവരുടെ സഹകരണവും നല്ല സംവിധാനത്തിന്റെ ഭാഗമായിരുന്നു. നല്ല രീതിയിൽ തയ്യാറെടുപ്പു നടത്തിയത് ജമാഅത്തിലെ അംഗങ്ങളുടെ ഉന്നത സ്വഭാവത്തിന്റെ പരിച്ഛേദമാണന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു. മാത്രമല്ല അവർ തങ്ങളുടെ അധ്യാപനമനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നു. അതിഥികളുടേയും ആതിഥേയരുടേയും ഈ പ്രഭാവം അന്യരിലും സ്വാധീനമുണ്ടാക്കുന്നു. തർജമയെ സംബന്ധിച്ച് പറയുന്നു: ചില സമയത്ത് എനിക്ക് മനസ്സിലാക്കാൻ പ്രയാസമുണ്ടായിരുന്നെങ്കിൽത്തന്നെയും എനിക്ക് മനസ്സിലായ കാര്യങ്ങളിൽ എനിക്ക് ആനന്ദം അനുഭവപ്പെടുകയുണ്ടായി.

ഹോളണ്ടിലെ ഒരു വക്കീലും തന്റെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുകയുണ്ടായി.ഹെയ്റ്റിയിലെ ജുഡീഷറി പോലീസിന്റെ പ്രതിനിധി പി.ആർ. ഇമ്മാനുവേൽപറയുന്നു: ആഗോള അഹ്മദിയ്യാ ജമാഅത്തിന്റെ യു.കെ.ജൽസസാലാനയിൽ പങ്കെടുത്തുകൊണ്ട് അവിടെയുള്ള അതിഥികളിൽ ഒരാളാണെന്ന ബഹുമതിയാണ് ലഭിച്ചത്. ഈ ജൽസയിൽ പങ്കെടുത്തപ്പോൾ ഒരു ക്രിസ്ത്യൻ എന്ന നിലയ്ക്ക് ഇസ്‌ലാമിനെ കുറിച്ച് മാത്രമല്ല മറ്റു മതങ്ങളെ പറ്റിയും വളരെയെറെ കാര്യങ്ങൾ പഠിക്കാൻ അവസരം ലഭിച്ചു. വ്യത്യസ്ത ആശയങ്ങളും സംസ്കാരങ്ങളും ഭാഷകളും സാഹചര്യങ്ങളുമായി ബന്ധപ്പെട്ടവർ അവരുടെ സമ്പ്രദായങ്ങളും വ്യത്യസ്തമായിരുന്നിട്ടുകൂടി ഒരേവർണത്തിലായിത്തീരുന്ന കാഴ്ച കൗതുകകരവും ശ്ലാഘനീയവും അനുകരണീയവുമാണ്.

പറയുന്നു: ജൽസയിൽ പങ്കെടുക്കുമ്പോൾ ഞാൻ ചിന്തിച്ചത് അഹ്മദികളുടെ ഹൃദയത്തിലുള്ള കൂറിലും തങ്ങളുടെ മതവിധികളോടും കർത്തവ്യങ്ങളോടുമുള്ള ആദരവിലും അവർക്കുള്ളിൽ വല്ല കാപട്യവുമുണ്ടോ എന്നായിരുന്നു. അന്വേഷണത്വര ഉണ്ടായപ്പോൾ അഹ്മദികൾക്കിടയിലുള്ള സാഹോദര്യപരമായ അടുപ്പം മുനാഫിഖത്ത് അഥവാ കാപട്യം എന്ന പദത്തെത്തന്നെ അവരുടെ നിഘണ്ടുവിൽനിന്ന് അവസാനിപ്പിക്കുന്നുവെന്ന് എന്റെ മനസ്സ് പറയുകയുണ്ടായി. ചുരുക്കത്തിൽ ഓരോ അഹ്മദിയേയും സംബന്ധിച്ചിടത്തോളം ഈ പ്രതികരണങ്ങൾ തങ്ങളുടെ വിശ്വാസത്തെ സംരക്ഷിക്കുന്നതിന് നിമിത്തമാകേണ്ടതാണ്. അദ്ദേഹം പറയുന്നു: എനിക്ക് ഈ മൂന്ന് അവിസ്മരണീയ ദിവസങ്ങളിൽ ലഭിച്ച സ്നേഹത്തിന്റേയും സമാധാനത്തിന്റേയും പരസ്പരം മനസ്സിലാക്കുന്നതിന്റേയും വിശ്വാസത്തിന്റേയും അനുസരണത്തിന്റേയും ബന്ധുത്വത്തിന്റേയും സന്ദേശവുമായിട്ടാണ് ഞാൻ തിരിച്ച് എന്റെ നാട്ടിലേക്ക് പോകുക.

ഓസ്ട്രേലിയയിൽ നിന്നുള്ള നവഅഹ്മദി ബിലാൽ ഖദ്ഹൻ സാഹിബ് പറയുന്നു: അത്ഭുതാവഹമായ ഈ ദിവസങ്ങളുടെ അനുഭവങ്ങളെപ്പോഴും എന്നോടൊപ്പമുണ്ടായിരിക്കും. അച്ചടക്കം, സ്നേഹം, സാഹോദര്യം തുടങ്ങിയ കാര്യങ്ങൾ എനിക്കൊരിക്കലും മറക്കാൻ കഴിയില്ല. ആഗോള ബയ്അത്തിൽ ഭാഗഭാക്കായത് എനിക്ക് പുതിയൊരു അനുഭവമായിരുന്നു. അതുമുഖേന എന്റെ ആത്മീയ തയിൽ പുരോഗതിയുണ്ടായി. ഒരു സംതൃപ്തി ലഭിക്കുകയും ചെയ്തു.

മായൂട്ട് ഐലന്റിൽനിന്ന് യൂനുസ് സാഹിബ് പങ്കെടുക്കുകയുണ്ടായി. അദ്ദേഹം പറയുന്നു: ജൽസയിൽ ആദ്യമായി പ്രവേശിച്ചപ്പോൾ എനിക്കുമേൽ പ്രത്യേക ശക്തി അവതരിച്ചതുപോലുള്ള വികാരത്തള്ളിച്ചയാണ് എന്റെ മനസ്സിലുണ്ടായത്. ജൽസയുടെ ദൃശ്യം കണ്ടപ്പോൾ ഞാൻ അത്ഭുതപ്പെട്ടു പോയി. ഞാൻ ജൽസയെ പറ്റി നേരത്തെ കേട്ടിട്ടുണ്ടെങ്കിലും അതിൽ പങ്കെടുത്തപ്പോൾ തികച്ചും വ്യത്യസ്തമായ കാഴ്ചയായിരുന്നു.

ജൽസയുടെ സംവിധാനങ്ങൾ കണ്ടതിനെ തുടർന്ന് ബയ്അത്തുകളുമുണ്ടായിട്ടുണ്ട്. ഗിനി-ബിസോഎന്ന നാട്ടിൽ ജൽസയുടെ സംവിധാനം കണ്ടപ്പോൾ ഒരാൾ ബയ്അത്ത് ചെയ്യുകയുണ്ടായി.

ടാൻസാനിയയിൽ നിന്ന് അമീർ സാഹിബ് എഴുതുന്നു: അവിടേയും എം.ടി.എ മുഖേന പങ്കെടുത്ത ഒരാൾ ബയ്അത്ത് ചെയ്തിരിക്കുന്നു. ഇവിടെ മൂസാ സാഹിബിന്റെ വിവാഹം 1970-ൽ അനഹ്മദി സ്ത്രീയുമായി നടന്നിരുന്നു. ഭാര്യ അഹ്മദിയ്യത്ത് സ്വീകരിക്കുന്നതിനുവേണ്ടി അദ്ദേഹം പരിശ്രമിക്കുകയും പ്രാർഥിക്കുകയും ചെയ്തിരുന്നു. എന്നാൽ, ആ സ്ത്രീ

**• കലാമുൽ ഇമാം: •**

'ഇസ്തിഖാമത്ത് അഥവാ സ്ഥൈര്യം കൈവരിക്കാൻ സ്വലാത്ത് ഒരു ഉഗ്രമായ മാർഗമാണ്. ധാരാളമായി ചൊല്ലുക. ആചാരവും ശീലവുമെന്ന നിലയിലല്ല; പ്രത്യുത നബി(സ)തിരുമേനിയുടെ സൗന്ദര്യവും ഔദാര്യവും പരിഗണിച്ചുകൊണ്ട്. അവിടത്തെ പദവികളുടേയും നിലകളുടേയും അഭിവൃദ്ധിക്കുവേണ്ടി. അവിടത്തെ വിജയത്തിനുവേണ്ടി.'(മൽഫൂദാത്ത് വാള്യം 3, പേജ് 38)

**തൊഴിലാളികളെ ആവശ്യമുണ്ടോ?**

നിങ്ങൾക്ക് ഡ്രൈവർ, കല്ലാശാരി, ഇലക്ട്രീഷ്യൻ, അല്ലെങ്കിൽ മറ്റു തൊഴിലാളികളെ ആവശ്യമുണ്ടോ? അധ്വാനികളും വിശ്വസ്തരുമായ തൊഴിലാളികൾക്ക് ഞങ്ങളുമായി ബന്ധപ്പെടുക

KHAIRUL ISLAM, JAYGAM -WEST BENGAL - Phone: 97348 44732

**• അല്ലാഹുവിന്റെ കലാം: •**

'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സ്ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!'(മൽഫൂദാത്ത് വാള്യം 3, പേജ് 38)

ത്വാലിബെ ദുആ: T.A. SAJEER
AHMADIYYA JAMA-ATH, ALLEPPEY Ph:92497 38840

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ

The Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

MANAGER
Sheik Mujahid

Mobile: 91 9915379255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

badarmalayalam@gmail.com

POSTAL REG NO GDP-44/2023-2025 Vol-8 Thursday 7 September2023 Issue-36

**ANNUAL SUBSCRIPTION** : Rs. 600/- (Per Issue : Rs. 12.00/-) (**WEIGHT** - 20-50 gms/issue)

അംഗീകരിക്കുന്നുണ്ടായില്ല. ഈ വർഷം ഈ കുടുംബം എം.ടി.എ യിൽ ജൽസ കാണുകയായിരുന്നു. അദ്ദേഹത്തിന്റെ ഭാര്യയും അതിൽ പങ്കെടുക്കുകയും ആഗോള ബയ്അത്തിൽ ഭാഗഭാക്കാകുകയും ചെയ്തു. ബയ്അത്തിനു ശേഷം അവർ പറഞ്ഞു: ഈ ജൽസ എന്നിൽ ഒരു പ്രത്യേക സ്വാധീനമുണ്ടാക്കിയിരിക്കുന്നു. ഖലീഫത്തുൽ മസീഹിന്റെ പ്രഭാഷണങ്ങൾ എനിക്കുള്ളിൽ ഒരു അത്ഭുതാവഹമായ മാറ്റം സൃഷ്ടിച്ചിരിക്കുന്നു. ഞാൻ ആഗോള ബയ്അത്തിനു മുമ്പേതന്നെ അഹ്മദിയ്യത്തിൽ പ്രവേശിക്കുന്നതാണെന്ന് തീരുമാനിച്ചിരുന്നു. അങ്ങനെ ജൽസയുടെ അനുഗ്രഹം കൊണ്ട് അദ്ദേഹത്തിന്റെ ഭാര്യയും അഹ്മദിയ്യത്തിൽ പ്രവേശിച്ചിരിക്കുന്നു. ജൽസയുടെ പരിപാടികൾ കണ്ടതിനുശേഷം ബയ്അത്ത് ചെയ്ത ഇങ്ങനെ നിരവധി സംഭവങ്ങൾ ജൽസക്കുശേഷം ലഭിച്ചിട്ടുണ്ട്, ലഭിച്ചുകൊണ്ടിരിക്കുന്നു. ഇനി ലഭിക്കുന്നതുമാണ്.

ഞാൻ പറഞ്ഞതുപോലെ അല്ലഹുവിന്റെ അനുഗ്രഹത്താൽ നിരവധി അഭിപ്രായ പ്രകടനങ്ങൾ വന്നിട്ടുണ്ട്. അതെല്ലാം വിവരിക്കാൻ കഴിയില്ല. അല്ലാഹു അഹ്മദികളുടെ ജീവിതങ്ങളെപ്പോഴും അല്ലാ ഹുവുമായി ബന്ധിപ്പിക്കാൻ ജൽസയുടെ ഫലങ്ങളെ നിമിത്തമാക്കുമാറാകട്ടെ. വിശ്വാസത്തിലും ദൃഢജ്ഞാനത്തിലും വർധന ഉണ്ടാക്കുമാറാകട്ടെ. അവരുടേയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേയും ആഗമനലക്ഷ്യത്തെ പൂർത്തീകരിക്കുന്നവരായിത്തീരുമാറാകട്ടെ. അന്യർക്കുമേലുണ്ടായ പ്രഭാവങ്ങൾ കേവലം സമയാധിഷ്ഠിതമാകാതിരിക്കട്ടെ. മറിച്ച് അത് സ്ഥായിയായി അവരുടെ കണ്ണുകൾ തുറക്കുന്നതിന് നിമിത്തമാകുമാറാകട്ടെ. അവർ ഇസ്ലാമികാധ്യാപനങ്ങളെത്തന്നെ തങ്ങളുടേയും ലോകത്തിന്റേയും മോചനത്തിനുള്ള മാർഗമായി ഗണിക്കുമാറാകട്ടെ.

മാധ്യമങ്ങൾ മുഖേനയും ജൽസയുടെ പരിപാടികൾ കാണുകയും കേൾക്കുകയും ചെയ്തിട്ടുണ്ട്. അതുമുഖേന ഇത്തവണയും വളരെ വിപുലമായ രീതിയിൽ ജമാഅത്തിനെ പരിചയപ്പെടുത്താൻ കഴി ഞ്ഞു. ആഫ്രിക്കൻ വൻകരയിൽ 24 ചാനലുകൾ പ്രഭാഷണങ്ങൾ സംപ്രഷണം ചെയ്തു. പ്രത്യേകിച്ചും എന്റെ എല്ലാ പ്രഭാഷണങ്ങളും കേൾപ്പിക്കുകയുണ്ടായി. നിരവധി രാഷ്ട്രങ്ങൾ ഇതിൽ ഉൾപ്പെടുന്നു. 4 കോടിയിലധികമാളുകൾ ഇത് കേൾക്കുകയുണ്ടായി. മീഡിയ സെന്ററും തയ്യാറാക്കിയിരുന്നു. ഇതിൽ 23 മീഡിയ ഡയറക്ടർമാരും പത്രപ്രവർത്തകരും പങ്കെടുത്തു. ദിവസവും റിപ്പോർട്ട് തയ്യാറാക്കിയിരുന്നു. ഇങ്ങനെ മൊത്തത്തിൽ 72 ന്യൂസ് റിപ്പോർട്ടുകൾ തയ്യാറാക്കപ്പെടുകയും അത് ഏകദേശം 5 കോടി ആളുകളിലേക്കെത്തിക്കുകയും ചെയ്തു. 41 വെബ്സൈറ്റുകൾ മുഖേന വാർത്തകൾ സംപ്രേഷണം ചെയ്തിരുന്നു. ഈ വെബ്സൈറ്റുകൾ സന്ദർശിച്ചവരുടെ എണ്ണം 19 മില്യനാണ്. ജൽസയെ സംബന്ധിച്ച് പത്രങ്ങളിൽ 15 ലേഖനങ്ങൾ പ്രസിദ്ധീകരിച്ചു. ഇത് വായിക്കുന്നവരുടെ എണ്ണം 5 കോടിയാണ്. വിവിധ ടി.വി. ചാനലുകളിൽ 14 വാർത്തകൾ സംപ്രേഷണം ചെയ്തു. അത് കാണുന്നവരുടെ എണ്ണം 20 മില്യനാണ്. റേഡിയോ സ്റ്റേഷനുകളിൽനിന്ന് 37 വാർത്തകൾ പ്രക്ഷേപണം ചെയ്തു. കഴിഞ്ഞ വർഷം 33 ആയിരുന്നു. ഈ വർഷം 37 ആകുന്നു. അത് കേൾക്കുന്നവരുടെ എണ്ണം 8 കോടിയാണ്. ജനങ്ങൾ തങ്ങളുടെ അഭിപ്രായങ്ങളും പ്രകടിപ്പിക്കുകയുണ്ടായി. 20 ലക്ഷം ആളുകളിൽ സന്ദേശമെത്തുകയുണ്ടായി.

നിരവധി ടി.വി.ചാനലുകളുണ്ട്. അതിൽ ബി.ബി.സി.യും യു.കെ യിലെ മറ്റു നിരവധി വാർത്താ ചാനലുകളുമുണ്ട്. ലോകത്തിലെ വിവിധ രാജ്യങ്ങളിലുള്ള ചാനലുകളും ഉൾപ്പെടുന്നു. ഏതായിരുന്നാ ലും അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജൽസയുടെ വാർത്തകൾ എല്ലഭാഗത്തുമെത്തി. ജമാഅത്തിനേയും ഇസ്ലാമിനേയും പരിചയപ്പെടുത്താൻ നമുക്കു കഴിഞ്ഞു. അല്ലാഹു എല്ലാ നിലയ്ക്കും ഈ ജൽസയെ അനുഗൃഹീതമാക്കി.

അല്ലാഹു നമുക്ക് വിനയാന്വിതരും നന്ദി കാണിക്കുന്നവരുമായ ദാസന്മാരായിക്കൊണ്ട് എപ്പോഴും നമ്മുടെ സംസ്കാരണം നടത്താൻ തൗഫീഖ് നൽകുമാറാകട്ടെ. എപ്പോഴും നമ്മൾ ജമാഅത്തിനോട് പ്രത്യേക സുദൃഢബന്ധമുള്ളവരാകുമാറാകട്ടെ. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആഗമന ലക്ഷ്യം പൂർത്തീകരിക്കുന്നവരായി തീരുമാറാകട്ടെ.ആമീൻ (വിവർത്തനം എച്ച്.ശംസുദ്ദീൻ കാവശ്ശേരി, ഡി.ടി.പി: പി.എം.വസീം അഹ്മദ് ചേലക്കര)

**(പേജ് 1 ൽനിന്ന്)**

അവസരത്തിനൊത്തും ദീർഘമായൊരു വിഷയം പരാമർശിച്ചുകൊണ്ട് വിശുദ്ധ ഖുർആൻ തിരഞ്ഞെടുക്കുന്ന വാക്കുകൾ അതിന്റെ അതുല്യമായ ശ്രേഷ്ഠതയാണ്. ഈ ആയത്തിൽ 'സഹക്ക'എന്ന പദം വെച്ചിരിക്കുന്നു. അതിന്റെ സ്ഥാനത്ത് *ഹലക്ക, ബത്വല* തുടങ്ങിയ പദങ്ങളും വെക്കാമായിരുന്നു. എന്നാൽ, അവകൊണ്ട് അസത്യത്തിന്റെ ഘട്ടംഘട്ടമായുള്ള നാശത്തിന്റെ അറിവ് *സഹൂഖ്* എന്ന വാക്കുകൊണ്ടു പറയപ്പെട്ടിട്ടുള്ളത് ലഭിക്കുമായിരുന്നില്ല. *സുഹൂഖ്* എന്നതിന്റെ അർഥം ദുർബലമാകുകയും നശിക്കുകയും ചെയ്യുക എന്നാണ്. ഇപ്രകാരം മക്കക്കാർ ക്ഷണത്തിൽ നശിക്കുകയായിരുന്നില്ല. പ്രത്യുത ദുർബലമാകാൻ തുടങ്ങി, പിന്നീട് മെല്ലെ മെല്ലെ പൂർണമായും നശിക്കുന്ന സമയം വന്നു. അതിനാൽ *സുഹൂഖ്* എന്ന പദം നാശത്തിന്റെ വിശദീകരണവും പറഞ്ഞു.

മക്കവിജയമുണ്ടാകുകയും കഅ്ബദേവലയത്തിൽവെച്ചിരുന്ന ബിംബങ്ങളെ തകർത്തെറിയുകയും ചെയ്ത നേരത്ത് നബി(സ)തിരുമേനി ഈ ആയത്താണ് ഓതിക്കൊണ്ട് മുന്നോട്ടുപോയത്. ഓരോരോ ബിംബത്തിന്റേയുംമേൽ അടിക്കുകയും ഖുൽ ജാഅൽഹഖു വ സഹഖൽ ബാത്വിലു ഇന്നൽബാത്വില കാന സഹൂഖാ പറഞ്ഞുകൊണ്ടിരിക്കുകയും ചെയ്തു. ഇതു വിശുദ്ധ ഖുർആനിന്റെ ദിവ്യാത്ഭുതമാണ്. അത് കഅ്ബയിൽനിന്ന് ബിംബങ്ങളെ ദൂരത്താക്കുന്ന അവസരത്തിനൊത്ത് ഏതൊരു ആയത്താണോ വെച്ചിട്ടുള്ളത് അതു കവിതപോലെ പ്രാസമൊപ്പിച്ചുള്ളതാണ്. ഇത്തരത്തിലുള്ള സന്തോഷത്തിന്റെ അവസരം മനുഷ്യപ്രകൃതിയെ കവിതയിലേക്ക് താൽപര്യം ജനിപ്പിക്കുന്നു. വിശുദ്ധ ഖുർആൻ കവിതയല്ല. എന്നാൽ, അതിന്റെ ചില ആയത്തുകളുടെ കഷണം കവിതപോലെ പ്രാസമുൾക്കൊള്ളുന്നതാണ്. ഈ ആയത്തും അതിന്റെ ആരംഭത്തിൽനിന്ന് *ഖുൽ* എടുത്തുമാറ്റിയാൽ കവിതപോലെ പ്രാസമൊപ്പിച്ചുള്ളതായിത്തീരുന്നു. ജാഅൽ ഹഖു വ സഹഖൽ ബാത്വിലു പദ്യത്തിലെ ഒരു വരിയാണ്, ഇന്നൽബാത്വില കാന സഹൂഖാ രണ്ടാമത്തെ വരിയുമാണ്. *ഖുൽ* ആകുന്നു ഇതിനെ കവിതയുടെ നിർവചനത്തിൽ നിന്ന് പുറത്താക്കിയത്. പക്ഷേ, അത് ഓതേണ്ട അവസരം വന്നപ്പോൾ ഈ ആയത്ത് *ഖുൽ* കൂടാതെ ഓതേണ്ടതുണ്ടായിരുന്ന ആ നേരത്ത് അതിന്റെ ഗാംഭീര്യമുൾക്കൊള്ളുന്ന അർഥത്തിനു പുറമെ പ്രാസമൊപ്പിച്ചുള്ള വാക്യമെന്ന നിലയിലും പ്രയോജനപ്പെട്ടു. ഈ സന്തോഷത്തിന്റെ അവസരത്തിനു ചേർന്നവിധമായിരുന്നു അത്. ജാഅൽ ഹഖു വ സഹഖൽ ബാത്വിലു ഇന്നൽ ബാത്വില കാന സഹൂഖാ നബി(സ)തിരുമേനി ഈ ആയത്ത് ഓതുന്നതു കണ്ട് സ്വഹാബത്ത് എത്രമാത്രം ഒരേ ഈണത്തിലായിരിക്കും ഈ ആയത്ത് ഓതിയിട്ടുണ്ടാകുക, എങ്ങനെ അവരുടെ ഈമാൻ ഓരോ നമിഷത്തിലും ഓരോ മിനുറ്റിലും വർധിച്ചിട്ടുണ്ടാകുക എന്നത് സ്വഹാബത്തിന്റെ സന്തോഷത്തിനുമാത്രമെ കണക്കാക്കാൻ സാധിക്കുകയുള്ളു.(തഫ്സീറെ കബീർ, വാല്യം 4, പേജ് 377, പ്രസാധനം 2010

**നൂറു ഹോസ്പിറ്റൽ ഖാദിയാനിൽ എക്സറെ ടെക്നീഷ്യനെ ആവശ്യമുണ്ട്**

നിബന്ധനകൾ: (1)ഉദ്യോഗാർഥിയുടെ പ്രായം 37-ൽ കൂടാൻ പാടില്ല.(2)സർക്കാർ സ്ഥാപനത്തിൽനിന്നോ രജിസ്റ്റേർഡ് സ്ഥാപനത്തിൽനിന്നോ കോഴ്സ് ചെയ്തിട്ടുള്ള ആളായിരിക്കണം. അത്തരം കോഴ്സിന് Paramedical Council of Punjab ന്റെ അംഗീകാരമുണ്ടായിരിക്കണം.(3)ഡോക്ടറുടെ നിർദ്ദേശം വായിക്കുന്നതിന് ഇംഗ്ലീഷ് നല്ലവണ്ണം അറിഞ്ഞിരിക്കണം.(4)പരിചയമുള്ളവർക്ക് മുൻഗണനയുണ്ടായിരിക്കും.(5)ബദ്റിൽ പ്രസിദ്ധീകരിക്കുന്ന അവസാന വിളംബരത്തിനുശേഷം 2 മാസത്തിനുള്ളിൽ ലഭിക്കുന്ന അപേക്ഷകളായിരിക്കും പരിഗണിക്കുക.(6)താൽപര്യമുള്ള ഉദ്യോഗാർഥികൾ അവരുടെ അപേക്ഷകൾ അച്ചടിച്ച ഫോറത്തിൽ തങ്ങളുടെ ജില്ല അമീർ/തദ്ദേശ അമീർ/ജമാഅത്ത് സ്വദ്ർ/മുബല്ലിഗ് ഇൻചാർജ് എന്നിവരുടെ സാക്ഷ്യത്തോടെ-അതിൽ ഒപ്പും സീലുമുണ്ടാകണം-അയക്കാവുന്നതാണ്.(7)ഇൻർവ്യൂവിൽ വിജയിക്കുന്ന ഉദ്യോഗാർഥി ഖാദിയാനിലെ നൂർ ആശുപത്രിയിൽ പരിശോധനയ്ക്ക് വിധേയനാകേണ്ടതാണ്. നൂറു ഹോസ്പിറ്റലിന്റെ വൈദ്യബോർഡിന്റെ റിപ്പോർട്ടനുസരിച്ച് യോഗ്യതയുള്ളവരായിരിക്കും തിരഞ്ഞെടുക്കപ്പെടുക.(8)സെലക്ഷൻ കിട്ടിക്കഴിഞ്ഞാൽ ഉദ്യോഗാർഥി താമസസൗകര്യം സ്വയം ചെയ്യേണ്ടതാണ്.(9)വരാനും പോകാനുമുള്ള എല്ലാ ചെലവുകളും ഉദ്യോഗാർഥി സ്വയം വഹിക്കേണ്ടതാണ്.(10) അപേക്ഷാഫോറം നള്വാറത്ത് ദീവാനിൽനിന്ന് വാങ്ങാവുന്നതാണ്.(11)ഉദ്യോഗാർഥി ഇന്റർവ്യൂന് ഹാജരാകുമ്പോൾ അസൽ സർട്ടിഫിക്കറ്റുകൾ കൊണ്ടുവരേണ്ടതാണ്.

നോട്ട്:എഴുത്തു പരീക്ഷയുടേയും ഇന്റർവ്യൂവിന്റേയും തിയതികൾ പിന്നീട് അറിയിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:
Nazarath Deevan-,Sadr Anjuman Ahmadiyya Qadian Pin:143516
മൊബൈൽ: 09646351280/09682587713
ഓഫീസ്: 01872-501130

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin